This year's training started early in July. There were 360 cadets and two Officers.

A promise parade was held on 15th August. The Principal hoisted the National Flag and addressed the Cadets and students. The N. C. C. Day was celebrated on 24th November. Rev. C. I. Mathunni, who was the Chief Guest, took the salute of the march-past.

Our cadets attended the Annual training Camp at Kuruppampady from 27th December to 4th January.

The cadets have shown keen interest in the training and their performance on the whole has been commendable. The college is grateful to Major Pakiriswamy for all his valuable help and assistance in the efficient training imparted to the cadets.

**Social Service League & Planning Forum**

S. S. League : President : Mr. M. Madhavan Kutty
Secretary : ,, C. K. Govindan

**Planning Forum**

President : Sri. A. P. Mathew
Secretary : ,, T. C. Kochu Kochy

The Social Service League and the Planning Forum continued to be very active this year also. The League continued the usual aids for the poor and the needy for thatching huts, medicines and books. The League and the Forum jointly ventured successfully a number of work Camps, of which one was in the Alwaye Railway Station premises and another at the Alwaye School for the blind. They continued the GROW MORE FOOD CAMPAIGN with two crops of paddy and another of tapioca. Money was collected by various means for the Bus Bay in front of the College, nearing completion. It may be mentioned that it is the first of its kind in Kerala to be undertaken by a student organisation. Sr. D. R. Chavan, Sri. Panampilly Govinda Menon, Sri. Sukumar Azhikode and Prof. Srinivasan are some of the V. I. P's who addressed the College this year under the auspices of the League and the Forum. The Gandhi Centenary was observed in a befitting manner with the whole-hearted co-operation of the members of the forum and the league. Shri. Jose Mathew attended a leadership camp at Tutur, in connection with the Gandhi Centenary. The members were very active in providing relief to the grief-stricken people in Alwaye and around during the floods.

### The Student Christian Fellowship

President : Mr. C. C. Cheriankunju
Secretary : ,, George Joseph

The Activities of the year started early in the year, but the formal inauguration was done by Prof. K. M. Tharakan M. A. (Kothamangalam) on 8th August.

Bible study groups known as Bible Circles used to meet on Sundays. 'Meaning of the Cross' and 'Meaning of the Resurrection' were the books studied.

Seven members attended the leadership training conference at Perumbavoor and forty members attended the Provincial Conference at Adoor. Among them, two were non-Christians. Mr. Thomas Philip M. Sc., Mr. V. C. Mathew M. Sc. Mr. Cheriankunju, Mr. Prasad Punnoose, Mr. A. C. Kuruvilla, Mr. Babu John, Miss Mary Joseph and Miss Susamma Kuriakose attended the Triennial Conference of the SCMs of India, ceylon and Pakistan at Madurai. Two One day conferences were held in collaborotion with the Ernakulam SCM one at our College and one at Ernakulam. Mr. M. I. Varughis and Mr. Cherian P. Thomas attended the CSU Provincial Camp at Calicut.

The Annual Variety Entertainment was held on September 19th. The main drama പുത്രകാമേഷ്ടി was staged by the SCF dramatic club. Mr. K. Kunhikrishnan was chosen as the best Actor. Dance by East Hostel was selected as the best item.

This year, they arranged meetings, panel discussions, singing programmes, quiz programmes etc. Mr. Ninan Koshy, General Secretary, National SCM, Rev. Fr. T. A. Mathias S. J. General Secretary, Christian Board of Higher Education were some of the distinguished visitors to the SCF this year.

### Senior Dayscholarship's Association

President : Mr. P. K. Narayanan Menon
Secretary : ,, N. M. Philip

### Junior Dayscholarship's Association

President : Mr. A. K. Abdulkareem
Secretary : ,, A. T. Jony

### Pre-Degree Dayscholar's Association

President : Dr. G. Velayudhan Thampi
Secretary : V. K. Abdul Sathar

*New Courses*

From the beginning of this academic year we were given the sanction to start the Malayalam B. A. (i. e. Part III) with 50 students and we have started this course.

### Grants and Donations

| | | |
|---|---|---|
| Final teaching grant for 1968-'69 | Rs. | 86279 00 |
| Advance teaching grant 1969-'70 | ,, | 79800 00 |
| Supplementary Teaching grant for 1967-'68 | ,, | 3408 32 |



| | | |
|---|---|---|
| UGC grant for Chemistry Lab. Building | Rs. | 57000 00 |
| UGC grant for General Library | ,, | 500 00 |
| UGC grant for development of Post-graduate studies in Science subjects (Library) | ,, | 8000 00 |
| UGC Book grant | ,, | 3750 00 |
| UGC grant for Students Aid Fund | ,, | 1250 00 |
| UGC grant for Students Welfare Facilities | ,, | 2500 00 |
| T. R Anantharaman prize | ,, | 300 00 |
| Helping the Needy non-teaching staff Fund | ,, | 215 00 |
| Hostel maintenance grant for 1965-'66 | ,, | 4470 00 |
| Annual Basic grant for Planning Forum for 1968-'69 | ,, | 400 00 |
| T. C Joseph Prize Fund | ,, | 111 00 |
| Grant from Common Wealth Welfare and Educational Trust | ,, | 16000 00 |
| Golden Jubilee Fund and Old Students' Association membership fee | ,, | 43866 60 |

I thank the State Government, the University Grants Commission, the University and other benefactors for all the help they have given to the College.

### General Life of the College

This year admitedly was not one of the smooth years in the life of this College. There were various factors—socio-political and academic that contributed to this. On account of trouble that happens in a college for whatever reasons it be—ultimately it is the student who suffers—whether the student realises it or not. Of course we can compare ourselves with other colleges in the state and say we were better off than most others. But that is poor consolation and definitely a defeatist attitude. The fact is that we did suffer to some extent—not to any big extent though—on account of unrest among students and the ministerial staff.

I am grateful that by and large good sense, loyalty and co-operative responsibility prevailed among the students and the ministerial staff. There was no trouble among our teaching staff.

The University Act. (1969) which is now pending final judgement in the Supreme Court envisages quite a few changes in the administration of Private Colleges. The Union Christian College Council set up a Review Committee consisting of His Grace Yuhanon Mar Thoma, Metropolitan, His Grace Philipose Mar Theophilus, Padmasree Rev. P. T. Chandy, Vice-Chancellor of Gorakhpur University, Rev. T. A. Mathias, General Secretary of the National Board for Christian Higher Education Mr. Ninan Koshy, General Secretary of Indian S. C. M to review the Constitution of the College under the changing circumstances. They have submitted their recommendations and they are in the process of being implemented.

Finally I want to thank my Colleagues and my Student friends, our many friends and well wishers who have co-operated to make this academic year one of useful experience in study and life as a whole.

Thank you.

C. T. Benjamin
*Principal*

## THE MATHEMATICS ASSOCIATION

The Association started functioning for the academic year with the election of office bearers.

President : Mr. C. J. Thomas

Secretary : Mr. M. P. Paulose (M. Sc. Final)

Women representative : Miss Indira Kumari (Class II)

Class representatives:

(1) Mr. Babu K. Veliyathmalil (M. Sc. Final)

(2) Mr. Philipose Chacko (M. Sc. Pre)

(3) Miss Indira Devi M. S. (Class III)

(4) Miss Beeby John (Class II)

(5) Mr. Gopalakrishnan K. C. (Class I)

The inaugural meeting of the Association was conducted on 30-9-1969 with Prof K. P. Mathew presiding over the function. The inaugural address was delivered by Sri. S. Krishnan, Principal M. & K. College, Ernakulam.

We conducted post graduate and undergraduate seminars. The secretaries of these seminars were respectively Mr. C. C. Cherian Kunju (M. Sc. Final) and Mr. M. C. Joy (Class II). The following students of post gradaate classes presented papers.

(1) Mr. Babu K. Veliyathmalil— Conformal Mapping

(2) " Cheriankunju C. C.— Theory of Estimation

(3) " Rajendra Prasad— Matrices

(4) " M. P. Paulose— Introduction to Topology

(5) Miss Leelamma John— Theory of Numbers

(6) " Rahelamma P. L.— Group Theory

(7) " Beena Thomas— Light Emission

(8) " Helan Violet— Stellar System

(9) " Annam M.— Eclipses

(10) " Sarojini— Difference Equations

(11) " Marykutty—Potential Theory

(12) " Rajeswari Devi— Elliptic Functions

(13) " Leelamony L.— Attractions

The following students of undergraduate classes presented papers:— Mr. K. V. Joy, Mr. Jose Lazar, Mr. Georgekutty P. K., Mr. M. C. Joy, Miss Beeby John, Miss Sreedevi Bai, Miss Indira Devi M. S., Miss Indira Devi Warassiar, and Miss Lalithambika M. N.

We conducted a sample survey among the students of our College. The survey related mainly to (1) the present curriculam (2) Educational level of the parents (3) teacher-student relation (4) Financial status of the guardians etc. The result is published elsewhere.

The valedictory meeting of the Association was conducted on 20th February 1970. Prof. K. P. Mathew was in the Chair Mr. V. J. Joseph M. Sc. presented a paper on Boolean Algebra.

I place on record our deep sense of gratitude to our beloved Principal for his kind co-operation

(Sd/-)
*Secretary*







# മലയാള വിഭാഗം

# സന്ധ്യ

By എസ്സ്. ശാരദ, ക്ലാസ്സ് II ഇക്കണോമിക്സ്

തെപിടി മേഘക്കീറുകൾ വാനി-
ലലഞ്ഞു നടന്നു. നീലിമ, താവിട്ടു-
മഴകിൻ കൊച്ചു തുറ്റ്യകളായി
ട്ടൊട്ടുവിലൊരേടത്തൊന്നായ്ച്ചേർന്നു.
താകലെ വെളിച്ചം മങ്ങി, മഞ്ഞി-
യനവധികൊക്കകളവയുടെ ചിറകിൽ
ത്തുന്നിച്ചേർത്തൊരരുണിമ നല്ലിയ
വള്ളിപ്പൊലിമ ഉലമ്പുകയായി.
അന്തിവിളക്ക തെളിഞ്ഞു, തികഞ്ഞു,
സന്ധ്യക്കിപ്പോൾ യൗവന, മകല-
ത്തമ്പിളിനിന്നു ചിരിച്ചു, കുട്ടി-
ന്നന്തികമെത്തുകയായി താരകൾ.
അലകളലുക്കുകൾ ചാർത്തും പുഴയുടെ
യറിവെള്ളാത്ത തലങ്ങളിലവളുടെ
നിഴലുകൾ നീളുകയായി പിന്നെ
മായുകയായി മറയുകയായി.
അവളോരപ്സര കന്യക, കവിയുടെ
കരളിന്നിന്ന മരീചിക, സ്റ്റി
പ്രതിഭാപകനു കൊട്ടക്കാൻ കലയുടെ
മണിവീണയുമായെത്തും ദേവത.
ഓടിയൊളിക്കുകയായി, യിതളിൻ
മൂടൽമഞ്ഞു പരന്നു നീരാരാ
ബോധമുണരുകയായിയിടയിൽ
പൊന്നുകയായി സ്വപ്നശതങ്ങൾ,

# "പരിവർത്തനം"

G. Indiradevi; Class I. Psychology

അറിഞ്ഞപ്പോൾ സന്തോഷത്തേക്കാളേറെ അത്ഭുതമാണ് തോന്നിയത്. ഇതുവരെ കാണാതിരുന്നത് അത്ഭുതകരമായിരിക്കുന്നു! വിശ്വാസം വരാതെ വീണ്ടും ചോദിച്ചു. "അമ്മായിക്കു തീർച്ചപറയാമോ ഞങ്ങളുടെ വനിതാകോളജിൽതന്നെയാണ് ശ്രീദേവിയും ചേർന്നതെന്ന്?" "ഉവ്വ്. ഇംഗ്ലീഷ് ലിറ്ററേച്ചർ ആണ് മെയിൻ എടുത്തിരിക്കുന്നത്." അമ്മായി തീർത്തു പറഞ്ഞു

സയൻസ് സ്റ്റുഡൻറ് ആയ തനിക്ക് ആർട്സ് സ്റ്റുഡൻറ്സിനെ കാണുവാൻ അധികം സന്ദർഭങ്ങളും സൗകര്യങ്ങളും ഉണ്ടാകാറില്ലെന്നതു വാസ്തവമാണ്. 'എന്തായാലും അടുത്ത ദിവസം കോളജിൽ ചെന്നാൽ ആദ്യംതന്നെ 'ശ്രീദേവി'യെ കണ്ടുപിടിച്ചിട്ടേ മറ്റൊരു കാര്യമുള്ളു' എന്നു തീരുമാനിച്ചു.

രാവിലെ നേരത്തെതന്നെ കോളേജിൽ എത്തി. ഇംഗ്ലീഷ് ലിറ്ററേച്ചർ ക്ലാസ്സിൽപ്പോയി 'ശ്രീദേവി'യെ അന്വേഷിച്ചു. കൻറീനിൽ പോയിരിക്കുകയാണെന്ന് അറിവുകിട്ടി. വന്നാൽ ഉടനെ ശ്രീദേവിയേയും വിളിച്ചുകൊണ്ട് തൻെറ ക്ലാസ്സിലേക്ക് വരണമെന്ന് ഒരു കുട്ടിയോട്ട് പറഞ്ഞിട്ടുപോന്നു. അധികം താമസിയാതെ ആ കുട്ടി മറ്റൊരു കുട്ടിയുമായി വന്നു. പക്ഷേ കണ്ടിട്ടും, അത് ശ്രീദേവിയാണെന്നു വിശ്വസിക്കാൻ വിഷമം തോന്നി. 'ഇറങ്ങിയ കഴുത്തുള്ള ബ്ളൗസും, ലോവെയ്സ്റ്റ് സാരിയും' അണിഞ്ഞിരുന്ന ആ തരുണി, 'ശാലീനസൗന്ദര്യത്തിൻെറ തേജഃപുഞ്ജമായിരുന്ന ശ്രീദേവിയാണെന്ന് എങ്ങിനെ വിശ്വസിക്കും? തൻെറ ജാള്യം മറച്ചുപിടിച്ചുകൊണ്ട് ചോദിച്ചു: "ശ്രീദേവിക്ക് പ്രീതിയെന്ന ഒരു കുട്ടിയെ ഓർമ്മയുണ്ടോ?" ശ്രീദേവിയും വിശ്വാസമാകാത്തപോലെ തന്നെ സൂക്ഷിച്ചു നോക്കി "ഏത്? പ്രീതിയോ" "അതേ. പ്രിഡിഗ്രിക്ക് എവിടെയാണ് 'ശ്രീ' പഠിച്ചത്?" "ടിവാൻഡ്രത്ത്. ചിറ്റമ്മയുടെ വീട്ടിൽ താമസിച്ചാണ് പഠിച്ചത്." ;"ഇപ്പോൾ?" "ഇവിടെ ഹോസ്റ്റലിൽ ആണ്""

ഇടന്ന് സംസാരിക്കാൻ കഴിവു കിട്ടാതെ-വേഗം തിരിച്ചുപോന്നു. ശ്രീദേവിയുമായി പരിചയപ്പെട്ടതു അപ്പോൾ ഓർമ്മിച്ചു. മധ്യവേനൽ അവധിക്ക് സ്കൂൾ പൂട്ടിയിരിക്കുമ്പോഴാണ്. ഒരിക്കൽ അമ്മാവൻ വീട്ടിൽ വന്നിട്ട് പോകാനായി ഇറങ്ങിയപ്പോൾ ഡാഡിയോട്ട് പറഞ്ഞു. "ഈ വെക്കേഷന് പ്രീതിയും അങ്ങോട്ട് പോരട്ടെ? ഒരാഴ്ച കഴിഞ്ഞു തിരിച്ചു കൊണ്ടുവിടാം. അവിടെ, പിള്ളേരാരും ഇല്ലല്ലോ."

ഡാഡി തന്നെ വിളിച്ചു ചോദിച്ചു. "മാമനോടൊപ്പം പോകണോ?" "വേണം." "അ. എങ്കിൽ വേഗം തയ്യാറാകു." മാമനോടൊപ്പം ഇറങ്ങുമ്പോൾ ഡാഡി വിളിച്ചുപറഞ്ഞു. "ഡ്രൈവറോട്ട് കാറിൽകൊണ്ടുവിടാൻ പറയട്ടെ" പതിവുപോലെ അപ്പോഴും മറുപടിയുണ്ടായി. "ഓ വേണ്ട, ഞങ്ങൾ ബസ്സിൽ പൊയ്ക്കൊള്ളാം."

നാട്ടിൻപുറത്ത് ബസ്സു നിറുത്തി ഇറങ്ങി. റോഡിൻെറ ഇരുവശവും നീണ്ട നെൽപ്പാടങ്ങൾ ആണ്. റോഡിൽനിന്നും വരമ്പിലേക്കിറങ്ങി, ഒറ്റയടിപ്പാതയിലൂടെ നടന്നു. ആ വഴി ഒരു ഇടവഴിയിലെത്തിച്ചേരുന്നു. പല ശാഖകളായി പിരിഞ്ഞുപോകുന്ന ഇടവഴിയിൽ, ഇടത്തോട്ടുള്ള വഴിയേ നടന്ന് ആദ്യം കണ്ട പടിപ്പുരയിലേക്ക് കയറി. പഴയ രീതിയിലുള്ള ഒരു വലിയ പുരയാണ് അത്. മുൻവശത്ത് തുളസിത്തറ!



പായൽ പിടിച്ചു കിടക്കുന്ന മതിലിനോടു ചേർന്ന് പല ചെടികളും ഇടകലർന്നു നില്ക്കുന്നു! ചാണകം മെഴുകിയ മുറ്റവും പാച്ചുകെട്ടിയ പാതവും കടന്ന് പൂമുഖത്തു പ്രവേശിച്ചു. "ദേവൂട്ട്യേ..." അമ്മാവൻ നീട്ടിവിളിച്ചു. അകത്തുനിന്നും അമ്മായിയും പുറകെ മറ്റൊരു കുട്ടിയും കടന്നുവന്നു.

സന്തോഷത്തോടെ അമ്മായി തന്നെ കെട്ടിപ്പുണർന്നപ്പോൾ, തൻെറ ശ്രദ്ധ പിറകിൽ നില്ക്കുന്ന കുട്ടിയിലാണു പതിഞ്ഞത്. "ഇതാരാണ് അമ്മായി?" അമ്മായിക്ക് പിള്ളേരില്ലെന്ന് അറിയാവുന്നതിനാൽ ധൈര്യമായി ചോദിച്ചു. "കിഴക്കേതിലെ 'കേശവൻ നായരു'ടെ മൂന്നാമത്തെ മകളാണ്. പേര് ശ്രീദേവി. ശ്രീ മിക്കവാറും ഇവിടെ വരും. എനിക്കൊന്നു മിണ്ടാനോ പറയാനോ വേറെയാരുമില്ലല്ലോ." ഒടുവിലത്തെ വാചകം പറഞ്ഞപ്പോൾ അമ്മായി തോളിൽ നിന്നും തോർത്തുമുണ്ടെടുത്തു കണ്ണു തുടച്ചു.

"ശ്രീദേവി ഏതു ക്ലാസ്സിൽ ആണു പഠിക്കുന്നത്?" പുതിയ ഒരു കൂട്ടുകാരിയെ കിട്ടിയ സന്തോഷത്തോടെ ഞാൻ ചോദിച്ചു. "പത്താംക്ലാസ്സിൽ" "ഓഹോ, അപ്പോൾ നമ്മൾ ഒരുക്ലാസ്സിലാണ്" ഞാൻ പറഞ്ഞു. "ഇനി വല്ലതും കഴിച്ചിട്ടാകാം മക്കളേ വിശേഷം പറച്ചിലെല്ലാം." അമ്മായി ഊണുകഴിക്കുവാൻ വിളിച്ചു. "ഞാൻ വൈകുന്നേരം വരാം ചേച്ചി." ശ്രീദേവി പോകാൻ തിടുക്കംകൂട്ടി. "അതു പറ്റില്ല. ഇന്നു നിങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്നുണ്ണണം." അമ്മായി നിർബന്ധിച്ചപ്പോൾ ശ്രീദേവിയും സമ്മതിച്ചു. ശ്രീദേവി എൻെറ വേഷം അത്ഭുതത്തോടെ നോക്കുന്നതു കണ്ടു. ഇളംപച്ചസാരി ധരിച്ച അവൾ അകൃത്രിമ സൗന്ദര്യത്തിൻെറ മൂർത്തീകരണംപോലെ എനിക്കു തോന്നി. നെറ്റിയിലെ പകുതി മാഞ്ഞ ചന്ദനക്കുറിപോലും വിളിച്ചോതുന്നത് നിഷ്കളങ്കതയുടെ കഥയാണ്. ആ ശാലീന സുന്ദരിയുടെ മോഹനരൂപം അങ്ങനെതന്നെ ഹൃദയത്തിൽപ്പതിയാൻ പിന്നീട് അധികം താമസം വേണ്ടിവന്നില്ല.

"എന്താ പിള്ളേരേ ഉണ്ണാതെ മിഴിച്ചു നോക്കി ഇരിക്കുന്നത്?" അമ്മായിയുടെ ശബ്ദംതന്നെ ചിന്തയുടെ ലോകത്തിൽനിന്നും മടക്കിവിളിച്ചു.

ഒരു വിധത്തിൽ ഊണുകഴിച്ച് എഴുന്നേററു. ശ്രീദേവി പോകുവാനായി ഒരുങ്ങി. പോകുന്നതിനു മുൻപ് ചോദിച്ചു "നാളെ രാവിലെ അമ്പലത്തിൽ വരുന്നുണ്ടോ?" ഭക്തികൊണ്ടല്ലെങ്കിലും അമ്പലം കാണുവാൻ ഇഷ്ടമായിരുന്നതിനാൽ രാവിലെ ശ്രീദേവിയോടൊപ്പം ചെല്ലാമെന്നേററു.

പതിവിനു വിപരീതമായി രാവിലെ 6 മണിക്ക് എഴുന്നേററു കുളിച്ചപ്പോൾ ശ്രീദേവിക്കുവേണ്ടി ഒരു ത്യാഗമനുഷ്ഠിക്കുന്ന ഭാവമായിരുന്നു മനസ്സിൽ. കുളി കഴിഞ്ഞു വേഷംമാറിക്കൊണ്ടിരിക്കുമ്പോഴേക്കും ശ്രീദേവിയും എത്തിച്ചേർന്നു. ശ്രീദേവി ഈറൻ മുടി പിൻപോട്ടിട്ട് തുമ്പു കെട്ടിയിരിക്കുന്നു! മുട്ടോളമെത്തുന്ന മുടി കണ്ടപ്പോൾ, ജീവിതത്തിൽ ആദ്യമായി തനിക്കും നീട്ടമുള്ള മുടി ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി. കയ്യിലൊരു ഇലക്കുമ്പിളിൽ പൂക്കളുമായി മുമ്പിൽവന്നു നില്ക്കുന്നതു സാക്ഷാൽ 'പ്രഭാതദേവത'യാണെന്നു തോന്നി. അടുത്ത പ്രാവശ്യം 'ഷോപ്പി'ങ്ങിനു പോകുമ്പോൾ ഒരു കസവുകരയുള്ള മുണ്ടും നേരിയതും തനിക്കും വാങ്ങിത്തരുവാൻ മമ്മിയോടു പറയണമെന്നും അപ്പോൾ ഓർത്തുവെച്ചു.

'ക്ലെൻസിങ്ങ് മിൽക്ക്' പുരട്ടി വൃത്തിയാക്കിയ മുഖത്ത് ലാക്റ്റോ കാലമൈൻ പുരട്ടി ടാൽകംപൗഡറിനുമീതെ ഫെയ്സ് പൗഡർ ഇടുമ്പോഴും റൂഷ് പുരട്ടുമ്പോഴും ഇതൊന്നും ചെയ്യാതെതന്നെ ഇത്ര മുഖശോഭയോടെ ഇരിക്കുന്ന ശ്രീദേവിയോട് അസൂയതോന്നി. ഐഷാഡോയിൽ 'മസ്കാര' പുരട്ടുമ്പോഴും, ഐബ്രോ പെൻസിൽ ഉപയോഗിച്ച് പുരികം കറുപ്പിക്കുമ്പോഴും, കരിനീലമിഴികളുടെ ഉടമസ്ഥയായ ശ്രീദേവിയുടെ ഛായ കണ്ണാടിയിൽ പ്രതിബിംബിക്കുന്നത് അറിയാതെ ശ്രദ്ധിച്ചുപോയി. ഹെയറോയിൽ പുരട്ടി കോതിയൊതുക്കിയ മുടി ഹെയർസ്പ്രേ ഉപയോഗിച്ച് സെററു ചെയ്യുമ്പോൾ ഇനി ഒരിക്കലും തൻെറ മുടി കണ്ടിച്ചുകളകയില്ലെന്നു മനസ്സിൽ ശപഥം ചെയ്തു. റോസ് നിറമുള്ള 'ചുരിദാറും കമ്മീ'യും, ദുപ്പട്ടയും ധരിച്ചശേഷം റോസ് നിറ

ത്തിലുള്ള ലിപ്സ്റ്റിക്ക് പുരട്ടി; അതേ കളറുള്ള നെയിൽ പോളിഷ് ഇട്ടു. റോസ് സ്ലിപ്പേഴ്സ് അണിഞ്ഞു; അതേ കളറുള്ള ഇയർ റിങ്സും, നെക്‌ലേസും, ബാങ്കിൾസും എടുത്തിട്ടു. റോസ് കളറുള്ള 'കോണ്ടാക്റ്റ്ലെൻസ്' എടുത്തു് കണ്ണിൽ വച്ചു. ഇറങ്ങുന്നതിനു മുൻപ് റോസ് കർച്ചീഫിൽ, 'ഫോറിൻപെർഫ്യൂം' പുരട്ടിയെടുത്തു. ശുഭ്രവസ്ത്രധാരിയായി നിരാഭരണയായി ഉഷസ്സിന്റെ മനോഹാരിതയോടെ നില്ക്കുന്ന ശ്രീദേവിയുടെ മുൻപിലെത്തിയപ്പോൾ തന്റെ കഥകളിവേഷത്തോടു പുച്ഛം തോന്നി. സ്ലീവ്-ലസ്-ബ്ലൗസും, മിനി-സ്കർട്ടും ഒന്നും ഇനി ഒരിക്കലും ഉപയോഗിക്കയില്ലെന്നു തീരുമാനിച്ചു.

അമ്പലത്തിലെത്തിയപ്പോൾ നട തുറന്നു കഴിഞ്ഞിരുന്നു. ശ്രീകോവിലിനു ചുറ്റും പ്രദക്ഷിണം വച്ചശേഷം നടയ്ക്കൽ വന്നുനിന്നു. ശാന്തിക്കാരന്റെ ശംഖുവിളിയാണ്, അമ്പലത്തിലെ കൊത്തുവേലകളിൽനിന്നും തന്റെ ശ്രദ്ധയെ തിരിച്ചുവിളിച്ചതു്. കളഭച്ചാർത്തണിഞ്ഞ കാർമുകിൽവർണ്ണനെ 'പീതാംബരപ്പട്ട്' അണിയിച്ചിരിക്കുന്നു! അർദ്ധനിമീലിത നയനങ്ങളോടെ, മുകുളിതപാണികളോടെ, നമ്രശിരസ്കയായി തന്റെ ഇടവശത്തു് ഭക്തിയിൽ ലയിച്ചുനിന്ന ശ്രീദേവിയെ കണ്ടപ്പോൾ ഉള്ളിൽ ചിരിപൊട്ടി. തനിക്ക സ്വായത്തമാക്കാൻ കഴിയാതിരുന്ന ഏകാഗ്രത അവൾ കരസ്ഥമാക്കിയതിൽ അസൂയപ്പെട്ടു ശ്രീദേവിയെ കുലുക്കി വിളിച്ചുകൊണ്ടു ചോദിച്ചു "ശ്രീദേവി ശ്രീകൃഷ്ണനിൽ ലയിച്ചിരിക്കുന്നോ, ശ്രീകൃഷ്ണൻ ശ്രീദേവിയിൽ ലയിച്ചിരിക്കുന്നോ ?" "ശ്രീദേവി ശ്രീകൃഷ്ണനിൽ ലയിച്ചിരിക്കുന്നു." മണിനാദംപോലെ പൊട്ടിച്ചിരിച്ചുകൊണ്ടു് അവൾ മറുപടി പറഞ്ഞു. എമ്പ്രാന്തിരിയിൽനിന്നും പൂവും ചന്ദനവും തീർത്ഥവും വാങ്ങി തിരിച്ചുപോന്നു.

വീട്ടിന്റെ പടിക്കലെത്തിയപ്പോൾ ശ്രീദേവിയോടു പറഞ്ഞു "കയറിയിട്ടു പോകൂ ശ്രീ." "ഇപ്പോൾ വരുന്നില്ല. വൈകുന്നേരം വരാം." അവൾ നടന്നു നീങ്ങുന്നതു് ഒരു നിമിഷം നോക്കിനിന്നിട്ട് തിരിച്ചുപോന്നു. കാപ്പികുടിച്ചുകൊണ്ടിരുന്നപ്പോഴാണു പടിക്കൽ കാറിന്റെ ഹോൺ കേട്ടതു്. തന്നെ കൊണ്ടുപോകാൻ അച്ഛൻ വരുന്നതാണെന്നു മനസ്സിലായി. "വേഗം റെഡിയായി അച്ഛനോടൊപ്പം തിരിച്ചുപോന്നു; പോരുന്നതിനു മുൻപ് ശ്രീദേവിയെ കാണുവാൻ കഴിഞ്ഞില്ല.

.. ...അന്നു് അങ്ങനെ ശ്രീദേവിയെ കണ്ടതിനുശേഷം നീണ്ട രണ്ടു വർഷങ്ങൾ കടന്നുപോയി. അതിൽപിന്നെ, ഇപ്പോൾ ഇങ്ങനെയാണു കാണുന്നതു്. അമ്മായി പറഞ്ഞില്ലായിരുന്നുവെങ്കിൽ ഇതു് ശ്രീദേവിയാണെന്നുതന്നെ വിശ്വസിക്കില്ലായിരുന്നു. അന്നത്തെ ബോബ്ചെയ്ത മുടിക്കാരിയുടെ സ്ഥാനത്തു് ഇന്നു പിന്നിയിട്ട മുടിയും ഇറക്കമുള്ള ബ്ലൗസും ധരിച്ചു തന്നെ കണ്ടാൽ, ഒരുപക്ഷെ ശ്രീദേവിയും തന്നെ തിരിച്ചറിഞ്ഞില്ലെന്നു വരും!

"ണിം!" "ണിം!" മണിയടി കേട്ടപ്പോഴാണു ചിന്തയുടെ ലോകത്തുനിന്നും ഉണർന്നതു്. "തേർഡ്ബെൽ" അടിക്കുകയാണ്. താൻ മാത്രം വരാന്തയുടെ ചുമരിൽ ചാരിനില്ക്കുന്നു. ഹൃദയത്തിലൊരു ആരാധനാവിഗ്രഹം ഉടഞ്ഞുതകർന്നു കിടന്നതിന്റെ നീറൽ അനുഭവപ്പെട്ടു. അന്ധമായ അനുഭവത്തിനടിയിൽപ്പെട്ടു ചതഞ്ഞരഞ്ഞു മുറവിളികൂട്ടുന്ന വ്യക്തിത്വത്തിനോട് മനസ്സു മന്ത്രിച്ചു "ദേവീ-ഒരിക്കലും... ഈ പരിവർത്തനം വേണ്ടിയിരുന്നില്ല."

---



# സ്നേഹം— മഹാന്മാരിലൂടെ

സമ്പാദക— ലക്ഷ്മിഅമ്മാൾ പി., Class I Psychology

സ്നേഹിക്കുക എന്നതു് നമ്മുടെ സന്തോഷം മറ്റൊരാൾക്ക് പകർന്നുകൊടുക്കലാണ്.
—ലിബ്നിറ്റ്സ്.

വർഷങ്ങളിലെ അദ്ധ്വാനംകൊണ്ടു നേടാൻ കഴിയാത്തതു് ഒരു നിമിഷംകൊണ്ടു സ്നേഹം നേടിത്തരുന്നു.
—ഗോയ്ഥെ.

ജീവിതമാകുന്ന പുഷ്പത്തിലെ മധുവാണ് സ്നേഹം.
—വിക്ടർ ഹ്യൂഗോ.

ദിവസങ്ങൾ ചുരുങ്ങുന്നു. രാത്രികൾ നീളുന്നു. വഴികളിലെ കല്ലുകൾക്ക് കാഠിന്യം കൂടുന്നു. ജീവിതം സന്തോഷരഹിതമായിത്തീരുന്നു. ജീവിക്കുന്നവരോടുള്ള സ്നേഹത്തിനു ശക്തി കൂടിക്കൂടിവരുന്നു.
—എല്ലാവിൽയോക്സ്

സ്നേഹിക്കുക, നിങ്ങളും സ്നേഹിക്കപ്പെടും.
—എമേഴ്സൺ

നമ്മുടെ ആദ്യത്തെ സ്നേഹവും അവസാനത്തെ സ്നേഹവും സ്വന്തമായ സ്നേഹമാണ്.
—ബോവ്.

മനുഷ്യനെ ശുദ്ധമായും ഊഷ്മളതയോടെയും സ്നേഹിക്കുക. അപ്പോൾ എല്ലാവരും നിങ്ങളെ ഇഷ്ടപ്പെടും.
—റിക്ടർ.

സ്നേഹത്തിന്റെ വില കൊടുത്തുതന്നെ വേണം സ്നേഹത്തിന്റെ കടംവീട്ടാൻ.
—ടാഗോർ.

ഈ ലോകത്തു് സ്നേഹിക്കപ്പെടുക എന്നതിനേക്കാൾ ഉൽകൃഷ്ടമായി വല്ലതുമുണ്ടെങ്കിൽ അതു സ്നേഹിക്കുക എന്നതാണ്.
—ഹ്യൂഗോ.

സ്നേഹവും ചുമയും മറച്ചുവെക്കാൻ സാദ്ധ്യമല്ല.
—ഹെർബർട്ട്.

സ്നേഹിക്കുമ്പോഴും സ്നേഹിക്കപ്പെടുമ്പോഴും എത്ര കടുത്ത ദാരിദ്ര്യവും യാതനകളും അത്ഭുതകരമാംവണ്ണം ലഘുവായിത്തോന്നും.
—ബുൾവർ.

സ്നേഹത്തിന്റെ നിലാവെളിച്ചത്തെ കളങ്കപ്പെടുത്തുന്ന തെറ്റിദ്ധാരണകളാകുന്ന കാർമേഘങ്ങളെ നീക്കുവാൻ കാലമാകുന്ന കാറ്റിനേ കഴിയൂ.
—ദാദാ.

മനുഷ്യഹൃദയത്തിന്റെ എല്ലാ വാതിലുകളും തുറക്കുന്ന പ്രധാന താക്കോലാണ് സ്നേഹം.
—ജെ. എച്ച്. ഇവാൻസ്

ഒരു സ്നേഹബന്ധം ഒരിക്കലും നെടുനാൾ നിലനില്ക്കയില്ല.
—കാറൽസ്

സ്നേഹം, സത്യം, സൌന്ദര്യം ഇവ മൂന്നും ഒന്നാണ്.
—ബ്രിഡ്ജ്.

ഒരാളും നിങ്ങളെ സ്നേഹിക്കുന്നില്ലെങ്കിൽ ഉടനെ തീർച്ചപ്പെടുത്തുക അതു നിങ്ങളുടെ തന്നെ കുറ്റമാണ്.
—ഡോഡ്രിഡ്ജ്.

സഹോദരസ്നേഹം മുഖേനയാണ് നാം ഈശ്വരനോടു് ഏറ്റവും കൂടുതൽ അടുക്കുക.
—ഡിസരോ:

ചന്ദ്രനെപ്പോലെയാണ് സ്നേഹം. വലുതാകാൻ കഴിയാതെപ്പോൾ അതു ചെറുതാകുന്നു.
—ഡെഗുർ.

കണ്ണിന് കാണാൻ കഴിയാത്തതു് സ്നേഹത്തിനു് കാണാൻ കഴിയും. കാതിനു കേൾക്കാൻ കഴിയാത്തതു് സ്നേഹത്തിനു കേൾക്കാൻ കഴിയും.

—ലാവേററർ.

ആത്മ സ്നേഹമാണു് ഏററവും വലിയ സ്തുതി പാഠകൻ.

—ലാറോഷ്.

താൻ അനുഭവിക്കാത്ത സ്നേഹത്തെക്കുറിച്ചു മാത്രമെ ഒരാൾക്കു നന്നായി വിവരിക്കാൻ കഴിയുകയുള്ളു.

—ജെ. എ. ഖർ.

തന്നെപ്പോലെ തൻെറ അയൽക്കാരനെയും സ്നേഹിക്കുക.

—യേശുക്രിസ്തു.

സ്നേഹം ഒരു സൂക്ഷ്മദർശിനിയിലൂടെ നോക്കുന്നു. ഒരു സൂക്ഷ്മദർശിനിയിലൂടെ അസൂയപ്പെടുകയും ചെയ്യുന്നു.

—ഹെൻറിവിലർഷാ.

കററപ്പെടുത്തുക വഴിക്കല്ല, സ്നേഹിക്കുക വഴിക്കാണു് ആളുകളെ സ്വാധീനിക്കാൻ കഴിയുക.

—ചാനിങ്ങ്.

സ്നേഹം ജീവിതത്തോടും സൗന്ദര്യം നന്മയോടും ബന്ധപ്പെട്ടുകിടക്കുന്നു.

—ഇഖ്ബാൽ.

സ്നേഹത്തെപ്പോലെ പരിപാവനമായ മറെറാന്നില്ല.

—പാസ്കൽ.

യഥാർത്ഥമായി സ്നേഹിക്കുന്ന ഒരാളുടെ ഹൃദയം ഭൂമിയിലെ സ്വർഗ്ഗമാണു്. ദൈവം അവനിലാണു്. കാരണം ദൈവം സ്നേഹമാണു്.

—ലാമെനയിസ്സ്.

യഥാർത്ഥമായ എല്ലാ സ്നേഹവും ബഹുമാനത്തിന്മേൽ അധിഷ്ഠിതമത്രെ.

—ബക്കിങ്ങ്ഹോം.

ജീവിതത്തിലെ ഏററവും വലിയ സന്തോഷം ഇതാണു്. നാം സ്നേഹിക്കപ്പെട്ടു എന്ന സംതൃപ്തി; നമ്മെ മറന്നുകൊണ്ടു സ്നേഹിച്ചു എന്ന സംതൃപ്തി.

—വിക്ടർ ഹ്യൂഗോ.

ഉജ്ജ്വലിക്കുന്ന ആത്മാവിൻെറ സത്തയിൽനിന്നും പ്രസരിക്കുന്ന ഒരു മാന്ത്രിക രശ്മിയാണു് സ്നേഹം.

—ഖലീൽ ജിബ്രാൻ.

സ്നേഹംകൊണ്ടു കീഴടക്കാൻ കഴിയാത്തതായി മറെറാന്നുമില്ല.

—ഷെല്ലി.

സ്നേഹിക്കയുണ്ണി നീ നിന്നെ—
ദ്രോഹിക്കുന്ന ജനത്തേയും.

—മഹാത്മാഗാന്ധി.





# മുഖങ്ങൾ

കെ. കണ്ണിക്കുന്നൻ

## "മോചനം"

തോരിപിടിച്ചു വികൃതമായ തൊലിയുള്ളിലൂടെ ആയിരം പാററകൾ ഇഴഞ്ഞുതുടങ്ങിയപ്പോൾ ബോധം തെളിഞ്ഞു. വർഷങ്ങളോളം ഉറങ്ങുകയായിരുന്നെന്നു പെട്ടെന്നാണു മനസ്സിലാക്കിയതു്. കാലം തൻെറ തിൽനിന്നും വളരെയധികം കടന്നുപോയിരിക്കുന്നു. ആയാസപ്പെട്ടു കണ്ണു തുറന്നു് ആകാശത്തേക്കു നോക്കി.

ചെമ്പിച്ച ആകാശം നിറയെ കുററൻ എട്ടുകാലികൾ വലകളന്വേഷിച്ചു നടക്കുകയായിരുന്നു— ഇരകളെ കെട്ടിയിടാൻ. പേടിതോന്നി. മെല്ലെയെഴുന്നേററു. കണ്ണിനും കാലിനും വല്ലാത്ത വേദന. വീണ്ടും ആകാശത്തേക്കു നോക്കിയപ്പോൾ ഓടിയകലുന്ന മൈവസ്ത്രന്മാരെക്കണ്ടു. മേഘത്തിലൂടെ കഴകിപ്പോവുകയാണവർ.

അപ്പോൾ പെട്ടെന്നു ദൈവത്തെക്കുറിച്ചോർത്തു. ദൈവത്തിൻെറ ആജ്ഞയെക്കുറിച്ചും. എന്തായിരുന്നു ആജ്ഞ?

തൊലിക്കുള്ളിൽ ചലനമനുഭവപ്പെട്ടപ്പോൾ മനസ്സിലാക്കി. പാററകൾ പറന്നുതുടങ്ങിയിരിക്കുന്നു. ഹൃദയത്തിലേക്കു്, മസ്തിഷ്കത്തിലേക്കു്, കണ്ണുകളിലേക്കു്, ആമാശയത്തിലേക്കു്. വല്ലാത്ത വേദന തോന്നി. കണ്ണിൻെറയുള്ളിൽ പാറിനടക്കുന്ന ഒരു പാററയെക്കൊല്ലണമെന്നതിയായ ആഗ്രഹം തോന്നി. കൈവിരലുകൾ ശക്തിയായി കണ്ണിലേക്കുയർത്തിയപ്പോൾ പെട്ടെന്നു് ഓർമ്മവന്നു: പാററകൾ ദൈവത്തിൻെറ സൈന്യമാണു്. അവയെക്കൊല്ലരുതു്. കൈകൾ പിൻവലിച്ചു. പിറകിൽ ശക്തിയായി പിടിച്ചു. ആകാശത്തേക്കു മിഴിയുംനട്ടു നിന്നു.

അപ്പോൾ ആറാണ്ടുകൾക്കു മുമ്പു് ഒരു വം നല്ലിയ ആജ്ഞ ഓർമ്മവന്നു.

തിരക്കിട്ടു നടക്കുമ്പോൾ അയാളുടെ പേരോർക്കുവാൻ ശ്രമിക്കുകയായിരുന്നു.

ആരാണു്?

ചുരുണ്ട മുടിയും, തടിച്ചുമീശയും, മുഴുത്ത മാംസപേശികളുമുള്ള വടക്കേതിലെ മാധവൻകുട്ടി. ഉള്ളിച്ചാടാൻ തോന്നി.

വെട്ടുവഴിയിലൂടെ ധൃതിപിടിച്ചു നടന്നു. ഞാൻ വളരെ വൈകിപ്പോയിരിക്കുന്നു. മാധവൻകുട്ടിയെ വേഗം കാണണം.

മീൻകുട്ടയുംകൊണ്ടോടുന്ന അയമ്മദുണ്ണിയോടു് വിളിച്ചുചോദിച്ചു.

"മാധവൻകുട്ടി എവിടെണെന്നറിയോ?" മാധവൻകുട്ടി എവിടെണെന്നറിയോ?" അയമ്മദുണ്ണി ഉറിച്ചു സംശയിച്ചുനിൽക്കുന്ന അയമ്മദുണ്ണി ഉറിച്ചു നോട്ടത്തോടെ ചോദിച്ചു.

"ഏതു മാധവൻകുട്ടി..."

"വടക്കേവീട്ടിലെ—"

ഉത്തരം പറയാതെ, ചിരിച്ചു്, മീൻകുട്ടയുംകൊണ്ടോടിപ്പോകുന്ന അയമ്മദുണ്ണിയോടു് പകതോന്നി. വെറുപ്പും. അഹങ്കാരിയാണു്. പിറകെ ഓടിച്ചെന്നു കഴുത്തുഞെക്കിക്കൊല്ലണമെന്നു തോന്നി.

പേടിതോന്നി. വല്ലാത്ത പേടി

അയമ്മദുണ്ണി മീൻപിടിക്കാൻ പുഴയിൽ പോയപ്പോൾ മുങ്ങിമരിച്ച കഥ അമ്മ പറഞ്ഞുതന്നിരുന്നില്ലേ? ചീഞ്ഞളിഞ്ഞ ശരീരം. വലക്കാരെ കൊണ്ടുവന്നല്ലേ തപ്പിയെടുത്തു് കരയിൽ കൊണ്ടുവന്നിട്ടപ്പോൾ കണ്ടില്ലേ? തന്നതല്ലേ?

ഓർത്തപ്പോൾ പേടി കൂടിവന്നു. തിരിഞ്ഞു നോക്കി. അയമ്മുട്ടിയെ കാണാനില്ല. വേഗത്തിൽ നടന്നു. നട്ടുച്ചയ്ക്ക് പ്രേതം നടക്കുമെന്ന പണ്ടു മുത്തശ്ശി പറഞ്ഞതു് ഓർമ്മവന്നു.

ഭഗവതിക്ഷേത്രത്തിലെ ഊട്ടുപുരയിലെത്തിയപ്പോൾ ആശ്വാസം തോന്നി. മാധവൻകുട്ടി ചീട്ടുകളിക്കുന്നുണ്ടാവണം. ഒഴിഞ്ഞ ഊട്ടുപുര കളിക്കാരുടെ സങ്കേതമാണ്.

ധൃതിയിൽ അകത്തേയ്ക്കു നടന്നപ്പോൾ വെളിച്ചംകുറഞ്ഞ അകത്തെ പുരയിൽ കാലിമേയ്ക്കാൻവന്ന കുലിപ്പിള്ളേർ ഗോലികളിക്കുന്നതു കണ്ടു.

മാധവൻകുട്ടിയെക്കണ്ടില്ല. വീട്ടിലായിരിക്കും— വടക്കേപ്പുരയ്ക്കലേക്കുള്ള വഴി ഓർക്കാൻ ശ്രമിച്ചു.

പാടത്തിന്നപ്പുറത്തുള്ള ഇടവഴിയിലെ അഞ്ചാമത്തെ വീട്.

ചുട്ടുപഴുത്ത പാടത്തിന്നപ്പുറമെത്തിയപ്പോൾ വല്ലാത്ത തളർച്ച തോന്നി. ദേഹത്തുകൂടെ വിയർപ്പുചാലുകൾ ഒഴുകുന്നു. വല്ലാത്ത നാററവും: തൊലിക്കുള്ളിൽ പാററകൾ ഒരുപാട് ചുരുണ്ടുകിടപ്പുണ്ടാകും.

മനസ്സിൽ വിചാരിച്ചു– മാധവൻകുട്ടിയെ കണ്ടു് കാര്യം പറഞ്ഞയുടനെ പുഴയിൽപ്പോയൊന്നു കുളിക്കണം.

നെററിയിലെ വിയർപ്പുചാലുകൾ തുടച്ചുകളഞ്ഞു് ധൃതിയിൽ നടന്നു.

ഇടവഴിയിലെ തണലിലെത്തിയപ്പോൾ, തളർന്നു കിടന്നിരുന്ന പാററകൾ വീണ്ടും അരിച്ചരിച്ചു് നടക്കാൻതുടങ്ങിയിട്ടുണ്ടെന്നു മനസ്സിലായി. അഞ്ചാമത്തെ വീടെത്തിയപ്പോൾ ആശ്വാസം തോന്നി. മെല്ലെ ചിരിച്ചു.

പൊട്ടിക്കിടക്കുന്ന ഒതുക്കുകല്ലുകൾ, കിതച്ചുകൊണ്ടു മെല്ലെ കയറി.

മുററത്താരുമില്ല–ഇറയത്തും.

ചുമച്ചപ്പോൾ ശബ്ദത്തിനു് വല്ലാത്ത കിതപ്പുണ്ടെന്നു മനസ്സിലായി.

പുറത്തുവന്ന തള്ളയോടു ചോദിച്ചു.

"മാധവൻകുട്ടി ഇല്ലേ'വിടെ?!!

വിറയ്ക്കുന്ന ശബ്ദത്തിൽ തള്ള ചോദിച്ചു.

"ഏതു് മാധവൻകുട്ടി?"

"ഇബ്'ടത്ത്'ന്നെ–വടക്കേതിലെ."

തള്ള പൊട്ടിക്കരയുന്നതിന്റെ കാരണം മനസ്സിലായില്ല. ചുട്ടുപഴുത്ത വെയിലത്തേക്ക നോക്കി ചുമരുംചാരി നിന്നു. തല പുകഞ്ഞാലോചിച്ചു. "മാധവൻകുട്ടി എവിടെപ്പോയിരിക്കും?"

ഏങ്ങലടിച്ചു കരയുന്ന തള്ളയോടു വീണ്ടും ചോദിച്ചു.

"മാധവൻകുട്ടി ഇപ്പഴങ്ങാനും വരോ?"

"വടക്കേതിലെ മാധവൻകുട്ടി നീ തന്നല്ലേ മോനെ."

വെയിലത്തേക്ക മറിഞ്ഞുവീണു. കണ്ണുതുറന്നപ്പോൾ ചിറകടിച്ചു പറന്നുപോകുന്ന ആയിരം പാററകളുടെ ചിറകുകൾ മിന്നുന്നതുകണ്ടു. അവയെ പിടിക്കാൻ വല തയ്യാറാക്കുന്ന കുററൻ എട്ടുകാലികളേയും.

കണ്ണുകൾ മുറുകെ അടച്ചു—

തളർന്നു മയങ്ങി.

എന്നിട്ടു ശാന്തമായി ഉറങ്ങി. വീണ്ടും ഉറക്കം.

## "ബന്ധനം."

അപ്പോഴും മഴ തകർത്തു പെയ്യുന്നുണ്ടായിരുന്നു. അന്തരീക്ഷം മൂടിക്കെട്ടിയിരുന്നു. ആകാശം കറുത്തിരുണ്ടും.

ഭർത്താവു് ജനൽക്കമ്പികളിൽ പിടിച്ചുകൊണ്ടു കുത്തിയൊഴുകുന്ന മഴവെള്ളത്തിലേക്കു നോക്കിയിരുന്നു.

രാത്രി വളരെ വൈകിയിരിക്കുന്നു.

ഭർത്താവു വേദനയോടെ മുഖം തിരിച്ചു.

കിടപ്പറ വിളക്കിന്റെ ശക്തികുറഞ്ഞ വെളിച്ചത്തിൽ, തളർന്നു മയങ്ങിക്കിടക്കുന്ന ഭാര്യയുടെ മുഖത്തെ ഭാവം അവ്യക്തമായി കണ്ടപ്പോൾ അയാൾ മുഖംതിരിച്ചു പുറത്തേക്ക നോക്കിനിന്നു.

ഭർത്താവിന്റെ മുഖത്തു വിഷാദം കലർന്ന ക്രൂരഭാവം പടർന്നു. മഴയുടെ അവസാനത്തിൽ ഇററിററുവീഴുന്ന ദുർബ്ബലമായ മഴത്തു





(Dr P. M. C. Trophy) — The winners-P. S. G. Tech.



Dance performed by Jr. Mehamood on the occassion of the Arts Festival conducted by the College Union



Jr. Mehamood, the budding hero of Hindi Screen inaugurating the Arts Festival, conducted by the College Union



Dr. P. M. C. Trophy goes to St. Teresa's



Susy V. John
Represented University & State in Shuttle

ള്ളികൾ ശക്തിയായ കാറ്റൊന്നു വീണ്ടും വന്ന വീണപ്പോൾ അസ്വസ്ഥമായ ഭാവത്തോടെ അയാൾ ജനൽക്കമ്പികൾ പിടിച്ചമർത്തി. നിമിഷങ്ങൾക്കുശേഷം അവശനായി ചുളിവുകൾ വീഴാത്ത കിടക്കയിലേക്കു മറിഞ്ഞു.

മണിക്കൂറുകൾക്കു ശേഷം—

മഴതോർന്ന ആകാശം ശാന്തമായി.

നിലത്തോട്ട് പറ്റിച്ചേർന്നു കിടക്കുന്ന ഭാര്യയുടെ മുഖം കണ്ടപ്പോൾ അയാൾ വീണ്ടും എഴുന്നേറ്റു, വെറുപ്പോടെ.

തെളിഞ്ഞ ആകാശത്തിന്റെ മുഖത്ത് വിളറിയ ചന്ദ്രക്കല നേരിയ മന്ദഹാസം പൊഴിക്കാൻ ശ്രമിക്കുന്നതു വേദനയോടെ അയാൾ നോക്കിനിന്നു.

വളരെനേരത്തിനുശേഷം ഭാര്യയെ അയാൾ അമർന്നശബ്ദത്തിൽ വിളിച്ചു.

സ്വപ്നത്തിലെന്നപോലെ ഭാര്യ പെട്ടെന്നു വിളികേട്ട് പ്രകാശത്തിന്നഭിമുഖമായി കിടക്കയിൽ ചാരിയിരുന്നപ്പോൾ ഭാര്യയുടെ മുഖം ദൈന്യം നിറഞ്ഞതും അവശവുമായിരുന്നു.

ഭാര്യ പുഞ്ചിരിക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ ഭർത്താവു മുഖം തിരിച്ച് ഭിത്തിയിലേക്കു കണ്ണുകളുറപ്പിച്ചിരുന്നു—വളരെ നേരം.

അവസാനം—

വളരെ ദുർബ്ബലമായ സ്വരത്തിൽ അയാൾ പറഞ്ഞു.

"കാലത്തെ പോകേണം, സാധനങ്ങളെല്ലാം പായ്ക്കുചെയ്തു വെച്ചിട്ടുണ്ട്."

ഭാര്യ തേങ്ങിക്കരഞ്ഞു.

നിമിഷങ്ങൾക്കുശേഷം കുറേക്കൂടി കനപ്പിച്ച് അയാൾ പറഞ്ഞു.

"വിവാഹമോചനത്തിന്നു വേണ്ടതൊക്കെ ചെയ്യാം. നീ അയാളെ വിവാഹം കഴിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ."

ഭാര്യ പൊട്ടിക്കരഞ്ഞു.

ഭർത്താവു ശ്വാസംവിടാതെ തുടർന്നു—

"പക്ഷേ എന്നോട്ട് ചെയ്തപോലെ പാവം, ആ മനുഷ്യനോടും നീ ചെയ്യരുത്. ചിലപ്പോൾ ഞാൻ നിന്നെ സ്നേഹിച്ചതിൽ കൂടുതൽ ആ മനുഷ്യൻ സ്നേഹിക്കുന്നുണ്ടാവും. നല്ലത്."

പുതിയ മേച്ചിൽപ്പുറങ്ങളും സങ്കേതങ്ങളും പലതുമുണ്ടാകാം, പക്ഷേ—" പെട്ടെന്നു അയാൾ നിർത്തി, ഭാര്യയുടെ മുഖത്തേക്കു തറച്ചുനോക്കി തുടർന്നു.

"ഉറങ്ങിക്കോളൂ. ആറിനുള്ള വണ്ടിയ്ക്കു തിരിക്കണം."

ലൈറ്റണച്ച്, പൊട്ടിക്കരയുന്ന ഭാര്യയെ തിരിഞ്ഞുനോക്കാതെ, വാതിൽ ശക്തിയായടച്ച് ഭർത്താവു പുറത്തേക്കു വന്നു.

ഡ്രോയിങ്ങ്റൂമിലെ ചാരുകസേരയിൽ തളർന്നുകിടന്നപ്പോൾ അയാളുടെ കണ്ണിൽ നനവൂറുന്നുണ്ടായിരുന്നു. വേദനയുടെ അവ്യക്തമായ ഛായ കണ്ണിൽ നിഴലിക്കുന്നുണ്ടായിരുന്നു.

അപ്പോഴും, അകത്തെ മുറിയിൽ തേങ്ങലുകൾ ഉയരുന്നുണ്ടായിരുന്നു.

## 'യാത്ര'

കായൽത്തീരത്തെ പേരുകേട്ട നഗരത്തിലെ തിരക്കുപിടിച്ച പാർക്കിൽവെച്ചാണെന്നു തോന്നുന്നു, നിന്നെ ഞാൻ ആദ്യമായി കണ്ടത്. പാറക്കൂട്ടങ്ങൾക്കിടയിൽ തലതല്ലിച്ചാർക്കുന്ന തിരമാലകൾക്കിടയിൽ നിന്റെ മനോഹരമായ രൂപം ഞാൻ കണ്ടു. നിന്റെ മുഖത്തെ ഭാവം എന്താണെന്നെനിക്കറിഞ്ഞുകൂടായിരുന്നു. വളരെനേരം നിന്റെ അവ്യക്തസുന്ദരമായ ദേഹത്തിൽ മിഴിയും നട്ടു ഞാനിരുന്നു; വെളിച്ചം ചക്രവാളത്തിനകലെ, അപാരതയിൽ ഇരുട്ടിൽ ലയിക്കുന്നുവരെ. കട്ടികൂടിയ ഇരുട്ട് പരന്നുപൊങ്ങുന്ന തിരമാലകൾക്ക് ആവരണമിട്ടപ്പോൾ നീ പൂർണ്ണമായും എന്നിൽനിന്ന് മറഞ്ഞു; കഠിനമായ വിഷാദം മാത്രം ബാക്കിയാക്കിക്കൊണ്ട്.

ഞാൻ ആശ്വസിച്ചു—

തിരക്കുപിടിച്ച നഗരത്തിൽ തികച്ചും ഏകനായിക്കഴിഞ്ഞപ്പോഴും തികഞ്ഞ വിശ്വാസമുണ്ടായിരുന്നു. വർഷങ്ങളും എണ്ണമറ്റ യുഗങ്ങളും കഴിഞ്ഞാലും വരാതിരിക്കയില്ല. നീ എന്റേതാണ്.

എന്റേതു മാത്രം.

രാത്രിയുടെ വേദനിപ്പിക്കുന്ന നിശ്ശബ്ദതയിൽ, ഞാൻ സമയം തള്ളിനീക്കിയിരുന്നു നിന്നെപ്പററിയുള്ള കിനാവുകൾ കണ്ടുകൊണ്ടായിരുന്നു. ഉറക്കം വരാത്ത രാത്രികളിൽ കിടപ്പറ വെളിച്ചത്തിൻെറ അവ്യക്തമായ പ്രകാശത്തിൽ നിന്നെയും കാത്തു, വളരെ വളരെ നേരം ഞാനിരുന്നിട്ടുണ്ട്. ഉറക്കത്തിനും ഉണർവ്വിനുമിടയിൽ കണ്ണുതുറന്നാൽ നഷ്ടപ്പെടുന്ന അവ്യക്തസുന്ദരമായ ലോകത്തിൽ, എൻെറ സ്വപ്നങ്ങൾ മുഴുവൻ നിന്നെക്കുറിച്ചായിരുന്നു.

സുന്ദരിയായ, മുഖത്തെ ഭാവം ഒരിക്കലും പുറത്തുകാണിക്കാത്ത, നീ.

നീ ആരാണെന്നു വ്യക്തമായി എനിക്കറിഞ്ഞുകൂടാ. എണ്ണമററ യുഗങ്ങൾക്കുമുമ്പ് നിന്നെക്കുറിച്ചു പാടിയവരെപ്പററി ഞാൻ വായിച്ചിട്ടുണ്ട്—

എണ്ണമററ വർഷങ്ങൾ നിനക്കുവേണ്ടി കാത്തിരുന്നവരെക്കുറിച്ചും.

ഇന്നു ഞാൻ ആ തപസ്സനുഷ്ഠിക്കുകയാണ്:— നിന്നെ എൻെറ സ്വന്തമാക്കുവാൻ; അനശ്വരതയിൽ നിന്നോടൊപ്പം ചേരുവാൻ.

യുഗങ്ങൾ കഴിഞ്ഞാലും ഞാൻ കാത്തിരിക്കും.

സ്നേഹിക്കുന്നവരെ വേദനിപ്പിക്കുവാൻ നിനക്കുള്ള കഴിവോർത്ത് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. വേദനിക്കുമ്പോഴെല്ലാം ഞാൻ ആശ്വസിക്കാറുണ്ട്; നീ വരും: നിന്നെ സ്നേഹിക്കുന്ന എന്നെ ആശ്വസിപ്പിക്കുവാൻ എന്നെങ്കിലും നീ വരും.

ആ പ്രതീക്ഷയായിരുന്നു എൻെറ ജീവൻ.

വിരസമായ പകലുകളും, ഏകാന്തത നിറഞ്ഞ, സംഭവങ്ങളില്ലാത്ത രാത്രികളും പിന്നിടുമ്പോൾ ഒരാശ്വാസമേ എന്നിലുണ്ടായിരുന്നുള്ളു. നീ വരും. വരാതിരിക്കുകയില്ല.

എൻെറ വിശ്വാസം ശരിയായിരുന്നു.

ദിവസങ്ങൾക്കുശേഷം—

മങ്ങിയ മൂടൽമഞ്ഞുള്ള ഒരു സായംസന്ധ്യയിൽ നിന്നെത്തേടി വിശാലമായ മണല്പുറം മുഴുവൻ ഞാനലഞ്ഞു. സൂക്ഷിച്ചുനോക്കുന്ന ഓരോ മനുഷ്യനിലും നിന്നെക്കണ്ടെത്തുവാൻ ഞാൻ ശ്രമിച്ചു. അവസാനം നിരാശനായി പന്തിരിഞ്ഞപ്പോൾ—

നിശ്ചലമായ നദിയിലെ, അഗാധമായ കയത്തിൽ നേരിയ ചലനങ്ങളുണ്ടാക്കി നീ പ്രത്യക്ഷപ്പെട്ടു. ഞാൻ ആശ്വസിച്ചു. നീയെന്നെ മറന്നിട്ടില്ല. മാടിവിളിക്കുന്ന നിൻെറ മുഖം കാണാൻ ഞാനാഗ്രഹിച്ചു. പക്ഷെ അപ്പോഴും അതവ്യക്തമായിരുന്നു.

നിമിഷങ്ങൾക്കുശേഷം നീ വീണ്ടും മറഞ്ഞു. അന്നു ഞാനനുഭവിച്ച തീവ്രമായ ദുഃഖത്തെക്കുറിച്ചും, നഷ്ടബോധത്തെക്കുറിച്ചും, അല്പമെങ്കിലും നീ അറിഞ്ഞിരുന്നുവെങ്കിൽ എൻെറയരികിൽ ഓടിവരുമായിരുന്നു.

പക്ഷെ യുഗങ്ങളോളം നിനക്കുവേണ്ടി കാത്തിരിക്കാൻ ഞാൻ തയ്യാറാണ്. അതുകൊണ്ടുമാത്രം വേദനിക്കുമ്പോഴും ഞാൻ ആശ്വസിച്ചു. നീ വരാതിരിക്കയില്ല.

കടൽത്തീരത്തെ ആളൊഴിഞ്ഞ പാറക്കൂട്ടങ്ങൾക്കിടയിലും, തിരക്കുപിടിച്ച നഗരവീഥികളിലുംവെച്ച് പലപ്പോഴും നിന്നെ ഞാൻ കണ്ടിരുന്നു. നീയെൻെറ അരികിലേക്ക് ഓടിവരുമെന്ന് പ്രതീക്ഷിച്ച് മണിക്കൂറുകളോളം ഞാൻ കാത്തുനിന്നിട്ടുണ്ട്. പക്ഷെ അപ്പോഴെല്ലാം നീ മകരനിലാവിലെ മഞ്ഞുതുള്ളികണക്കെ നിമിഷങ്ങളോളം മാത്രം പ്രകാശിച്ചു മറഞ്ഞുപോവുമായിരുന്നു—

എൻെറ ഹൃദയത്തിൽ ആഴത്തിൽ മുറിവേല്പിച്ചുകൊണ്ട്.

ഇപ്പോൾ—

അനേകം വസന്തങ്ങളും, ശിശിരങ്ങളും നിനക്കുവേണ്ടി കാത്തിരുന്നശേഷം ഞാൻ ഈ ഇരുട്ടറയിൽ എത്തിച്ചേർന്നിരിക്കുന്നു.

ലോകത്തിന് എന്നെയാവശ്യമില്ല

എനിക്കു ലോകത്തേയും.

ഒരിക്കൽക്കൂടിമാത്രം നിന്നെ കാണുക എന്നതാണെൻെറ ആവശ്യം. നിന്നെ എന്റെ സ്വന്തമാക്കണം— എൻെറ മാത്രം; നിമിഷങ്ങളോളമെങ്കിലും.

അപ്പോൾ—

യുഗങ്ങൾക്കുമുമ്പാരംഭിച്ച തീർത്ഥയാത്ര അവസാനിക്കും.



നൈരാശ്യകാലത്തെ നിലംകൂടിയ ഒരു രാത്രിയിലായിരുന്നു നിന്നെ ഞാൻ വീണ്ടും കണ്ടത്. ജാലകത്തിലൂടെ ശക്തികുറഞ്ഞ ഒരു പ്രകാശരശ്മിപോലെ നീ വന്നു. കൈനീട്ടിയാൽ എനിക്കുനിന്നെ സ്പർശിക്കാമായിരുന്നു. പക്ഷെ എൻെറ ചലനശക്തി പെട്ടെന്ന് നഷ്ടപ്പെട്ടു. ശബ്ദിക്കാൻ ശ്രമിച്ചിട്ടു വാക്കുകൾ പുറത്തുവന്നില്ല. എന്നിട്ടും നിന്നെ കണ്ടപ്പോൾ ഞാൻ ചിരിക്കാൻ ശ്രമിച്ചു. നിൻെറ സ്നേഹംനിറഞ്ഞ മുഖം ഒന്നു കാണാൻ ആഗ്രഹിച്ചു. വേദന കണ്ടിട്ടാകണം നീ വളരെവേഗം എൻെറയരികിൽ വന്നു.

പക്ഷെ—

നിൻെറ ദേഹം മഞ്ഞുപോലെ തണുത്തതായിരുന്നു.

നീ ദേഹത്തു തലോടിയപ്പോൾ ഞാൻ വേദനകൊണ്ടു പുളയുകയായിരുന്നു.

നിൻെറ കണ്ണുകളിൽ, ഞാൻ ഇതുവരെ കാണാതിരുന്ന പൈശാചികഭാവമായിരുന്നു.

മുഖത്തു ക്രൂരഭാവമായിരുന്നു.

നിമിഷങ്ങൾക്കുശേഷം നീയും ഞാനുമെന്ന യാഥാർത്ഥ്യത്തിൽ- നീ, മാത്രം ബാക്കിയായി.

ഞാനലയുന്നു—

യുഗങ്ങളിലൂടെ, കാലമില്ലാത്ത ശൂന്യതയിലൂടെ

അവസാനിക്കാത്ത യാത്ര.

# അഞ്ജലി

എൻ. ഹരികുമാർ. (Final B A. Hist. and Econs.)

വന്ദനം, മിന്നു പിരിഞ്ഞുപോകട്ടെ ഞാൻ
വന്യ കലാലയ ശ്രീമയ സ്വപ്നമേ.
ജീവന്റെ ജീവനിലുള്ളിപ്പിടിച്ചുമൽ—
ഭാവി കരുപ്പിടിപ്പിച്ചാരിനാളുകൾ
എത്രയോ താനുഗ്രഹിത സ്വർഗ്ഗത്തിലും
പൂതമായ് പൂത്തു നിൽക്കുന്നെൻ സ്മൃതികളിൽ.
മുഗ്ദ്ധ സ്മരണകൾ താലമേന്തും മണി—
മുറ്റത്തുത്തത്തിക്കളിച്ചു നടന്നു ഞാൻ.
എത്ര നാളിന്നുവയോട്ടു പോകുമ്പോഴോ
ചിത്തം തുടിക്കയാ,ണെന്തു ചെയ്യട്ടെ ഞാൻ?
* മൂകവിജ്ഞാന സങ്കേതത്തിലങ്ങുമ—
യേകാകിയായിക്കഴിച്ച പകലുകൾ
മുന്നിലൊരു പിടി പൂക്കൾ വിരിയിച്ചു—
മന്ദസ്മിതംതൂകി, ഭാവനത്തെങ്ങണാൽ;
വാടിക്കൊഴിയേണ്ടുമോമനപ്പൂക്കളെ
വാടാ മലരുകളെന്നോർത്തു കാത്തു ഞാൻ.
വിണ്ടും കരളിലുൾ സ്നിഗ്ദ്ധമനസ്സി—
യെങ്ങനെ കത്തിക്കെറിക്കുവാ,നെങ്കിലും
ഈയന്തരീക്ഷത്തിൽത്തങ്ങിനിന്നിടുക—
യാണു മന്നിശ്വാസമാകെയെന്നോർക്കവേ,
കേവലം ശുഷ്കമെന്നാകിലും ചാർത്തട്ടെ
ഭാവന കൊണ്ടൊരു മാല നിൻ മാറിൽ ഞാൻ
ജീവിതത്തിൻ വഴിത്താരയിലേകാന്ത—
ചാരിയായ് ത്തീരാനൊരുക്കി നീയെന്നെയും;
പാഥേയമുണ്ടമൽക്കണ്ണി,ലവിട്ടുന്ന
പാതയിലുണ്ണുവാൻ നൽകിയതാണതും.
താവക മേന്മകൾക്കൊന്നെങ്കിലും തരാൻ
പാവമെനിക്ക കഴിയുകില്ലായതേ
മാമകോൽക്കർഷ,മനുഗ്രഹിച്ചീടണേ
പാദതാരിൽ കൃതജ്ഞമായ് നിൽപ്പിവൻ!!

* ലൈബ്രറി





# മുല്ലപ്പൂക്കൾ

കബാധരൻ. എൻ., II ബി. എ. (എക്കണോമിക്സ്)

കഥകളിയാടുന്ന തെങ്ങോലകൾക്കിടയിലൂടെ ഊർന്നിറങ്ങിയ അന്തിക്കതിരോന്റെ തങ്കരശ്മികൾ. ജനൽക്കമ്പികളിലൂടെ അകത്തേയ്ക്കു എത്തിനോക്കി. ബോഗൺ വില്ലപ്പൂത്തിരുട്ടിക്കളിലൂടെ കണ്ണീർക്കാഴ്ചകളെ ഇക്കിളിപ്പെടുത്തിയ കാറ്റിൽ മുല്ലപ്പൂവിന്റെ പരിമളം കലർന്നിരുന്നു.

നീലക്കമ്പ്യനിട്ട സെററിയിൽ ചരിഞ്ഞിരുന്നപ്പോൾ കണ്ണുകൾ വിദൂരതയിലേക്ക പാഞ്ഞുപോയി. സന്ധ്യയുടെ കവിൾത്തടത്തിൽ ശോണിമ പരന്നിരിക്കുന്നു... ചക്രവാളത്തിനപ്പുറത്തു പതിയിരിക്കുന്ന രാത്രി സുന്ദരിയായ സന്ധ്യയെ ആക്രമിക്കും ...ഇരുട്ടിന്റെ സാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടും... വീണ്ടും പുലരിയെത്തും...!! ?

അമ്പലത്തിൽനിന്നും ദീപാരാധനാമണി മുഴങ്ങി. ഇടവഴിയിലൂടെ കടന്നുപോയ സ്ത്രീകളിൽ അവളെ കണ്ടില്ല... അവൾ വരില്ലായിരിക്കും....കൈക്കുമ്പിളിൽ പൂത്താലവും കൺകോണുകളിൽ പൊൻ കിനാക്കളുമായി ആ ദേവത ഇനി വരില്ല......ഒരിക്കലും !!! ?

ഇടവഴിയിലൂടെ നടന്നു വരുമ്പോൾ അവളുടെ മിഴികൾ കുറിയ്ക്കുന്നതാരേയോ തിരയുന്നതു കണ്ടിട്ടുണ്ട്. പരസ്പരം കണ്ടുമുട്ടുമ്പോൾ കണ്ണുകൾ കുമ്പിയടയും—അധരങ്ങളിൽ നേരിയ പുഞ്ചിരി വിരിയും... അജ്ഞാതമായൊരു നിർവൃതി ?....

എത്ര വേഗമാണവൾ ജീവിതത്തിലേക്ക കടന്നു വന്നതു്....പക്ഷേ അവൾ പോയി. പുലരാൻ കാലത്തെ സുന്ദര സ്വപ്നംപോലെ ആ അമ്പലപ്രാവു് പറന്നുപോയപ്പോൾ മനസ്സു ശൂന്യമായി ; ആ ശൂന്യതയിൽ വേദനയുടെ ശ്രീകോവിലിൽ അവൾ കൊളുത്തിയ ഭദ്രദീപം അണഞ്ഞപ്പോൾ വീർപ്പുമുട്ടുന്ന അന്ധകാരം വ്യാപിച്ചു....

അനന്തതയിലേക്ക നോക്കുമ്പോൾ കണ്ണുകളിൽ അവൾ നിറഞ്ഞു നില്ക്കുന്നു. രണ്ടായി പിന്നിയിട്ട് അഗ്രം വിടർത്തി ചുരുണ്ടിരുന്ന തലമുടിയിൽ മുല്ലപ്പൂമാലയും, വിടർന്ന നീലക്കണ്ണിൽ പൊൻകിനാക്കളും, ഇടുത്ത അധരങ്ങളിൽ നേർത്ത പുഞ്ചിരിയുമായി ആ മാലാഖ ഓർമ്മയിലേക്ക നടന്നു വരുന്നു.... എന്റെ സുധ !! ?

തെളിഞ്ഞ സന്ധ്യകളിൽ പുഴയരികിലെ കടമ്പിന്റെ ചോട്ടിൽ അവൾ വന്നിരുന്നു. പുഴയിലേക്കന്തി നില്ക്കുന്ന പാറക്കെട്ടിൽ കയറിയിരിക്കുമ്പോൾ അവൾ നടന്നു വരും— കൈക്കുമ്പിളിൽ പൂജാഫലവും.... കണ്ണുകളിൽ പൊൻ കിനാക്കളുമായി—

നിറഞ്ഞ കണ്ണുകളുമായി അവൾ നടന്നുപോയപ്പോൾ....നിശ്ചലമായി നോക്കിനിന്നു. ചാമ്പലായ ഒരുപിടി സ്വപ്നങ്ങളും... നൊമ്പരപ്പെടുത്തുന്ന സ്മരണകളും മാത്രം അവശേഷിച്ചു....

മനഃപൂർവ്വം മറക്കാൻ ശ്രമിച്ചു. പക്ഷേ അവയെല്ലാം പരാജയങ്ങൾ മാത്രമായിരുന്നു....വീണ്ടും ഞാൻ പരാജയപ്പെടുന്നു ... അവളെക്കുറിച്ചുള്ള ഓർമ്മകൾ ഒരു പക്ഷേ മരിച്ചാലും എന്റെ ആത്മാവിൽ നിന്നകലുകില്ലായിരിക്കും !! ...

* * *

ഒരു മദ്ധ്യവേനലവധിക്കാലം.

കൊയ്ത്തു കഴിഞ്ഞ നെൽപ്പാടങ്ങളിൽ കച്ചിക്കററകൾ തലപൊക്കിനിന്നു. പാട

ത്തിൻ കരയിലെ പറങ്കി മാവു നിറയെ മാങ്ങയുണ്ടായി. കാററിൽ അടർന്നു വീണ മാമ്പഴങ്ങൾ പെറുക്കിയെടുക്കാൻ കന്നുകാലിക്കുട്ടന്മാർ ഓടിക്കൂടി....വിളഞ്ഞ വയൽപ്പരപ്പിൽ കന്നുകാലികൾ മേഞ്ഞുനടന്നു....ദാഹിച്ചപ്പോൾ വരണ്ട പുഴയിലെ നീർച്ചാലുകൾ ഊററിക്കുടിച്ചു.

അമ്പലത്തിൽ വച്ചാണാദ്യമായവളെ കണ്ടതു്. ഇരുട്ട് വ്യാപിച്ച ഇടനാഴിയിൽ കരിങ്കൽത്തൂണു ചാരി നിന്നിരുന്ന ആ പെൺകുട്ടി ശ്രദ്ധയെ ആകർഷിച്ചു. ആലക്തിക ദീപത്തിന്റെ അരണ്ട ശോഭയിൽ അവളുടെ അരുമയായ മുഖം പ്രകാശിച്ചു...എന്തൊരഴക്‌.... !! സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഒരു ദേവത ! ....

സന്ധ്യക്കു വീടിന്റെ പടിഞ്ഞാറുവശത്തുള്ള ഇടവഴിയിലൂടെയാണവൾ അമ്പലത്തിലേക്കു പോയിരുന്നതു് .......ഏതാണാ പെൺകുട്ടി ... !! ? കണ്ടപ്പോൾ മുതൽ അറിയാനുള്ള ആഗ്രഹം വളർന്നുവന്നു....

ഇടവഴിയിലേക്കു തൂങ്ങിനിന്ന മുല്ലപ്പൂക്കുലകൾ അവൾ പൊട്ടിച്ചെടുക്കുന്നതു പലപ്പോഴും ഞാൻ കണ്ടു. പക്ഷേ അവളെ നേരിടാനുള്ള ധൈര്യം ഉണ്ടായില്ല.

അന്നു മതിലരികിലെ റോസക്കമ്പിനു് വളംചേർത്തുകൊണ്ടിരിക്കുകയായിരുന്നു. ആളൊപ്പം ഉയരമുള്ള മതിലരികിൽ ഞാൻ ഇരുന്നിരുന്നതു് അവൾ കണ്ടില്ല ... മുല്ലവള്ളികൾ ഉലഞ്ഞാടിയപ്പോൾ ഞാൻ എഴുന്നേററുനിന്നു. എന്നെ കണ്ടപ്പോൾ അവൾ പരിഭ്രമിച്ചു—പിടിക്കപ്പെട്ട കള്ളനെപ്പോലെ—ഒരു നിമിഷം ആ മുഖം വിവർണ്ണമായി... അപരാധിനിയെപ്പോലെ നതശിരസ്കയായ അവളുടെ കയ്യിൽനിന്നും മുല്ലപ്പൂക്കൾ നിലത്തേക്കു വീണു....എന്തു ചെയ്യണമെന്നറിയാതെ ഞാൻ വിഷമിച്ചു....വാക്കുകൾ പുറത്തേക്കു വരുന്നില്ല ... !! ?

"കുട്ടീടെ പേരെന്താ....? " ഉദ്ദേശിച്ചതല്ല ചോദിച്ചതു്.

"സുധ ..." അവൾ കണ്ണുകളുയർത്തി നോക്കി. ദയനീയമായ നോട്ടം....പാവം പെൺകുട്ടി.... ! "

"സാരല്യ....പൂവെടുത്തോളൂ ..."

വെളുത്ത ഇതളുകളിൽ പററിപ്പിടിച്ച പൊടി തട്ടിക്കളഞ്ഞുകൊണ്ടു അവൾ പതുക്കെ നടന്നു....കുറച്ചിട കഴിഞ്ഞപ്പോൾ തിരിഞ്ഞു നോക്കി ... കൃതജ്ഞത സ്ഫുരിക്കുന്ന നോട്ടം.... !!

രാത്രി ബെഡ്ഡിൽ കണ്ണുകളിറുക്കിയടച്ചു കിടന്നപ്പോൾ കൺമുമ്പിൽ അവളുടെ ശാലീനമായ രൂപം തെളിഞ്ഞുനിന്നു....കുറെ സുന്ദര സ്വപ്നങ്ങൾ അയവിറക്കിക്കൊണ്ടാണ രാവിലെ എണീററതു്....അവളെക്കുറിച്ചോർക്കുമ്പോൾ മൃദുലവികാരങ്ങൾ ഇക്കിളിക്കൊള്ളുന്നു....അവ്യക്തമായ ഒരനുഭൂതിവിശേഷം.... !!

പിറേറന്നു് സന്ധ്യക്കു മുൻപു തന്നെ ഞാൻ മതിലരികിൽ സ്ഥാനം പിടിച്ചു. അവൾ വരും ... എന്തെങ്കിലുമൊക്കെ സംസാരിക്കണം....മനസ്സിനു ഒരു നവോന്മേഷം.... അവ്യക്തമായ ഒരു വികാരവലയം ഹൃദയത്തിൽ ചുററിപ്പിണഞ്ഞു കിടക്കുന്നു.

അവൾ വന്നു. പുഞ്ചിരിച്ചുകൊണ്ടു് :—

"ഇന്നു പൂവേണ്ടേ... ? "

"ഉം ..." അവൾ തലയാട്ടി.

വിരിഞ്ഞ പൂങ്കുലകൾ മിനുസമുള്ള കയ്യുത്തിയിൽവച്ചു കൊടുത്തപ്പോൾ ചോദിച്ചു :—

"മുല്ലപ്പൂക്കൾ ഇഷ്ടമാണോ....? "

"അതേ...."

കൈവിരലുകൾ സ്പർശിച്ചപ്പോൾ തരിച്ചുപോയി ... അവൾ നടന്നു മറയുന്നതു വരെ നോക്കിനിന്നു. അപ്പോൾ മനസ്സിന്റെ അടിത്തറയിൽനിന്നും അജ്ഞാതമായൊരു വികാരം നുരച്ചു പൊന്തുകയായിരുന്നു...

വീണ്ടും കണ്ടുമുട്ടി......സംസാരിച്ചു...... അന്യോന്യം അറിഞ്ഞപ്പോൾ കൂടുതൽ അടുത്തു .....അങ്ങനെ അവൾ ജീവിതത്തിലെ ഒരവിഭാജ്യഘടകമായിത്തീർന്നു......

തെളിഞ്ഞ സായംസന്ധ്യകളിൽ പുഴയരികിലെ പാറക്കെട്ടിൽ ചെന്നിരിക്കാറുണ്ടു്. തണുത്ത കാററു മനസ്സിൽ നിറഞ്ഞ സംതൃപ്തി വാരിവിതറും...കൊഴിഞ്ഞുവീണ കടമ്പിൻ പൂക്കൾ പുഴയിലെ തെളിഞ്ഞ വെള്ളത്തിൽ ചുഴിഞ്ഞൊഴുകുന്നതു കാണാൻ രസമാണു് അവിടെയിരുന്നാൽ പ്രകൃതിയുടെ



[illegible] ...ലേക്കു പകരാൻ കഴിയൂ ...

സന്ധ്യയുടെ കുങ്കുമം പൂശിയ കവിൾത്തടത്തിൽ കണ്ണും നട്ടിരിക്കുമ്പോൾ പകൽക്കിനാവുകൾ പാറാനെത്തും...അതിൽ ശാലീനയായ ആ ഗ്രാമീണ കന്യക നിറഞ്ഞു നിൽക്കും...അവളെ നോക്കിയിരിക്കുമ്പോൾ മണിക്കൂറുകൾ കടന്നുപോകുന്നതറിയില്ല.

ഒരിക്കൽ അവൾ ചോദിച്ചു :—

"എന്റെ പടോന്നു വരച്ചു തരോ ...? "

"കളിയാക്കല്ലെ കുട്ടീ..." ഞാനല്പം ഗൗരവം നടിച്ചു.

"എന്നാൽ ഞാൻ പെണങ്ങും...." അവളുടെ ഇരുണ്ട കവിളിണകളിൽ പരിഭവം നിഴലിച്ചു.........ഇങ്ങനൊരു തൊട്ടാവാടിപ്പെണ്ണു് !!

"അതു ഞാനെത്ര മുൻപു വരച്ചു കഴിഞ്ഞു...!! "

"എവിടെ...? " പെണ്ണിന്റെ പരിഭവം പമ്പ കടന്നു...

"എന്റെ ആത്മാവിൽ...." വികാരഭരിതമായ ഉത്തരം...അവൾ ചൂളിപ്പോയി... പറയരുതാത്തതു പറഞ്ഞപോലെ ഞാനും പരിഭ്രമിച്ചു ..കണ്ണുകൾ തമ്മിലിടഞ്ഞു...മൂകത തളംകെട്ടിനിന്നു...ഹൃദയത്തിന്റെ ഭാഷ മൂകതയാണോ...?

"സുധയ്ക്കെന്നെ ഇഷ്ടമാണോ...? " ഞാൻ ചോദിച്ചു.

"അതേ " അവളുടെ കണ്ണുകൾ താനേ അടഞ്ഞു.

നിശ്ശബ്ദമായ നിമിഷങ്ങളിൽ രണ്ടു ഹൃദയങ്ങൾ ഒന്നായിച്ചേരുകയായിരുന്നു. പുഴവക്കത്തെ പാറക്കല്ലിനെ മാപ്പുസാക്ഷിയാക്കിക്കൊണ്ടു...ദിവ്യമായ ഒരനുഭൂതി അലയടിച്ചു ശൂന്യതയിൽ വിലയം പ്രാപിച്ചപ്പോൾ കടമ്പിന്റെ പൂക്കൾ ഉതിർന്നു വീണു...

അവധിക്കാലം കഴിഞ്ഞു. വിദ്യാലയങ്ങൾ തുറന്നു. അവളും കോളേജിലായി... ഞങ്ങളൊരുമിച്ചു നിത്യവും കോളേജിലേക്കു പോയി...ആശയങ്ങൾ കൈമാറാൻ പററിയ അവസരങ്ങൾ... അനവധിയായിരുന്നു.

നനഞ്ഞൊലിച്ച ദിവസങ്ങളിലും ചുണ്ടിൽ നേരിയ പുഞ്ചിരി തങ്ങിനിന്നു.. ദിവസങ്ങൾ കൊഴിഞ്ഞു വീണപ്പോൾ മനസ്സിൽ പൊട്ടിമുളച്ച ആ വിത്തു വളർന്നു. ഇലകളും മൊട്ടുകളുമായി പൂവണിയാൻ കൊതിച്ചു മൊട്ടുകളെ തെന്നൽ താലോട്ടി...

കള്ളക്കർക്കിടകം കടന്നുപോയി...പൊന്നിൻ ചിങ്ങം പിറന്നു...വിളഞ്ഞ നെൽപ്പാടങ്ങളും നിറഞ്ഞ അറപ്പുരകളും ഐശ്വര്യത്തെ വിളിച്ചറിയിച്ചു. കച്ചിയുടെയും നെല്ലിന്റെയും പുതുമണം കലർന്ന വായുവിൽ കൈകൊട്ടിക്കളിയുടെ ശബ്ദം അലയടിച്ചു...

കോളേജു വിട്ടപ്പോൾ ആകാശത്തിന്റെ കിഴക്കേ കോണിൽ കാർമേഘം ഉരുണ്ടു കൂടിയിരുന്നു. കുറച്ചു നാളുകളായി സുധയെ കാണാനില്ല. അവൾ എന്നെ കാണുമ്പോൾ അകന്നു പോകുന്നു... കാര്യമെന്താണെന്നറിയാതെ മനസ്സു വിഷമിച്ചു.

അപ്രതീക്ഷിതമായാണു് ഇടവഴിയിൽ വച്ചു കണ്ടുമുട്ടിയതു്...കണ്ട മാത്രയിൽ അവൾ പുഞ്ചിരിക്കാൻ ശ്രമിച്ചു. ജീവനില്ലാത്ത, വിഷാദം പുരണ്ട ഒരു പുഞ്ചിരി! നുണക്കുഴികൾ വിരിയിച്ചുകൊണ്ടുള്ള സുന്ദരമായ പുഞ്ചിരിക്കുപകരം വിളറിയ പുഞ്ചിരി!! ? അടുത്ത നിമിഷം അവൾ മുഖംതിരിച്ചു കളഞ്ഞു.

"എന്താ സുധേ എന്നോടു പിണങ്ങീട്ടുണ്ടോ? "

അവൾ കരയുകയാണു് പൊട്ടി പൊട്ടിക്കരയുന്നു... ?

"എന്താ...കാര്യം പറയൂ...? !! "

ഉൽക്കടമായ വേദന അടക്കാൻ വയ്യാതെ അവൾ വിമ്മിപ്പൊട്ടുകയാണു്....ഹൃദയത്തിന്റെ തേങ്ങലുകൾ !!

"എന്റെ മാര്യേജ് ഫിക്‌സ് ചെയ്തു..." [illegible] പൊട്ടിത്തെറിയായിരുന്നു...കണ്ണീരിന്റെ ഒരു പ്രവാഹം...

അപ്രതീക്ഷിതമായി ഹൃദയത്തിൽ ഒരു വെള്ളിടി വെട്ടി...അന്നോളം പടുത്തുയർത്തിയ സങ്കല്പങ്ങൾ അപ്പാടെ തകർന്നുവീണു.

"എനിക്കു മാപ്പു തരൂ " കണ്ണീരിലീറനായ മുഖവുമായി അവൾ യാചിച്ചു ...

# ഞാൻ ഏററവും ബഹുമാനിക്കുന്ന കവി–ചങ്ങമ്പുഴ

Thomas D., M. Sc (Previous) Maths.

ഈ നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ തൻെറ സർഗ്ഗപ്രതിഭകൊണ്ട് കൈരളിയെ പുളകംകൊള്ളിച്ച അനുഗൃഹീതകവിയായിരുന്നു ചങ്ങമ്പുഴ കൃഷ്ണപിള്ള. ഇത്രയേറെ ആദരിക്കപ്പെടുകയും അനുകരിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്ത കവി മലയാളത്തിലുണ്ടായിട്ടില്ല. മലയാളത്തിലെ ഏററവും വലിയ റൊമാൻറിക് കവിയായിരുന്നു അദ്ദേഹം. സ്ഥലകാലഭാവങ്ങളെ ഉൾക്കൊള്ളുന്ന അദ്ദേഹത്തിൻെറ ഗാനങ്ങൾ കവിതാപ്രേമികളുടെ നാവിൽ അനിതരസാധാരണമായ വേഗത്തിൽ സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുകയാണ്. കാലഘട്ടത്തിന്റെ എല്ലാ പരീക്ഷണങ്ങളിലും ഭാഗഭാക്കായ അദ്ദേഹത്തിൻെറ വിഷാദമൂകമായ സ്വരമാധുരിയിൽ നാം ലയിക്കാൻ തുടങ്ങിയപ്പോൾ തന്നെ ആ ഗാനം നിശ്ചലമായി. ആ പ്രതിഭാശാലിയുടെ കാവ്യസപര്യയിലേക്ക് നമുക്കൊന്നെത്തിനോക്കാം.

മഹാകവിത്രയം പണ്ഡിതോചിതമായ രീതിയിൽ കവിതയെ കൈകാര്യം ചെയ്തുവെങ്കിലും അവരുടെ ശംഖനാദം സാമാന്യജനങ്ങളിലെത്തിച്ചേർന്നോ എന്നു സന്ദേഹമാണ്. പണ്ഡിതരായ ഒരു വിഭാഗം ആളുകളാണ് ഇന്നും അവരുടെ ആരാധകർ. അങ്ങനെ രാജകീയ സംരക്ഷണത്തിൽ കവികൾ പണ്ഡിതർക്കുവേണ്ടി കവിതകൾ രചിച്ചിരുന്ന ഒരു കാലഘട്ടത്തിൽ സാധാരണക്കാരനു് അഭിഗമ്യമായ രീതിയിൽ ലളിതകോമള പദാവലികളിലൂടെ താളമേളങ്ങളോടുകൂടി രംഗപ്രവേശനം ചെയ്യുകയായിരുന്നു ചങ്ങമ്പുഴ ചെയ്തതു്. സംസ്കൃതവൃത്തനിബദ്ധങ്ങളായ കാവ്യങ്ങളോട് മലയാളത്തിലെ സാമാന്യജനത വച്ചുപുലർത്തിയിരുന്ന വിരക്താഭിരുചിയെപ്പററി ശരിക്കും ബോധവാനായിരുന്നു ചങ്ങമ്പുഴ. തൻെറ അഗാധമായ അനുഭൂതിയുടെ ഹൃദയഹാരിയായ ആവിഷ്കരണം കൈരളിക്കു സംഭാവന ചെയ്യുകയാണ് ചെയ്തതു്. 'പദങ്ങളുടെ കിലുകിലാരവവും സ്നിഗ്ദ്ധകോമളിമയുമാണ് ചങ്ങമ്പുഴക്കവിതയുടെ മുഖമുദ്ര.' അങ്ങനെ ബാഷ്പാഞ്ജലിമുതൽ സ്വരരാഗസുധ വരെയുള്ള തൻെറ അമ്പതിൽപരം കൃതികളിലൂടെ നൂതനമായ ഒരു കവിതാസരണി വെട്ടിത്തുറന്നുകൊണ്ട് കാവ്യ

---

(15–ാം പേജിൽനിന്നും തുടർച്ച)

"സാരമില്ല സുധേ... അകലാൻ വേണ്ടിയാണെല്ലാവരും അടുക്കുന്നതു...!!" അതു പറഞ്ഞു കഴിഞ്ഞപ്പോൾ കണ്ണുകൾ നിറഞ്ഞുതുളുമ്പി...

അവൾ നടന്നു പോയപ്പോൾ നിശ്ചലനായി നോക്കിനിന്നു, മരവിച്ച ഹൃദയവുമായി.

നിദ്രാവിഹീനങ്ങളായ രാത്രികളിൽ ചിന്തകൾ കെട്ടുപിണഞ്ഞു! ഹൃദയത്തിലെ വ്രണം ഉണങ്ങുന്നില്ല... അതു വിങ്ങി വിങ്ങി വേദനപ്പെടുകയാണ്.

ഒടുവിൽ തീരുമാനിച്ചു.

അവളുടെ സൗഭാഗ്യത്തിൽ സന്തോഷിക്കുക... കഴിഞ്ഞതെല്ലാം മറക്കുക...!! അതിനു മാത്രം കഴിയുന്നില്ല. അവൾ പോയിട്ടും വേദന പുരണ്ട ഓർമ്മകൾ മാത്രം ബാക്കിനിന്നു... സ്നേഹത്തിൻെറ ശിക്ഷ വേദന മാത്രമാണ്...

* * *

അശ്രുബിന്ദുക്കൾ അടർന്നു സെററിയിൽ വീണപ്പോൾ തെങ്ങിൻ തലപ്പുകൾക്കപ്പുറത്തു് പകൽ യാത്ര പറഞ്ഞു കഴിഞ്ഞു. ഉമ്മറത്തെ നെയ്ത്തിരി ഇരുട്ടിനോടു പടവെട്ടുകയായിരുന്നു.





HOCKEY 1969—'70

# ഞാൻ ഏററവും ബഹുമാനിക്കുന്ന കവി—ചങ്ങമ്പുഴ

Thomas D., M. Sc (Previous) Maths.

STUDENT CHRISTIAN FELLOWSHIP WORKING COMMITTEE, 1970

(Along with the national General Secretary)

Sitting :—Prof. T. B. Thomas(Chairman, Kerala SCM), Mr. C. C. Cheriankunju (President), Mr. George Thomas (Associate Secretary, Kerala SCM), Mr. Ninan Koshy (General Secretary, Student Christian Movement of India), Prof. C. T. Benjamin (Principal), Mrs. Susheela Alexander, Mr. Prasad Punnoose (Student Secretary, Kerala SCM).

Standing Ist Row :—Alex P. Kuruvilla, George Joseph (Secretary), Mary Joseph, Susan Cherian, Lila Elizebeth John, Mary Kuriakose, George K. George, Oomman Benjamin.

IInd Row—A. O. Kuruvilla, Johny Kuruvilla, Jacob Cherian, Babu John, E. M. Thomas.

absert—Prof. Varughese Ittiavira (Staff Adviser)

HOCKEY 1969-'70

*University Runners-up and District Champions*

Sitting L. to R. —Mrs. A. K. Baby B. Sc; B. P. Ed., Iype Mathew (Captain), Sri. C. T. Benjamin (Principal), Antony Tharakan, Sri. C. G. Varghese (Lecturer in Physical Education).

Standing Ist Row L. to R :—P. J. Philip, Sunny Joseph, Koshy Alexander, Mathew P. Koshy, Thampy Thomas, Sebastian Chacko.

IInd Row L. to R.—Mohammed (games boy), Sellunose Korah, O. E. Abraham P. P. Thomas, Y. Rajan, K. P. Yacob, Supran (games boy)

...ഞ്ഞു...

അവൾ നടന്നു പോയപ്പോൾ നിശ്ച ലനായി നോക്കിനിന്നു, മരവിച്ച ഹൃദയവു മായി.

നിദ്രാവിഹീനങ്ങളായ രാത്രികളിൽ ചി ന്തകൾ കെട്ടുപിണഞ്ഞു ! ഹൃദയത്തിലെ വ്ര ണം ഉണങ്ങുന്നില്ല ...അതു വിങ്ങി വിങ്ങി വേദനപ്പെട്ടുകയാണ്.

ഒടുവിൽ തീരുമാനിച്ചു.

നിന്നു...സ്നേഹത്തിന്റെ ... മാത്രമാണ്"...

*  *  *

അശ്രുബിന്ദുക്കൾ അടന്ന സെററയിൽ വീണപ്പോൾ തെങ്ങിൻ തലപ്പുകൾക്കപ്പുറ ത്തു് പകൽ യാത്ര പറഞ്ഞു കഴിഞ്ഞു. ഉമ്മ റത്തെ നെയ്ത്തിരി ഇരുട്ടിനോടു പടവെട്ടു കയായിരുന്നു.





STUDENT CHRISTIAN FELLOWSHIP WORKING COMMITTEE, 1970



HOCKEY 1969—'70

TABLE-TENNIS 1969-70
*University Runners-up*

Sitting L. to R.—Krishna Gopinath, Sri. C. T. Benjamin (Principal), Sreekumar.
Standing L. to R.—Mrs. A. K. Baby, B. Sc., B. P. E. Ed.,
Sri. C. G. Varughese (Lecturer in Physical Education).
Inabsentia : A. C. Mammen (Captain)





ATHLETICS 1969-70

Sitting L. to R.—Koshy Mathew (Captain) Mrs. A. K. Baby, B. Sc., B. P. Ed., Sri. C. T. Benjamin (Principal), Sri. C. G. Varughese (Lecturer in Physical Education)
Standing L. to R.—Supran (games boy), Padmaraj, Prasad M. George, Ashok S. P. C. Cherry, Mohammed (games boy).

ക്കേരളീയരുടെ ചരിത്രത്തിൽ അദ്ദേഹം ഇ നിച്ചേർത്ത പ്രൗഢമായ അദ്ധ്യായത്തെ "ഇടപ്പള്ളിപ്രസ്ഥാനം" എന്ന പേർ വിളിക്കുകയാണ് ഡോ: എസ്. കെ. നായർ ചെയ്യുന്നത്.

ചങ്ങമ്പുഴ ഒരു കവിയായി ജനിച്ചു; ഒരു കവിയായി ജീവിക്കുകയും ചെയ്തു. അതുകൊണ്ട് തന്നിലെ വ്യക്തിയിൽനിന്ന് ഒരു കവിയുടെ ലോകത്തിലേയ്ക്ക് അനുഭൂതികൾ പ്രകാശകാര്യം അദ്ദേഹത്തിനില്ലായിരുന്നു. തന്നിൽ നിറഞ്ഞുനിന്നിരുന്ന അഗാധമായ കാവ്യാനുഭൂതിയെ ഒട്ടും മാററിക്കാതെ ശുദ്ധവും ലളിതവുമായ ഭാഷയിൽ ഹൃദയ ഹാരിയായി അദ്ദേഹം ആവിഷ്കരിച്ചു. വസ്തുനിഷ്ഠമായ ഒരു അവലോകനത്തിൽ അദ്ദേഹത്തിന്റെ കവിതകൾ മിക്കതും കർതൃപ്രധാനമാണെന്ന് നമുക്ക് മനസ്സിലാകും. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് ആ കവിതകളിൽ വലിയ സ്ഥാനമുണ്ടായിരുന്നു. അതിനാൽതന്നെ ഒന്ന സ്വീകരണം അദ്ദേഹത്തിന്റെ കൃതികൾക്ക സഹജമായിരുന്നു.

നവരസങ്ങളിൽ ശൃംഗാരവും കരുണവുമാണ് അദ്ദേഹം തന്റെ കവിതയിലൂടെ പ്രതിഫലിപ്പിച്ചുകണ്ടത്. പരിവർത്തനത്തിന്റെ ഒരു കാലഘട്ടമായിരുന്നു അത്. ഒന്നാം ലോകമഹായുദ്ധം ജനസാമാന്യത്തിന്റെ ജീവിതഗതിയെ മാററിമറിച്ചിരുന്നു. മതമേക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേയ്ക്കുള്ള മാററം സമൂഹത്തിൽ അനല്പമായ അനിശ്ചിതത്വത്തിനു കാരണമായി. ശാസ്ത്രത്തിന്റെ വളർച്ച ഉള്ളവനെയും ഇല്ലാത്തവനെയും വളരെവേഗം വേർതിരിച്ചു കൊണ്ടിരുന്നു. താൻ ജീവിക്കുന്ന കാലഘട്ടത്തിന്റെ സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ പരാധീനതകളിൽനിന്ന് കവി ആവേശമുൾക്കൊണ്ട് പരിവർത്തനത്തിന്റെ കൊടുങ്കാറ്റിൽപ്പെട്ട് അലങ്കോലപ്പെട്ടു പോകുമായിരുന്ന ജനതയുടെ വൈകാരിക ജീവിതത്തിന് ആശ്വാസവും ആശയവും ആവേശവും പകരുവാൻ ശൃംഗാരകരുണ രസങ്ങളിലൂടെ അദ്ദേഹം രചിച്ച ആത്മാവിഷ്കരണപരമായ ഭാവഗാനങ്ങളിൽ സാമാന്യജനത അവരുടെ ഹൃദയത്തുടിപ്പുകൾ കണ്ടെത്തി. അതുകൊണ്ടാണ് ചങ്ങമ്പുഴ ഒരു കാലഘട്ടമായിരുന്നു എന്ന് പ്രൊ: മുണ്ടശ്ശേരി പറഞ്ഞത്.

നാടിന്റെ സമ്പദ്‌വ്യവസ്ഥയിൽ വന്ന തകർച്ചയും വ്യതിയാനങ്ങളും പട്ടിണിപ്പാവങ്ങളെ കൊന്നൊടുക്കി. ചൂഷകരും ചൂഷിതരുമുള്ള ആ വ്യവസ്ഥ അദ്ദേഹത്തെ അസ്വസ്ഥനാക്കി. അദ്ദേഹം ഉന്നയിച്ചതല്ലി,

വിത്തപ്രതാപം തഴുതിട്ട ഭദ്രമായ്
കെട്ടിയടച്ച കവാടങ്ങളൊക്കെയും
വെട്ടിപ്പൊളിക്കാൻ സ്വരക്തമൊന്നോ വയ-
റൊട്ടിയ യൗവ്വനത്തിനൽക്കൂട്ടുകൾ

സോഷ്യലിസത്തിന്റെ സന്ദേശം സാധാരണ ജനങ്ങൾക്ക പകർന്നു കൊടുത്തുകൊണ്ട് അദ്ദേഹം പാടി:

വിപ്ലവത്തിന്റെ വെണ്മഴുവാലി—
വിത്തശക്തി വിഷദ്രുമം വെട്ടി
വിശ്വശില്പി വിചാരനോദ്യാനം
സജ്ജമാക്കാൻ നമുക്കദ്ധ്വമിക്കാം.

ഇതുവിധത്തിലുള്ള ഉദ്ബോധനങ്ങൾ ചങ്ങമ്പുഴയെ ഒരു വിപ്ളവ കവിയായി ചിത്രീകരിക്കുവാൻ ഡോ: എബ്രഹാം വടക്കേൽ ഇടങ്ങിയ നിരൂപകരെ പ്രേരിപ്പിച്ചിട്ടുണ്ട്. എങ്കിലും സമുദായത്തിലെ അനീതിക്കെതിരായി മലയാള സാഹിത്യത്തിൽ ആദ്യം ശബ്ദമുയർത്തിയത് അദ്ദേഹമായിരുന്നു. പിന്നീടുള്ള ആത്മാർത്ഥത എത്രയോ ശ്ലാഘനീയമാണ്.

ചങ്ങമ്പുഴക്കവിതയിലെ പ്രേമഭാവന പ്രത്യേകം വിശകലനമർഹിക്കുന്നു.

"പ്രണയ ലോലനായമലേ നിന്നുടെ തിരുവിലിന്നു ഞാനെത്തും." അദ്ദേഹത്തിന്റെ പ്രേമഭാവനയുടെ പുതുമകൾ നിവരുകയാണ്. ചങ്ങമ്പുഴയുടെ പ്രേമതത്വങ്ങൾ സദാചാര വിരുദ്ധമാണെന്നുവാദിച്ചു കൊണ്ട് സഞ്ജയൻ ഇടങ്ങിയ നിരവധി നിരൂപകർ അദ്ദേഹത്തിന്റെ നേരേ തൊടുത്തുവിട്ട വിമർശനശരങ്ങൾ ആ വികാര ജീവിയിൽ ഉണങ്ങാത്ത മുറിവുകൾ സൃഷ്ടിച്ചു. ആ മുരളി വിഷാദാത്മകമായിത്തീർന്നു.

"ഇമ്മന്നിൽ സ്വാർത്ഥപ്പകലേശവും പുരളാത്ത
നിർമ്മലപ്രേമം പോലുമപരാധമാണല്ലോ."

ഏതായാലും കവിയിലെ പ്രേമോപാസകൻ അത്രനല്ല നിലവാരം പുലർത്തിയോ എന്നു സംശയമാണു്. യുവജനങ്ങൾക്കു കൂടുതൽ ആകർഷണീയമായ പ്രേമത്തിന്റെ മാംസള ഭാവത്തിനു് കവിതാരൂപം നല്കുവാൻ ചങ്ങമ്പുഴ പരിശ്രമിച്ചുവെന്നു് "ഹേമന്തചന്ദ്രിക" തെളിയിക്കുന്നു. വിമർശനസമ്രാട്ടായ സുകുമാർ അഴീക്കോടിന്റെ അഭിപ്രായത്തിൽ ആശാൻ സമസ്ത ജീവിത വ്യാപ്തമായ സ്നേഹത്തെപ്പറ്റി പാടിയപ്പോൾ ചങ്ങമ്പുഴ യൗവ്വനമാത്ര നിഷ്ഠമായ പ്രേമത്തേയും അതിനേക്കാൾ പ്രേമഭംഗങ്ങളേയും കുറിച്ചു പാടി.

ജീവിതത്തിന്റെ വിഷാദാത്മകതയിലാണു് ചങ്ങമ്പുഴക്കവിതകൾ വേരൂന്നിയിരുന്നതു്. ജീവിതം ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം ഒരു ദുഃഖസത്യമായിരുന്നു.

" ഇല്ല വെളിച്ചം വെളിച്ചമില്ലെല്ലു-
മെല്ലാമിരുട്ടാണിരുട്ടിലാകുന്നു നാം."

എന്നു് അദ്ദേഹത്തെക്കൊണ്ടു പാടിച്ചതു് ജീവിതത്തിലെ എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങളായിരുന്നു. ആത്മാവിനെ ഇട്ടുപിടപ്പിക്കുന്ന ദുരിതങ്ങളും മോഹഭംഗങ്ങളും

"ഇന്നിക്കൊട്ടും കൽത്തുറുങ്കിനകത്തുനി-
ന്നെന്നെ നീ കാലമേ വിട്ടയക്കേണമേ!"

എന്നു പാടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. താനനുഭവിക്കുന്ന കടുത്ത പ്രേമനൈരാശ്യം കവിയെ ഒരു പാഠം പഠിപ്പിച്ചു:

"വ്യാമോഹമാത്രം പ്രപഞ്ചത്തിലു
ള്ളൊരി-
പ്രേമപ്രണയം വെറും വിഷാദാത്മകം"
"ഭ്രാന്തൻ-ജഗത്തിന്റെ ദൃഷ്ടിയിൽ
ഞാൻ വെറും
ഭ്രാന്തൻ-പതിതൻ പരിഹാസപാത്ര
വാൻ"

എന്നു് നിശിതവിമർശകർ കവിയെക്കൊണ്ടു് പാടിച്ചു. തന്റെ പരാധീനതകൾക്കു നിദാനം അദ്ദേഹം കണ്ടുപിടിച്ചു

"ഞാനെന്റെ ഹൃദയത്തെ വഞ്ചിക്കാൻ
പഠിക്കാത്ത-
താണീ വിപത്തുകൾക്കൊക്കെയുമടി-
സ്ഥാനം" എന്നു്.

ജീവിതാനുഭവങ്ങൾക്കു വേണ്ടിയുള്ള പരക്കം പാച്ചിലാണു് ആ ജീവിതത്തെ തകർത്തുകളഞ്ഞതു്. വാസ്തവത്തിൽ അദ്ദേഹം മരണത്തെ ഭയപ്പെട്ടിരുന്നു. ജീവിക്കുവാനുള്ള അഭിനിവേശമാണു് ആ മരണ ഗീതങ്ങളിൽ ഒളിഞ്ഞുകിടക്കുന്നതു് എന്നു് ഡോ: എസ്. കെ. നായർ പറയുന്നതു് എത്രയോ ശരിയാണു്. അഴലിന്റെ ആഴത്തിൽനിന്നു് അദ്ദേഹം പെട്ടെന്നു് പ്രതീക്ഷയുടെ കരയിലേക്കു് തത്തിക്കയറുന്നതു് നമുക്കു കാണുവാൻ കഴിയും.

"അല്ലെങ്കിലും സഖി, വല്ലകാലത്തുമാ
നല്ലകാലം മർത്ത്യനില്ലാതിരിക്കുമോ"

എന്നു് അദ്ദേഹം പ്രത്യാശ പ്രകടിപ്പിക്കുന്നു.

" രാവും പകലും യഥാർത്ഥത്തിലൊന്നു
പോ-
ലാവശ്യമാണീ ഇജ്ജഗത്തിലെന്നോർക്കനീ"

എന്നുതുടങ്ങിയ അനർഗ്ഗളമായ ഗാനവീചികൾ പിന്നീടു നാം ശ്രവിക്കുകയാണു്.

വ്യക്തമായ ഒരു ഫിലോസഫി അദ്ദേഹത്തിനില്ലായിരുന്നു. ആർഷഭാരതത്തിന്റെ സംസ്കാരത്തെ മാനിച്ചുകൊണ്ടു്

"മാനസത്തിന്റെ വിശപ്പിനുമാത്രമാ-
മാമുനിശ്രേഷ്ഠന്മാർ പിച്ചതെണ്ടി"

എന്നു പാടിയ കവി, അടുത്തക്ഷണത്തിൽ

" ജാതൻ ജ്വരജല്പനമയ മായ മായ!!"

എന്നതിനെ തരം താഴ്ത്തുന്നു. "അരികിൽ വരികയേ ഹൃദ്യമേ മദ്യമേ" എന്നു മദ്യത്തെ സംബോധന ചെയ്യുന്ന കവി മറ്റൊരു സന്ദർഭത്തിൽ ചാരായക്കടയായ ഈ ലോകത്തിലേക്കുതന്നെ എന്തിനായി അയച്ചു എന്നു് വിധിയോടു് ചോദിക്കുന്നു.

" ദൈവം നിരർത്ഥകമപ്പദം" എന്നു ജല്പിക്കുന്ന കവി "മർത്ത്യതയുടെ മായക്കുമപ്പുറം
ഉത്തമമാം സനാതനസത്യമേ "
എന്നു ദൈവത്തെ പുകഴ്ത്തുന്നു.



സ്വജീവിതംതന്നെ ഒരു അഗ്നിപരീക്ഷണമായി കണക്കിലെടുത്തുകൊണ്ടു് അതിന്റെ നാനാവിധമായ ഭാവങ്ങളെ ആവേശപൂർവ്വം നോക്കിക്കാണുകയും അവയെ അനുഭവിച്ചറിയുമ്പോൾ ഊഷ്മള ഭാവങ്ങളിൽ ചിരിക്കുകയും തിക്തകാനുഭവങ്ങളിൽ കരയുകയും സ്വാനുഭവങ്ങളിൽ ലേശം കൃത്രിമത്വം വരുത്താതെ ശുദ്ധമായ ഗീതികയിലൂടെ തന്നിലെ സഹജമായ നൈസർഗ്ഗിക ഭാവത്തിൽ പ്രകടിപ്പിക്കുകയുമാണു് അദ്ദേഹം ചെയ്തതു്. അദ്ദേഹത്തിന്റെ കവനങ്ങളിൽ കാണുന്ന ഉത്തമപുരുഷ പ്രയോഗങ്ങളുടെ അതിപ്രസരം അർത്ഥവത്താണു്. കവിത ആത്മാവിഷ്കരണമാണെന്നും സ്വാനുഭവങ്ങളാണു് കവിതയുടെ ജീവനെന്നും തന്റെ കവിതകളിലൂടെ തെളിയിച്ച ഷെല്ലിയുടെ അനല്പമായ സ്വാധീനം ചങ്ങമ്പുഴയ്ക്കുണ്ടായിട്ടുണ്ടു്.

പാശ്ചാത്യ സാഹിത്യത്തിൽ ചങ്ങമ്പുഴയെപ്പോലെ അവഗാഹം നേടിയ മറ്റൊരു കവി മലയാളത്തിലുണ്ടായിട്ടില്ല. ആകയാൽ ബൈറൻ, ഷെല്ലി, കീറ്റ്സ് തുടങ്ങിയവരുടെ സ്വാധീനം അദ്ദേഹത്തിന്റെ കവിതകളിൽ നാം ദർശിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

ചങ്ങമ്പുഴയുടെ കവിതകളോളം അനുകരണം നേടിയ കവിതകൾ ഭാഷയിലിന്നുവരെ ഉണ്ടായിട്ടില്ല. ജീവിതത്തിന്റെ ശ്രുതിമധുരമായ ആ ആവിഷ്കരണം കേരളത്തിലങ്ങോളമിങ്ങോളം യുവഹൃദയങ്ങളിൽ സന്തോഷത്തിന്റെ കത്തലകൾ സൃഷ്ടിക്കുമ്പോൾ ശ്രീ സുകുമാർ അഴീക്കോടു് ചൂണ്ടിക്കാണിക്കുന്നതുപോലെ ജ്ഞാനപീഠം കയറിയ ശ്രീ ജി. ശങ്കരക്കുറുപ്പിനുപോലും ചങ്ങമ്പുഴയുടെ സ്വാധീന വലയത്തിൽനിന്നു് പുറത്തുപോകുവാൻ കഴിഞ്ഞിട്ടില്ല. ജി. കുമാരപിള്ള, പി. ഭാസ്കരൻ, ഏറ്റുമാനൂർ സോമദാസൻ തുടങ്ങിയവർ അദ്ദേഹത്തെ അനുകരിക്കുന്നവരിൽ പ്രഥമഗണനീയരാണു്. അനുകരണം അഭിനന്ദനത്തിന്റെ ലക്ഷണമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ചങ്ങമ്പുഴയോളം ബഹുമാനാദരവുകൾ അർഹിക്കുന്ന മറ്റൊരു കവി ഭാഷയിൽ ഇന്നുവരെ ഉണ്ടായിട്ടില്ല.

# നീതിപൂർവകമായ സാമൂഹ്യവ്യവസ്ഥിതി

നാരായണപിള്ള സി. (Old Student)

## ഗാന്ധിജിയുടെ വീക്ഷണത്തിൽ

മഹാത്മാഗാന്ധി ഒരു രാഷ്ട്രമീമാംസകനോ സാമൂഹ്യശാസ്ത്രജ്ഞനോ ആയിരുന്നില്ല. അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ഹാബ്സ്, ലാക്ക്, മാർക്സ്, എൻജൽസ്, തുടങ്ങിയ ചിന്തകന്മാരെപ്പോലെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെപ്പററി യാതൊരു ശാസ്ത്രഗ്രന്ഥവും രചിച്ചിട്ടുമില്ല. ശാസ്ത്രതത്വങ്ങളും സിദ്ധാന്തങ്ങളുമല്ല ജീവിതാനുഭവങ്ങളാണു് അദ്ദേഹത്തിന്റെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും രൂപം കൊടുത്തതു്. മനുഷ്യന്റെ നാനാമുഖമായ ജീവിത വശങ്ങളെപ്പററി അദ്ദേഹം ദീർഘമായി എഴുതുകയും പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്. ഈ അഭിപ്രായങ്ങൾ ചിലപ്പോഴൊക്കെ പൂർവ്വാപരവിരുദ്ധങ്ങളാണെന്നും തോന്നാം. അദ്ദേഹംതന്നെ അതു സമ്മതിച്ചിട്ടുമുണ്ടു്. തന്റെ മരണാനന്തരം താനെഴുതുകയും പ്രസംഗിക്കയും ചെയ്തിട്ടുള്ളതു മുഴുവൻ ചുട്ടുകരിക്കണമെന്നും തന്റെ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും ധരിക്കുവാനാഗ്രഹമുള്ളവർക്കു് തന്റെ ജീവിതം മാത്രമാണു് ഒരു സന്ദേശമെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ജീവിതം നേട്ടങ്ങളേക്കാൾ കൂടുതൽ ശ്രേഷ്ഠവും മാതൃകാപരവുമായിരുന്നു.

## ഗാന്ധിമാർഗ്ഗം പരീക്ഷിച്ചിട്ടില്ല

അതുകൊണ്ടു് സാമൂഹ്യവും രാഷ്ട്രീയവുമായ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മനസ്സിലാക്കുവാനും പഠിക്കുവാനും ആഗ്രഹമുള്ളവർക്കു് അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങളും ചെയ്തിട്ടുള്ള പ്രസംഗങ്ങളുമല്ലാതെ അദ്ദേഹത്തിന്റെ ജീവിതമാതൃകകൾക്കു പുറത്തു് മറെറാന്നും ആശ്രയിക്കുവാനില്ല. തന്റെ സമകാലീനനായിരുന്ന ലെനിനെപ്പോലെ അദ്ദേഹം ഒരു ഭരണാധികാരിയായിരുന്നിട്ടില്ല. അതുകൊണ്ടു് സാമൂഹ്യവും രാഷ്ട്രീയവുമായ തന്റെ ആശയങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുവാനദ്ദേഹത്തിനവസരം ലഭിച്ചിട്ടില്ല. ലെനിൻ തന്റെ ഗുരുവായിരുന്ന മാർക്സിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സിദ്ധാന്തങ്ങൾ അവയ്ക്കു് കാലാനുരൂപമായ വ്യാഖ്യാനം നൽകി തന്റെ വീക്ഷണത്തോടു പൊരുത്തപ്പെടുത്തി പ്രയോഗത്തിൽ കൊണ്ടുവരികയാണു ചെയ്തതു്. നിർഭാഗ്യവശാൽ മഹാത്മാഗാന്ധിയുടെ സാമൂഹ്യചിന്തകൾ പ്രയോഗത്തിൽ കൊണ്ടുവരുവാൻ അദ്ദേഹത്തിനു് ഒരനുഗാമിയുണ്ടായിരുന്നില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം അധികാരത്തിൽ പ്രവേശിച്ച ഗാന്ധിജിയുടെ അനുയായികളായിരുന്ന നെഹ്റുവും പട്ടേലും ഇൻഡ്യയുടെ രാഷ്ട്രീയവും സാമൂഹ്യവുമായ സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളം അല്പംചില മൗലിക പ്രമാണങ്ങളിലൊഴിച്ചു് ഗാന്ധിജിയുടെ മാർഗ്ഗം സ്വീകരിക്കുവാൻ തയാറായിരുന്നില്ല. ശാസ്ത്രീയമായും യാന്ത്രികമായും ജ്വരവേഗതയോടെ പരിവർത്തനം ചെയ്തുകൊണ്ടിരുന്ന ഒരു ലോകത്തിൽ ഗാന്ധിജിയുടെ സിദ്ധാന്തങ്ങൾ പ്രായോഗികങ്ങളല്ലെന്നു് അവർ ധരിച്ചിരുന്നു. എങ്കിലും ആ മാർഗ്ഗങ്ങൾ ഒന്നു പരീക്ഷിക്കുവാൻപോലും ഒരുങ്ങാതെയാണു് അവർ അവയുടെ അപ്രായോഗികതയെപ്പററി വിധിയെഴുതിയതെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. അതെന്തെങ്കിലുമാകട്ടെ. ഗാന്ധിമാർഗ്ഗങ്ങളുടെ പ്രായോഗികതയിലേക്കു് ഞാൻ കടക്കുന്നില്ല.



## മതപരമായ അടിസ്ഥാനം

നീതിപൂർവകമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിലേക്കുള്ള ഗാന്ധിയൻ സമീപനമെന്നുള്ളതാണു് ചർച്ചാവിഷയം. സാമൂഹ്യവ്യവസ്ഥിതി ഒട്ടനവധി ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശാലമായ വിഷയമാണു്. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ എല്ലാ പ്രശ്നങ്ങളുമതുൾക്കൊള്ളുന്നുണ്ടു്. അതുകൊണ്ടു് ആ പ്രശ്നങ്ങളുടെ ഒന്നോരണ്ടോ വശങ്ങൾ മാത്രമേ ഞാൻ ഈ ചെറിയ പ്രസംഗത്തിൽ സ്പർശിക്കുവാനുദ്ദേശിക്കുന്നുള്ളൂ. അവയുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനുമുമ്പു് ഗാന്ധിജിയുടെ സാമൂഹ്യ ചിന്തകളുടെ അടിസ്ഥാന തത്വങ്ങളെന്തായിരുന്നു എന്നന്വേഷിക്കേണ്ടതുണ്ടു്. ഒരിക്കൽ ഒരു പത്രലേഖകനദ്ദേഹത്തോടു ചോദിക്കുകയുണ്ടായി, അദ്ദേഹം ഒരു രാഷ്ട്രീയക്കാരനോ വിശുദ്ധനോ എന്നു്. താൻ വിശുദ്ധനാകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയക്കാരനാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മതമില്ലാത്ത രാഷ്ട്രീയം ഒരു മരണക്കെണിയാണെന്നദ്ദേഹം എഴുതിയിട്ടുണ്ടു്. അതുകൊണ്ടു് മതപരവും ധാർമ്മികവും സദാചാരപരവുമായ അടിസ്ഥാനങ്ങളിലാണു് അദ്ദേഹം തന്റെ സാമൂഹ്യ സിദ്ധാന്തം കെട്ടിപ്പടുത്തിട്ടുള്ളതെന്നു സിദ്ധിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ ദൈവം സത്യവും മതം കർമ്മവുമാണു്. യുക്തിവാദികൾക്കും നിരീശ്വരവാദികൾക്കും സ്വീകരിക്കാവുന്നവണ്ണം അദ്ദേഹം തന്റെ മതവിശ്വാസങ്ങൾക്കു രൂപം കൊടുത്തിട്ടുണ്ടു്. ഗാന്ധിജി ഒരു വിഗ്രഹധ്വംസകനായിരുന്നു. ബുദ്ധിയ്ക്കും യുക്തിയ്ക്കും നിരക്കാത്ത യാതൊരു ഹിന്ദുമതാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും സ്വീകരിക്കുവാനദ്ദേഹം വിസമ്മതിച്ചു എന്നുമാത്രമല്ല അവയൊക്കെ അദ്ദേഹം തകർത്തുകളഞ്ഞിട്ടുമുണ്ടു്.

## ഗാന്ധിയും മാർക്സും

എന്നാൽ എല്ലാമതങ്ങളും അനുശാസിക്കുന്ന ചില അടിസ്ഥാനമൂല്യങ്ങളിലദ്ദേഹം വിശ്വസിച്ചിരുന്നു. ഈ അടിസ്ഥാന മൂല്യങ്ങളിൽനിന്നു വ്യതിചലിക്കുവാനദ്ദേഹം എപ്പോഴും വിസമ്മതിച്ചു. മാത്രമല്ല ഈ അടിസ്ഥാന മൂല്യങ്ങളാണു് മനുഷ്യരാശിയെ നിലനിർത്തുന്നതെന്നും അവയുടെ അഭാവത്തിൽ ലോകം വെന്തെരിയുന്ന ഒരു ഗോളമായിമാറി ആവാസയോഗ്യമല്ലാതായിത്തീരുമെന്നും അദ്ദേഹം വിശ്വസിച്ചു. ഇവിടെയാണു് ഗാന്ധിസിദ്ധാന്തങ്ങളും മാർക്സിയൻ സിദ്ധാന്തങ്ങളും വേർതിരിയുന്നതു്. മാർക്സിന്റെ തത്വശാസ്ത്രത്തിൽ അടിസ്ഥാനമൂല്യങ്ങളൊന്നുമില്ല. മാർക്സിയൻ ഭൗതിക വാദമനുസരിച്ചു് എല്ലാ മൂല്യങ്ങളും സാപേക്ഷകമാണു്. വസ്തുവാണു് ലോകത്തിലാദ്യമുത്ഭവിച്ചതെന്നു് മാർക്സ് പറയുമ്പോൾ ജീവനാണാദ്യമുത്ഭവിച്ചതെന്നു ഗാന്ധി പറയുന്നു. സത്യം സാപേക്ഷകമാണെന്നും അതു പരിതസ്ഥിതികളും ചരിത്രഗതിയുമനുസരിച്ചു മാറിക്കൊണ്ടിരിക്കുമെന്നും മാർക്സ് സിദ്ധാന്തിക്കുമ്പോൾ സത്യം ശാശ്വതവും അടിസ്ഥാനപരവുമാണെന്നു ഗാന്ധിജി വാദിക്കുന്നു. മനുഷ്യർ പരിതസ്ഥിതികളുടെ സൃഷ്ടി മാത്രമാണെന്നു മാർക്സ് വാദിക്കുമ്പോൾ അവൻ അവന്റെ നടപടികളുടെയും വ്യക്തിമാഹാത്മ്യത്തിന്റെയും സ്രഷ്ടാവാണെന്നു ഗാന്ധിജി വിശ്വസിക്കുന്നു. ലോകത്തിലുള്ള എല്ലാ സംഘട്ടനങ്ങളുടെയും നിദാനം സാമ്പത്തികമാണെന്നു മാർക്സ് പറയുമ്പോൾ സംഘട്ടനങ്ങളെപ്പോഴും മത്സരബുദ്ധികളായ മനുഷ്യരുടെ ഹൃദയങ്ങളിലാണു ജന്മമെടുക്കുന്നതെന്നു ഗാന്ധിജി പറയുന്നു. വർഗ്ഗസമരം ബുദ്ധിയും ബുദ്ധിശൂന്യതയും തമ്മിലുള്ള സംഘട്ടനമാണെന്നും ഈ വിദ്വേഷത്തിനുള്ള ഏക പ്രതിവിധി സത്യവും അക്രമരാഹിത്യവുമാണെന്നും ഗാന്ധിജി അഭിപ്രായപ്പെടുന്നു.

## മൂല്യസിദ്ധാന്തം

മാർക്സിന്റെ സാപേക്ഷകമൂല്യസിദ്ധാന്തമനുസരിച്ചു് അടിമക്കച്ചവടക്കാരന്റെയും അടിമയുടേയും മൂല്യങ്ങൾ രണ്ടും രണ്ടാണു്. ഭൂസ്വാമിയുടേയും കൃഷിപ്പണിക്കാരന്റെയും മൂല്യങ്ങൾ രണ്ടും രണ്ടാണു്. മുതലാളിയുടെയും തൊഴിലാളിയുടേയും മൂല്യങ്ങൾ രണ്ടും രണ്ടാണു്. ഈ സാദൃശ്യം അല്പംകൂടി വലി

ച്ചുനീട്ടിയാൽ കൊലപാതകിയുടെയും കൊല ചെയ്യപ്പെട്ടവൻെറയും മൂല്യങ്ങൾ രണ്ടും രണ്ടാണ്. മോഷ്ടാവിൻെറയും മോഷണത്തിൻെറ നഷ്ടമനുഭവിക്കുന്നവൻെറയും മൂല്യങ്ങൾ രണ്ടും രണ്ടാണ്. സാഹചര്യങ്ങളും പരിതസ്ഥിതികളുമനുസരിച്ചല്ലാതെ മൂല്യങ്ങൾ വിലയിരുത്തുക സാദ്ധ്യമല്ല. സാമ്പത്തികമായ കാരണങ്ങളടിസ്ഥാനമാക്കിയല്ലാതെ ശരിതെറ്റുകൾ നിർണ്ണയിക്ക സാദ്ധ്യമല്ല. ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമായതുകൊണ്ട് ഈ ചരിത്രഗതിയനുസരിച്ച് മൂല്യങ്ങൾ സാപേക്ഷകങ്ങളായി മാറുന്നു. ഈ ഭൗതിക വാദത്തിനും മൂല്യനിർണ്ണയത്തിനും ശാസ്ത്രീയമായ ഒരടിസ്ഥാനവുമില്ല. ഉണ്ടെന്നു സമ്മതിക്കയാണെങ്കിൽ തന്നെയും മൂല്യങ്ങൾക്ക് അവയുടെ ഉയർച്ചയും താഴ്ച്ചയുമനുസരിച്ചല്ലാതെ സാപേക്ഷക ബന്ധമില്ല. ചരിത്രഗതിയനുസരിച്ച് മൂല്യങ്ങൾ മാറിക്കൊണ്ടിരിക്കുമെങ്കിൽ— അവ വ്യക്തികളുടെ സാമ്പത്തികനിലയനുസരിച്ചാണ് വിലയിരുത്തേണ്ടതെന്ന സിദ്ധാന്തം സ്വീകരിക്കപ്പെടുകയാണെങ്കിൽ— മനുഷ്യജീവിതത്തിനോ വ്യക്തികൾക്കോ ധാർമ്മികമായ ഒരു നിലവാരവുമുണ്ടായിരിക്കയില്ല. ഓരോ വ്യക്തിക്കും ചരിത്രഗതിയനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ മാർക്സ് വിഭാവനം ചെയ്യുന്ന ഭൗതിക വാദത്തിനെതിരായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും അവനുണ്ടായിരിക്കണമെന്ന തീർച്ചയാണ്. കാരണം വ്യക്തികളെ നിയന്ത്രിക്കുന്ന ധർമ്മനീതികളൊന്നും തന്നെയില്ലെന്നുള്ളതാണ്. എങ്കിലും സാമ്പത്തിക നീതി, സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ചില അടിസ്ഥാനമൂല്യങ്ങൾക്കുവേണ്ടിയാണ് മാർക്സിയൻ തത്വശാസ്ത്രം നിലകൊള്ളുന്നതെന്നുള്ളത് എത്ര വലിയ വിരോധാഭാസമാണ്. വർഗ്ഗരഹിതമായ സമൂഹം ഒരു അടിസ്ഥാനമൂല്യത്തെയല്ലേ വിഭാവനം ചെയ്യുന്നത്.

മാർക്സിയൻ സിദ്ധാന്തവാദികൾ അടിസ്ഥാന മൂല്യങ്ങളെ എതിർക്കുമ്പോൾ യഥാർത്ഥത്തിൽ മൂല്യങ്ങളെയല്ല മാർഗ്ഗങ്ങളെയാണവരെതിർക്കുന്നത്. ഗാന്ധിജി മാർഗ്ഗവും ലക്ഷ്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിനു പ്രാധാന്യം കല്പിക്കുന്നു. ഉൽകൃഷ്ടമായ ലക്ഷ്യങ്ങൾപോലും അവയുടെ പ്രാപ്തിക്കുവേണ്ടി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ പരാജയപ്പെടുത്തുമെന്നദ്ദേഹം സിദ്ധാന്തിക്കുന്നു. പരിശുദ്ധമല്ലാത്ത മാർഗ്ഗങ്ങളിൽകൂടി ലക്ഷ്യത്തിലെത്തിച്ചേരുവാൻ കഴിഞ്ഞേക്കാം. പക്ഷെ ആ ലക്ഷ്യം ശാശ്വതമോ ഗുണപ്രദമോ ആയിരിക്കയില്ല. വർഗ്ഗഭേദമില്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുകയെന്ന ലെനിൻെറ ലക്ഷ്യം കളങ്കമറ്റ ഒന്നായിരുന്നു. എന്നാൽ ആ ലക്ഷ്യത്തിലെത്തിച്ചേരുവാനദ്ദേഹം സ്വീകരിച്ച മാർഗ്ഗങ്ങൾ അക്രമവും രക്തച്ചൊരിച്ചിലുംകൊണ്ട് കളങ്കപങ്കിലമായിരുന്നതുകൊണ്ടാണ് സോഷ്യലിസം സ്ഥാപിച്ച് അൻപതു വർഷം കഴിഞ്ഞതിനുശേഷവും ഇന്നും രഹസ്യപ്പോലീസും തടങ്കൽപ്പാളയങ്ങളും മർദ്ദനവും പൗരാവകാശധ്വംസനവും കൂടാതെ ഭരണം നടത്തുവാനവർക്കു കഴിയാതെപോകുന്നത്. എന്തായാലും ശുദ്ധമായ ലക്ഷ്യങ്ങളും ശുദ്ധമായ മാർഗ്ഗങ്ങളും അല്ലാതെ എത്ര ശുദ്ധമായ ലക്ഷ്യത്തിനു വേണ്ടിയും വിശുദ്ധമായ മാർഗ്ഗങ്ങളിൽനിന്നു വ്യതിചലിക്കുവാൻ ഗാന്ധിജി തയാറായിരുന്നില്ല. ഇതാണ് മാർക്സിയൻസിദ്ധാന്തങ്ങളും ഗാന്ധിതത്വങ്ങളും തമ്മിലുള്ള അടിസ്ഥാനപരമായ ഭിന്നതയെന്ന് നിഷേധഭീതി കൂടാതെ പ്രസ്താവിക്കാവുന്നതേയുള്ളൂ.

## ജനാധിപത്യവാദി

ഗാന്ധിജി തൻെറ വിരൽത്തുമ്പുകൾവരെ ഒരു ജനാധിപത്യവാദിയായിരുന്നു. പക്ഷെ അദ്ദേഹത്തിൻെറ ജനാധിപത്യം ഇംഗ്ലണ്ടിലും അമേരിക്കയിലും അറിയപ്പെടുന്ന പാർലിമെൻററി ഭരണസമ്പ്രദായമോ പ്രസിഡൻറ് ഭരണമോ ആയിരുന്നില്ല. അദ്ദേഹം പറയുന്നു:—

> "ബ്രിട്ടനിലെ കോമൺസ് സഭയേയോ റഷ്യയിലെ സോവ്യററ് ഭരണത്തേയോ അനുകരിക്കയല്ല എൻെറ ഭാവനയിലുള്ള ജനാധിപത്യം. അവരുടെ ഭരണം ആ രാജ്യങ്ങളിലെ പാരമ്പര്യങ്ങൾക്കനുഗുണമാണ്. നമ്മുടെ ഭരണം നമ്മുടെ പാരമ്പര്യങ്ങൾക്കനുഗുണമായിരിക്കണം. അതെന്താണെന്നു പറയുവാൻ ഇപ്പോഴെനിക്കു കഴിവില്ല. ജനങ്ങളുടെ ധാർമ്മികവും ആത്മീയവുമായ ശക്തിയിലടിയുറച്ച രാമരാജ്യമെന്നു ഞാനതിനെ വിവരിച്ചിട്ടുണ്ട്."

ഗാന്ധിജി തൻെറ ഭാവനയിലുള്ള രാമരാജ്യമെന്താണെന്ന് വീണ്ടും വിവരിച്ചിട്ടുണ്ട്.

ഇൻഡ്യയിൽ ജനിച്ചവരും കുടിയേറിപ്പാർത്തവരും ശരീരാദ്ധ്വാനംകൊണ്ട് രാഷ്ട്രത്തിനു നേട്ടമുണ്ടാക്കിയവരും വോട്ടർമാരായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുമായ ബഹുഭൂരിപക്ഷം പ്രായപൂർത്തിയുള്ള സ്ത്രീപുരുഷന്മാരുടെ ഭരണാനുമതിയോടുകൂടിയ ഒരു ഗവൺമെൻറാണ് സ്വരാജ്യമെന്നു ഞാൻ വിവക്ഷിക്കുന്നത്. ഏതാനും ആളുകൾ അധികാരം വച്ചുകൊണ്ടിരിക്കുന്നതല്ല പിന്നെയോ അധികാരം ദുർവ്വിനിയോഗം ചെയ്യപ്പെടുമ്പോൾ ആ അധികാരത്തെ എതിർക്കുവാനുള്ള കഴിവ് എല്ലാ ജനങ്ങൾക്കും പരിശീലനംവഴി നൽകുകയാണ് യഥാർത്ഥമായ സ്വരാജ്യം. മറുവിധത്തിൽ പറയുകയാണെങ്കിൽ അധികാരശക്തിയെ നിയന്ത്രിക്കയും നിലനിറുത്തുകയും ചെയ്യുന്നതിനെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുന്നതുകൊണ്ടു മാത്രമേ ജനാധിപത്യഭരണം കൈവരികയുള്ളൂ."

ഈ നിർവ്വചനത്തിൻെറ രണ്ടാമത്തെ ഭാഗമാണ് ഗാന്ധിജിയുടെ ജനാധിപത്യത്തിൻെറ സ്വഭാവത്തെപ്പററി ഗവേഷണം നടത്തുന്നവർ അതിപ്രധാനമായി ശ്രദ്ധിക്കേണ്ടത്. അസത്യവും അനീതിയും അക്രമവും അഴിമതിയും നേരിട്ടുനിന്ന് എതിർക്കുവാൻ വേണ്ട കഴിവും ധീരതയും കർത്തവ്യബോധവുമില്ലാത്ത ജനങ്ങൾ അധിവസിക്കുന്ന ഒരു രാഷ്ട്രത്തിൽ ജനാധിപത്യഭരണമസാധ്യമാണെന്നദ്ദേഹം വ്യക്തമാക്കുന്നു. ഗാന്ധിജി ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽ ഏററവും വലിയ വ്യക്തിവാദിയായിരുന്നു. വ്യക്തികളുടെ സംഘടനയാണ് രാഷ്ട്രം. രാഷ്ട്രത്തിനു വ്യക്തികളിൽ കവിഞ്ഞ ഒരു പ്രാമാണ്യവുമില്ല. വ്യക്തിജീവിതത്തിൽ അനർഹമായി ഇടപെടുവാൻ സ്റ്റേററിനവകാശമില്ല. സ്റ്റേററ് എപ്പോഴും ഒരു ക്രമശക്തിയാണ്. സ്റ്റേററിൻെറ ഇടപെടൽ എത്രമാത്രം കുറഞ്ഞിരിക്കുമോ അത്രമാത്രം കൂടുതൽ ആ രാജ്യത്തെ ഭരണം ജനാധിപത്യഭരണമാണ്. അന്ധനും മൂകനും ബധിരനും അദ്ദേഹത്തിൻെറ രാജ്യത്തിൽ തുല്യസ്ഥാനമാണുള്ളത്. അക്രമത്തിലടിയുറച്ച സ്റ്റേററിനെ നിലനിറുത്തുകയെന്നുള്ളതാണ് ഓരോ പൗരൻെറയും കർത്തവ്യം. ഗാന്ധിജിയും ലെനിനും തമ്മിലുള്ള നികത്താനാവാത്ത വിടവും ഇതുതന്നെയാണ്. ലെനിൻ സമൂഹത്തെയല്ലാതെ വ്യക്തികളെ സ്നേഹിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ രാഷ്ട്രത്തിൽ സമൂഹത്തിനുവേണ്ടി എത്ര വ്യക്തികളെയും ബലികൊടുക്കുവാനദ്ദേഹം മടിച്ചിട്ടില്ല. ഗാന്ധിജി ഈ സിദ്ധാന്തം നിഷേധിക്കുന്നു. ആർക്കുവേണ്ടിയും ആരെയും ബലികഴിക്കുവാനദ്ദേഹം സന്നദ്ധനായിരുന്നില്ല.

## സത്യവും അക്രമരാഹിത്യവും

എല്ലാ വ്യക്തികളും ഗവൺമെൻറിൻെറ അനീതികളും അസത്യവും ചെറുക്കുവാൻ സദാ സന്നദ്ധമായി നിലകൊള്ളുന്ന ഒരു രാഷ്ട്രത്തിൽ ഒരു ഗവൺമെൻറിനു നിലനില്പുണ്ടാകുമോ എന്നൊരു ചോദ്യമുണ്ടാകാം. അതു ശരിയുമാണ്. എന്നാൽ ഗാന്ധിജി ഒരു അരാജകവാദിയായിരുന്നു എന്ന കാര്യം ആരും വിസ്മരിക്കരുത്. ആ വിഷയത്തിലേക്കു ഞാനിപ്പോൾ കടക്കുന്നില്ല. എന്നാൽ ഗാന്ധിജി സത്യം പറയുവാനും അക്രമരാഹിത്യമനുഷ്ഠിക്കുവാനുമാണ് ജനങ്ങളെ ഉൽബോധിപ്പിച്ചതെന്നും അതാണദ്ദേഹം ലോകത്തിനു നൽകിയിട്ടുള്ള സന്ദേശങ്ങളെന്നുമുള്ള തെററിദ്ധാരണകൾ തിരുത്തേണ്ടതാവശ്യമായി വരുന്നു. സത്യത്തെയും അക്രമരാഹിത്യത്തെയുംപററിയുള്ള സന്ദേശങ്ങൾ ലോകത്തിനു നല്കിയതു ഗാന്ധിജിയല്ല. ഗാന്ധിജിയേക്കാൾ വ്യക്തിജീവിതത്തിൽ കൂടുതൽ നിഷ്കൃഷ്ടമായി അക്രമരാഹിത്യം പരിപാലിച്ചിട്ടുള്ള സിദ്ധാർത്ഥ മഹർഷിമാരും ഇൻഡ്യയിലുണ്ടായിട്ടുണ്ട്. സാമാന്യ ജീവിതത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളും അക്രമരഹിതരാണ്. സത്യം മനുഷ്യസമുദായം എന്നും അനുഷ്ഠിച്ചുപോന്നിട്ടുള്ള ഒരു ജീവിതവ്രതമാണ്. വാണിജ്യ വ്യവസാ

യിക സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ വാക്കു വിശ്വസിച്ച് കോടിക്കണക്കിനു പണം ദിവസവും കൈമാറുന്നുണ്ട്. അതുകൊണ്ടു സത്യത്തിനും അക്രമരാഹിത്യത്തിനും ഗാന്ധിയൻസിദ്ധാന്തങ്ങളിലുള്ള സ്ഥാനമെന്തായിരുന്നാലും അവയ്ക്കദ്ദേഹം വിവക്ഷിച്ചിട്ടുള്ള അർത്ഥം എന്താണെന്നന്വേഷിക്കേണ്ടതാവശ്യമാണ്.

സത്യം പറയണമെന്നും അക്രമരാഹിത്യമനുഷ്ഠിക്കണമെന്നും മാത്രമല്ല ഗാന്ധിജി തന്റെ അനുയായികളേയും അവർവഴി ലോകത്തേയും ഉൽബോധിപ്പിച്ചതു്. പിന്നെയോ എവിടെയൊക്കെ അസത്യവും അക്രമവും അധർമ്മവും അനുഭവപ്പെടുന്നുവോ അവിടെയൊക്കെ സംഘടിച്ചോ ഏകനായി നിന്നോ അവയെ അക്രമരഹിതമായ മാർഗ്ഗങ്ങളിൽക്കൂടി ചെറുത്തു തോല്പിക്കണമെന്നും അതിലേയ്ക്കുവേണ്ടി സർവ്വസ്വവും ത്യജിക്കുവാൻ ഓരോ വ്യക്തിയും തയാറായിരിക്കണമെന്നുമാണദ്ദേഹം പഠിപ്പിച്ചതു്. അക്രമരാഹിത്യം ഭീരുത്വത്തിനുള്ള മറയല്ല. അക്രമങ്ങളും അധർമ്മവും ഭയന്ന് ഒളിച്ചോടിപ്പോകുന്നതിൽ നന്ന് അക്രമം പ്രയോഗിച്ച് അവയെ ചെറുക്കുകയാണെന്നദ്ദേഹം പറഞ്ഞിട്ടുണ്ട്. അക്രമത്തേയും അധർമ്മത്തേയും അക്രമരാഹിത്യവും സത്യവുംകൊണ്ടു ചെറുക്കയും അതിലേയ്ക്കുവേണ്ടി ജീവൻ ബലികഴിക്കുവാൻപോലും സന്നദ്ധനാകയും ചെയ്യുന്നതു ജനാധിപത്യ വ്യവസ്ഥിതിയിൽ ഓരോ പൗരന്റേയും കടമയാണെന്നദ്ദേഹം ഉൽബോധിപ്പിക്കുന്നു. ഗാന്ധിജിയുടെ സത്യത്തേയും അക്രമരാഹിത്യത്തേയും പററി നിരർത്ഥമായി പ്രസംഗിക്കയും അദ്ദേഹത്തിന്റെ സന്ദേശങ്ങളെപ്പററി പ്രചരണം നടത്തുകയും ചെയ്യുന്ന ഗാന്ധിഭക്തന്മാരിൽ എത്രപേർ ഇതിനു തയാറുണ്ട്. അക്രമങ്ങളും അസത്യവും അധർമ്മവും ഇല്ലാത്തതുകൊണ്ടാണോ അവർ പ്രവൃത്തിരൂപേണ ഗാന്ധിജിയെ അനുകരിക്കാത്തതു്. എന്റെ അറിവിൽ ഗാന്ധിജിയുടെ ഒരൊററ അനുയായി മാത്രമേ ഇന്നു ജീവിച്ചിരിക്കുന്നുള്ളു. അദ്ദേഹം കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുൻപ് ഇൻഡ്യ സന്ദർശിച്ചിട്ട് തിരിച്ചുപോയി. ഖാൻ അബ്ദുൾജാഫർ ഖാനെയാണ് ഞാനുദ്ദേശിക്കുന്നതു്. കഴിഞ്ഞ 23 വർഷങ്ങളായി ഏകനായി നിന്നുകൊണ്ടദ്ദേഹം പാകിസ്ഥാൻ ഭരണാധികാരികളെ എതിർക്കയും തന്റെ വിശ്വാസപ്രമാണങ്ങൾക്കുവേണ്ടി നിസ്തുലമായ ത്യാഗങ്ങളും കഷ്ടതകളും അനുഭവിക്കയും ചെയ്യുകയായിരുന്നു. അധർമ്മങ്ങളും അസത്യങ്ങളും അക്രമങ്ങളും ജീവൻ ബലികൊടുത്തും എതിർക്കുവാൻ സന്നദ്ധതയുള്ള ജനങ്ങളുടെ ഒരു ഭരണവ്യവസ്ഥിതിയാണ് ഗാന്ധിജിയുടെ ഭാവനയിലെ ജനാധിപത്യം.

## ജനാധിപത്യനിർവ്വചനം

ഗാന്ധിജി ഒരു ജനാധിപത്യവാദിയായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ജനാധിപത്യം പാർലിമെന്ററി ഭരണസമ്പ്രദായമല്ലെന്നു ഇതിനു മുൻപു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹമെഴുതുന്നു.

> "ഗ്രാമസ്വരാജ്യമെന്ന പദംകൊണ്ട് ഞാനർത്ഥമാക്കുന്നതു് പ്രാഥമികമായ ആവശ്യങ്ങൾക്കു മററാരേയും ആശ്രയിക്കാത്തതും എന്നാൽ ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾക്കു പരസ്പരമാശ്രയിച്ചും കഴിഞ്ഞുകൂടുന്ന വില്ലേജ് റിപ്പബ്ളിക്കുകളെന്നാണ്. ഓരോ ഗ്രാമത്തിന്റേയും ആദ്യകർത്തവ്യം അവിടത്തെ ജനങ്ങൾക്കാവശ്യമുള്ള ആഹാരസാധനങ്ങളും വസ്ത്രങ്ങൾക്കാവശ്യമുള്ള പരുത്തിയും കൃഷി ചെയ്തുണ്ടാക്കുകയെന്നുള്ളതാണ്. കന്നുകാലികൾക്കു മേയുവാനും കുട്ടികൾക്കു കളിക്കുവാനും ഗ്രാമീണർക്ക് വ്യായാമത്തിനും അവിടെ ഭൂമി ഒഴിച്ചിട്ടിരിക്കണം. ഓരോ ഗ്രാമത്തിനും ആവശ്യമുള്ള ശുദ്ധജലസംഭരണകേന്ദ്രമുണ്ടായിരിക്കും. നാടകശാലയും പള്ളിക്കൂടങ്ങളും പൊതുസമ്മേളനസ്ഥലങ്ങളും ഓരോ ഗ്രാമത്തിലുമുണ്ടായിരിക്കണം. ഈ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലായിരിക്കും നിർവ്വഹിക്കപ്പെടുന്നതു്. ഗ്രാമസംരക്ഷണത്തിനു സേവനമനുഷ്ഠിക്കുവാൻ സൂക്ഷിപ്പുകാരെ മാറിമാറി നിയമിക്കണം. അഞ്ചംഗങ്ങളടങ്ങിയ ഒരു പഞ്ചായത്തായിരിക്കും ഗ്രാമസർക്കാർ. പ്ര



(Dr. P. M. C. TROPHIES)



" The Opening "



Mr. P. M. Abraham–at the closing function



കലോത്സവത്തിൽ ഒന്നാം സമ്മാനം നേടിയ
സ്വർണ്ണരേഖയുടെ "നിഴലുകൾ ശബ്ദങ്ങൾ"

TENNIS TEAM 1969–'70



Krishna Ranganath (Captain of the University team)
Rebecca Thomas (Represented the University)

ത്യേക യോഗ്യതകളുണ്ടായിരിക്കേണ്ട ഇവരെ ഗ്രാമവാസികൾ പ്രതിവർഷം തിരഞ്ഞെടുക്കണം. ഗ്രാമത്തിലെ നിയമസഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും പഞ്ചായത്തായിരിക്കും."

ഇങ്ങനെ സ്വയംഭരണാധികാരവും സ്വയംപര്യാപ്തതയുമുള്ള ഏതാനും വില്ലേജ് റിപ്പബ്ളിക്കുകളാണ് ഗാന്ധിജി വിഭാവനം ചെയ്ത ജനാധിപത്യം. ഈ വ്യവസ്ഥിതിയിൽ കേന്ദ്രഗവൺമെന്റിനു സ്ഥാനമുണ്ടായിരിക്കണമെന്നില്ല. ഉണ്ടെങ്കിൽത്തന്നെ ഗ്രാമഭരണത്തിലിടപെടുവാൻ കേന്ദ്രത്തിനധികാരമുണ്ടായിരിക്കയില്ല. ഓരോ വ്യക്തിയും തന്റെ ഗ്രാമത്തിനുവേണ്ടിയും ഗ്രാമം സംസ്ഥാനത്തിനുവേണ്ടിയും സംസ്ഥാനം രാഷ്ട്രത്തിനുവേണ്ടിയും സർവ്വസ്വവും ബലികഴിക്കുവാൻ തയാറായിരിക്കും.

ഇതിലേക്കു അക്രമരാഹിത്യം വിശ്വാസപ്രമാണമായംഗീകരിച്ചിട്ടുള്ള ഒരു ജനതയും രാഷ്ട്രവും ആവശ്യമാണെന്നദ്ദേഹം സിദ്ധാന്തിച്ചു. അക്രമമാർഗ്ഗങ്ങളിലും സായുധസമരങ്ങളിലുംകൂടിയാണ് ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതെങ്കിൽ ആ അക്രമമാർഗ്ഗങ്ങൾ ജന[illegible] നേതൃത്വം നൽകിയ നേതാക്കന്മാർ ജനങ്ങളുടെ തലയിൽ അവരുടെ സർവ്വാധിപത്യം അടിച്ചേല്പിക്കുമെന്നദ്ദേഹമറിഞ്ഞിരുന്നു. ലോകചരിത്രമതാണ് തെളിയിക്കുന്നത്. റഷ്യയിലതാണു സംഭവിച്ചത്. അക്രമത്തിൽകൂടി സ്വാതന്ത്ര്യംനേടിയ എല്ലാ രാഷ്ട്രങ്ങളും സർവ്വാധിപതികളുടെ നായാട്ടുഭൂമികളാണ്. അതുകൊണ്ടാണ് കാൺഗ്രസ്സ് അക്രമരാഹിത്യം വിശ്വാസപ്രമാണമായംഗീകരിച്ചില്ലെങ്കിലും, ഗാന്ധിജി കാൺഗ്രസ്സിനോടുള്ള ഔദ്യോഗികബന്ധം ഛേദിച്ചുകളഞ്ഞതിനുശേഷവും സമരകാലങ്ങളിൽ നേതൃത്വമേറെറടുത്തു സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങളെല്ലാംതന്നെ അക്രമരഹിതമായ മാർഗ്ഗങ്ങളിൽകൂടി തിരിച്ചു വിട്ടത്. അതുകൊണ്ടുമാത്രമേ ഒരു ജനാധിപത്യരാഷ്ട്രം പടുത്തുയർത്തുവാൻ കഴികയുള്ളു എന്നദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് ഇൻഡ്യയിന്നും സർവ്വാധിപത്യ മാർഗ്ഗങ്ങളിലേക്കോ കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിലേക്കോ തിരിഞ്ഞു നോക്കാതെ ജനാധിപത്യ മാർഗ്ഗങ്ങളിൽക്കൂടി മുന്നോട്ടു നീങ്ങുന്നത്.

അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സർവ്വാധിപത്യമെന്ന പേരിലറിയപ്പെടുന്ന ഒരു ഭരണ വ്യവസ്ഥിതിയാണ് മാർക്സും ലെനിനും വിഭാവനം ചെയ്തിട്ടുള്ളത്. മാർക്സിനു പററിയ തെററും ഇതുതന്നെയായിരുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൽ ഭരണകാര്യം നിർവ്വഹിക്കാൻവേണ്ട കഴിവും പരിജ്ഞാനവുമുള്ളവർ മുന്നോട്ടു വരുമെന്നും അവർ അദ്ധ്വാനിക്കുന്നവരുടെ പ്രതിനിധികളായി ഭരണം നടത്തുമെന്നും അദ്ദേഹം വിശ്വസിച്ചു. എന്നാൽ സംഭവിച്ചതു മറിച്ചാണ്. ഈ സാഹചര്യങ്ങൾ ചൂഷണം ചെയ്ത് ലെനിൻ മാർക്സിന്റെ തത്വശാസ്ത്രത്തിന് ഒരു പാഠഭേദം സ്വീകരിച്ചു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൽ ഭരണശേഷിയുള്ളവരില്ലാത്തതുകൊണ്ട് അവരെ നയിക്കുവാനും നിയന്ത്രിക്കുവാനും ഭരിക്കുവാനുമുള്ള കർത്തവ്യം ബുദ്ധിജീവികൾ ഒരു പാർട്ടിയായി സംഘടിച്ച് അധികാരമേറ്റെടുക്കണമെന്നും അതു കമ്യൂണിസ്റ്റുപാർട്ടിയായിരിക്കണമെന്നും അങ്ങിനെ കമ്യൂണിസ്റ്റുപാർട്ടിയുടെ സർവ്വാധിപത്യം സ്ഥാപിച്ചാൽ മതിയാകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പാഠഭേദം. റഷ്യയിലും ചൈനയിലും അദ്ധ്വാനിക്കുന്നവരുടെ ഗവൺമെന്റല്ല കമ്യൂണിസ്റ്റുകളുടെ സർവ്വാധിപത്യമാണു നിലവിലുള്ളത്. അത് അദ്ധ്വാനിക്കുന്നവരുടെ ഗവൺമെന്റല്ല അദ്ധ്വാനിക്കുന്നവരുടെ തലയിലടിച്ചേല്പിക്കപ്പെട്ട സർവ്വാധിപത്യമാണ്. ഗാന്ധിജിയും അദ്ധ്വാനിക്കുന്നവരുടെ ഗവൺമെന്റാണ് ഭാവനയിൽ കണ്ടിരുന്നത്. ശരീരംകൊണ്ടദ്ധ്വാനിക്കാത്തവന് ആഹാരം ലഭിക്കുവാനവകാശമില്ലെന്ന് കമ്യൂണിസ്റ്റു ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റു ഭരണഘടനയുടെ നിർമ്മാണത്തിനു മുൻപ് ഗാന്ധിജി എഴുതിയ "ഹിന്ദ്സ്വരാജ്" എന്ന ഗ്രന്ഥത്തിൽ ശരീരംകൊണ്ട് അദ്ധ്വാനിക്കാത്ത യാതൊരാൾക്കും ഭക്ഷണത്തിനർഹതയില്ലെന്നദ്ദേഹം എഴുതിയിരുന്നു. കാൺഗ്രസ്സ് അംഗത്വത്തിന് വാർഷികഫീസ് സ്വയം കൈകൊണ്ടു നൂററ നൂലായിരിക്കണ

U

മെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടപ്പോൾ ഓരോ കാൺഗ്രസ്സുകാരനും ശരീരാദ്ധ്വാനം ചെയ്യണമെന്നാണദ്ദേഹം ആവശ്യപ്പെട്ടതു്. കാൺഗ്രസ്സിലെ വൃദ്ധ നേതൃത്വത്തിനു് അതു സ്വീകാര്യമായിരുന്നില്ല. അതുകൊണ്ടു് അടുത്ത തലമുറയെങ്കിലും ശരീരാദ്ധ്വാനത്തിന്റെ ആവശ്യം മനസ്സിലാക്കിക്കൊടുക്കുവാനാണു് "നയിതലിം" എന്ന ശരീരാദ്ധ്വാനത്തിനും പ്രാമുഖ്യം നല്കുന്ന അടിസ്ഥാനവിദ്യാഭ്യാസരീതി അദ്ദേഹം ആവിഷ്കരിച്ചതു്. സമുദായത്തിലൊരു വിഭാഗത്തെ തൊഴിലാളികളെക്കൊണ്ടു കൊന്നൊടുക്കിച്ചല്ല പിന്നെയോ എല്ലാ ജനവിഭാഗങ്ങളെയും അദ്ധ്വാനിക്കുന്നവരായി പരിവർത്തനം ചെയ്താണു് അദ്ധ്വാനിക്കുന്നവരുടെ ഭരണമുണ്ടാക്കുവാൻ ഗാന്ധിജി ശ്രമിച്ചതു്.

ഗാന്ധിജി ഒരു അരാജകവാദിയായിരുന്നു എന്നു ഞാൻ മുൻപു് പ്രസ്താവിച്ചിട്ടുണ്ടു്. മാർക്സിന്റെ കമ്മ്യൂണിസവും ഈ അരാജക വ്യവസ്ഥിതി തന്നെയാണു് വിഭാവനം ചെയ്യുന്നതു്. എല്ലാ മുതലാളിമാരേയും സംഹരിച്ചു് തൊഴിലാളികളുടെ ഗവർണ്മെന്റു് അധികാരമേറെടുക്കുമ്പോൾ സംഘട്ടനങ്ങൾക്കുള്ള എല്ലാ ആവശ്യങ്ങളും അവസാനിക്കുമെന്നും തലേന്നാൾവരെ കൊലയും കൊള്ളയുംകൊണ്ടു് കൈകഴുകി പ്രതിയോഗികളെ കൊന്നൊടുക്കിയ ജനവിഭാഗം തൊഴിലാളി സർവ്വാധിപത്യം സ്ഥാപിതമാകുന്ന പ്രഭാതംമുതൽ ആട്ടിൻകുട്ടികളെപ്പോലെ ശാന്തരും അക്രമരഹിതരും സംഘട്ടന വിരുദ്ധമായിത്തീരുമെന്നും പിന്നിട്ടു് ശക്തിപ്രയോഗമാവശ്യമില്ലാത്തതുകൊണ്ടു് ഗവർണ്മെന്റു് താനേ കൊഴിഞ്ഞുപോകുമെന്നുമാണു് മാർക്സിന്റേയും ലെനിന്റേയും സിദ്ധാന്തം. എങ്കിലും വിപ്ളവത്തിനുശേഷം 50 വർഷങ്ങൾ കഴിഞ്ഞിട്ടും റഷ്യയിലെ മർദ്ദനായുധങ്ങളുടെ വായ്ത്തല ഇന്നും ഒട്ടുംതന്നെ തുരുമ്പുപിടിച്ചിട്ടില്ല. ജനാധിപത്യമോ പൗരാവകാശമോ വ്യക്തിസ്വാതന്ത്ര്യമോ സംഘടനാസ്വാതന്ത്ര്യമോ അവിടെയില്ല. എവിടെനോക്കിയാലും സർവ്വാധിപത്യത്തിന്റേയും മർദ്ദനങ്ങളുടെയും മാറൊലി മുഴങ്ങിക്കേൾക്കാം.

ഗാന്ധിയുടെ സിദ്ധാന്തമനുസരിച്ചു് ഈ അരാജകത്വം അത്ര ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല. ഒരുപക്ഷേ ശതാബ്ദങ്ങളിലെതന്നെ പരിശീലനംകൊണ്ടേ അങ്ങിനെയൊരു ലക്ഷ്യം സാദ്ധ്യമാകയുള്ളു. യൂക്ലിഡിന്റെ വരപോലെ ഒരാദർശം മാത്രമാണതു്. അതിനെ ലക്ഷ്യമാക്കി നീങ്ങുവാനുള്ള മനുഷ്യരാശിയുടെ ശ്രമങ്ങൾക്കാണു് അദ്ദേഹം പ്രാമുഖ്യം നൽകുന്നതു്. ഒരു പക്ഷേ എന്നും ഒരപ്രാപ്യ ലക്ഷ്യമായി മാത്രം അതവശേഷിച്ചേക്കാം. എന്നാൽ ആ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിനു് മാനവ സമുദായത്തിനദ്ദേഹം ഉപദേശിക്കുന്ന മാർഗ്ഗങ്ങളാണു് സത്യം അക്രമരാഹിത്യം ഇടങ്ങിയ അടിസ്ഥാനമൂല്യങ്ങൾ. ആ മാർഗ്ഗങ്ങളിൽക്കൂടിയല്ലാതെ നീതിപൂർവകമായ ഒരു സാമൂഹ്യവ്യവസ്ഥിതി പടുത്തുകെട്ടുവാനാർക്കും കഴികയില്ലെന്നാണു് അദ്ദേഹം ഉൽബോധിപ്പിക്കുന്നതു്.





# ദുർഗ്ഗ

By GRACE T. P., II Psychology

സമയം 8 മണിയായിക്കാണും. നിറഞ്ഞ അന്ധകാരം. എന്നും മഞ്ഞു പൊഴിയുംപോലെ പൂനിലാവു് പൊഴിച്ചുകൊണ്ടിരുന്നിരുന്ന ഇന്ദുവിനു് ഇന്നെന്തുപറ്റി? ചന്ദ്രൻ മനുഷ്യനു് അധീനനായിരിക്കയാണല്ലോ. അതിന്റെ പ്രതിഷേധമായിരിക്കാം. നടത്തത്തിനു വേഗത കൂട്ടി. ചെരുപ്പുകളും ചെമ്മണ്ണും പാദങ്ങളെ നിർബാധം തലോടുന്നുണ്ടു്. കാലിൽനിന്നു് രക്തം വാർന്നുപോകുന്നതായി തോന്നുന്നു. ഛേ! ഒരു മെഴുകുതിരിയെങ്കിലും വാങ്ങിക്കേണ്ടതായിരുന്നു. തല കുനിച്ചുനിന്നു നൃത്തമാടുന്ന നെല്പാടങ്ങളുടെ നടുവിലൂടെയുള്ള ആ ഇടുങ്ങിയ പാത, വടക്കകലെ വെള്ളിമാടുകുന്നുവരെ നീണ്ടുപോകുന്നു.

ചെവി തുളയ്ക്കുന്ന തവളകളുടെ സംഗീതക്കച്ചേരി, ജീർണ്ണിച്ച അമ്പലക്കുളത്തിനരികെ എത്തിയെന്നു് ഓർമ്മിപ്പിച്ചു. ഭയം ഉള്ളിൽ അരിച്ചുകയറുന്നുണ്ടു്. പണ്ടു് അമ്പലക്കുളത്തിൽവച്ചു പേടിച്ചു് പനിയായിക്കിടന്ന രവിയുടെ വിളറിയ മുഖം എന്റെ ചിന്താമണ്ഡലത്തിൽ ഉദിച്ചു. പാവം രവി! ഏതോ ബിംബത്തിന്റെ അവശിഷ്ടങ്ങൾ തല്ലിയുടച്ചുവത്രെ! ലോഡ്ജിലെത്താൻ ഇനി ഏതാനും വാര ദൂരം മാത്രമേയുള്ളു. ബാബുവും ജയനും മറ്റും ഇപ്പോൾ ചീട്ടുകളി ബഹളമായിരിക്കും. കല്ലുകിടങ്ങത്തെത്തി. ഹാവു രക്ഷപെട്ടു. ലോഡ്ജ് ശൂന്യം! എന്നെ പററിക്കുവാൻ വേണ്ടി വാതിലടച്ചിട്ടിരിക്കുകയായിരിക്കും. ലൈററുമില്ലല്ലോ! ഒരു പുതുവ... അടുത്തെത്തി. വാതിൽ പൂട്ടിയിരിക്കുന്നു. നമ്പൂതിരിയുടെ ലോഡ്ജാണു്. "വേണു" താമസമുള്ള പണിക്കരുടെ മകൻ പറഞ്ഞ കഥകൾ ഒന്നൊന്നായി ചലച്ചിത്രത്തിലെന്നപോലെ എന്റെ മനോദർപ്പണത്തിൽ തെളിഞ്ഞുവന്നു. മലബാറിൽ കൊള്ളയും കൊലയും നടന്നിരുന്ന കാലം. സ്ഥലത്തെ ഏററവും പ്രധാനപ്പെട്ട ഇല്ലമാണു് പാണ്ടോട്ടു് ഇല്ലം. അന്നു പല ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള ആ ഇല്ലത്തിന്റെ ഒരു ഭാഗമാണു് ഞങ്ങളുടെ ലോഡ്ജ്. നമ്പൂതിരി ഞങ്ങൾക്കുവേണ്ടി ചില മിനുക്കുപണികളൊക്കെ ചെയ്തിട്ടുണ്ടെന്നു മാത്രം. ഇപ്പോഴത്തെ നമ്പൂതിരിയുടെ മകൻ യൗവനപ്രായത്തിൽതന്നെ ഭ്രാന്തനായി. ഇപ്പോൾ അയാളെ കാണുമ്പോൾ അന്നത്തെ ഭയങ്കരതകളെക്കുറിച്ചു ഭീതി തോന്നും. പഴയ സംഭവങ്ങളുടെ ഒരു ഒടുങ്ങാത്ത ശാപമല്ലേ ഈ ഭ്രാന്തു് എന്നു ഞാൻ സംശയിക്കുന്നു.

ചുററും കാടാണു്. അകലെ കരിംഭൂതങ്ങളെപ്പോലെ കാണുന്ന കരിമ്പനകളിൽ മനുഷ്യന്റെ ചുടുചോര വലിച്ചൂററിക്കുടിക്കുന്ന യക്ഷികൾ എന്നെ ദാഹത്തോടെ തുറിച്ചുനോക്കുന്നതായിത്തോന്നി. പെട്ടെന്നു ഞാനൊന്നു ഞെട്ടി. അടച്ചുപൂട്ടപ്പെട്ട നിലവറയിൽനിന്നും ഒരു തേങ്ങൽ കേട്ടതായി തോന്നി. എഴുന്നുനില്ക്കുന്ന രോമകൂപങ്ങളിൽ രക്തം വിയർപ്പായി പൊടിച്ചുനിന്നു. ഒരു സിഗററു കൊളുത്തിയാലോ. സകല ധൈര്യവും സംഭരിച്ചുകൊണ്ടു് തീപ്പെട്ടി ഉരച്ചു. വാതിൽപ്പടിയുടെ മുകളിൽ നിന്നും താക്കോൽ തപ്പിയെടുത്തു. വാതിൽ ഒരു ഞരക്കത്തോടെ തുറന്നു. "അയ്യോ!!!" ശബ്ദം പുറത്തു വന്നില്ല. സപ്തനാഡികളും സ്തംഭിച്ചുപോയി. ഒരു വെളുത്ത രൂപം അല്പം അകലെയായി മുറിക്കകത്തുകൂടി നീങ്ങുന്നു. ഞാൻ വാതിൽ കൊട്ടിയടച്ചു. തിരിഞ്ഞു നോക്കാതെ റോഡിലേക്കോടി. നേരെ ഹോട്ടലിലേക്കു നടന്നു. നന്നേ വിയർത്തു കുളി

ച്ചിട്ടുണ്ട്. കൂട്ടുകാർ ഊണുകഴിച്ചു വരുന്നുണ്ട്. പഹയന്മാർ. എനിക്കവരോടു വല്ലാത്ത ഈർഷ്യതോന്നി. ഞാൻ ധൈര്യം അവലംബിക്കാൻ ഒരു നിഷ്ഫലശ്രമം നടത്തി. "താനെന്താടേ വിറയ്ക്കുന്നത്?" ഓ അവരെന്റെ കള്ളി മനസ്സിലാക്കിക്കഴിഞ്ഞു. കിതച്ചുകൊണ്ടു നടന്ന സംഭവം ഞാൻ ഒരുവിധം പറഞ്ഞൊപ്പിച്ചു.

"സാരമില്ലടോ. ജനലിൽക്കൂടിയുള്ള അരണ്ട വെളിച്ചം തന്നെയങ്ങനെ തോന്നിപ്പിച്ചതായിരിക്കും." നല്ലവനായ ജയനെന്നെ സമാശ്വസിപ്പിച്ചു.

ഞങ്ങൾ ലോഡ്ജിൽ തിരിച്ചുവന്ന് പരിശോധിച്ചു. യാതൊന്നും പ്രത്യേകമായി കാണുവാൻ സാധിച്ചില്ല. എങ്കിലും ഭയം ഞങ്ങളുടെ മനസ്സിൽ നിറഞ്ഞു നില്പുണ്ടായിരുന്നു. അടുത്ത ദിവസം ഈ പ്രേതബാധ ഒരു സംവാദവിഷയമായിത്തീരുവാനുള്ള ഒരു സംഭവം കൂടിയുണ്ടായി. ശാന്തിനികേതനം ലോഡ്ജിലെ ഗോപി ഞങ്ങൾ ഊണു കഴിക്കുവാൻ പോയിരുന്ന സമയത്തു ഞങ്ങളെ തിരക്കി ലോഡ്ജിൽ വന്നിരുന്നു. എനിക്കുണ്ടായ അതേ അനുഭവം തന്നെ അവനും ഉണ്ടായത്രെ!

പിറ്റേദിവസം വേണു സംഭവമെല്ലാം അറിഞ്ഞപ്പോൾ സംഗതിയുടെ രഹസ്യം ഞങ്ങളെ പറഞ്ഞു മനസ്സിലാക്കി. ദുർഗ്ഗ എന്ന ഒരു പതിനേഴുകാരി അവിടെവച്ച് ആത്മഹത്യ ചെയ്തിട്ടുണ്ടത്രേ! സംഗതിയല്പം ഗൗരവമുള്ളതാണെന്ന് ഞങ്ങൾക്കു തോന്നിത്തുടങ്ങി. അന്നുരാത്രി മുറ്റത്തുകൂടി ഓലമടൽ വലിച്ചുകൊണ്ട് ആരോ ഓടി. ഞങ്ങൾ മുറ്റത്തിറങ്ങിനോക്കി. ഓലയുടെ അംശംപോലും കാണാനുണ്ടായിരുന്നില്ല. ഞങ്ങൾ വീണ്ടും ഉറങ്ങാൻകിടന്നു. ഞാൻ കണ്ണുമിഴിച്ചു കിടക്കുകയാണ്. പ്രേതമെങ്ങാനും വന്നു കഴുത്തുപിടിച്ചു ഞെക്കിയാലോ! പെട്ടെന്നു പുറത്താരോ നടക്കുന്നതായി തോന്നി. ഛ്‌ലിം... ഛ്‌ലിം ഒരു വളകിലുക്കം! നേർത്ത കാലടിശബ്ദം അടുത്തടുത്തു വരുന്നതായിത്തോന്നി. ദുർഗ്ഗയായിരിക്കും. അവളുടെ സുന്ദരമായ ആകാരം ഞാൻ ഒന്നു സങ്കല്പിച്ചുനോക്കി. പെട്ടെന്ന് അവളൊരു യക്ഷിയാണെന്ന കാര്യം ഞാനോർത്തു. പുറത്തെ വാതിലിൽ ഒരു മുട്ടുകേട്ടു. എന്റെ കയ്യും കാലും മരവിച്ചിരിക്കുന്നു. ഞാൻ തല ഭംഗിയാംവണ്ണം മൂടിക്കിടന്നു. ട്ടം—ട്ടം— അതാ പിന്നെയും മുട്ടുകേൾക്കുന്നു.

"ആരാണ് വാതിലിൽ മുട്ടുന്നത്?" ബാബു വിളിച്ചുചോദിച്ചു. എനിക്കു അല്പം ധൈര്യംവന്നു. ഞാൻ പുതപ്പ് തലയിൽ നിന്നും മാറ്റി. എല്ലാവരും പുറത്തിറങ്ങി. ആരുമില്ല. അന്നുരാത്രി ഞാൻ ഉറങ്ങാതെ തന്നെ കഴിച്ചുകൂട്ടി.

സ്ഥലത്തെ ധൈര്യവാനായ ജോസഫ് ചേട്ടൻ പ്രേതത്തെ പിടിക്കാമെന്നേറ്റു. കൃത്യം പന്ത്രണ്ടുമണിക്കാണ് മുട്ട കേൾക്കുന്നത്. ഞങ്ങൾ മുകളിലത്തെനിലയിലിരുന്ന് ചീട്ടുകളിക്കുകയാണ്. സമയം പന്ത്രണ്ടടിച്ചു. അതാ താഴെ മുട്ട കേൾക്കുന്നു. ജോസഫ്ചേട്ടൻ ഞങ്ങളുടെ തലയ്ക്ക് എണ്ണിയെടുത്തു. എല്ലാവരും സ്ഥലത്തുണ്ട്. ഞങ്ങളെല്ലാവരും താഴേക്കിറങ്ങി. വാതിൽ തുറന്നു. ആരേയും കാൺമാനില്ല. പെട്ടെന്ന് മുകളിൽ ആരോ എന്റെ ബൾബുളിൽ അഞ്ചാറു സ്ട്രൈക്കുചെയ്തു. എല്ലാവരും മുകളിലേക്കോടിക്കയറി. ബൾബുളിന്റെ കമ്പി വൈബ്രേറ്റു ചെയ്യുന്നുണ്ട്. മുട്ടിയ ആൾ സ്ഥലത്തില്ല.

"പ്രേതംതന്നെ" ജോസഫ്ചേട്ടൻ പ്രതിവചിച്ചു.

"എന്റെ പൊന്നുകുട്ടിമോനെ ഞാനിനി ഇങ്ങോട്ടില്ല" അയാൾ അപ്പോൾതന്നെ സ്ഥലംവിട്ടു.

പിറ്റേദിവസം ഞങ്ങൾ സഭകൂടി പ്രേതത്തെ ശക്തിയായി എതിർക്കുന്നതിനു പ്ലാനിട്ടു. ഇരുപതുപേർ അടങ്ങുന്ന ഒരു സംഘംതന്നെ ലോഡ്ജിൽ ഹാജരുണ്ട്. വില്ലൻ രാജുവും കളരി ബാലകൃഷ്ണക്കുറുപ്പും ആറടിപൊക്കമുള്ള അലക്സും കത്തിയുമായി ഹാജരുണ്ട്. ലോഡ്ജിനുചുറ്റും ബൾബു ഫിറ്റുചെയ്തു. ധൈര്യമുള്ള അഞ്ചാറുപേർ കുറുപ്പിന്റെ നേതൃത്വത്തിൽ വാതിലിനു നേരെയുള്ള സൈഡ്റൂമിൽ എന്തിനും തയ്യാറായി ഇരിപ്പുറപ്പിച്ചു. ശാന്തിനികേതനത്തിലെ ദൈവവിശ്വാസിയായ അച്ചായനും കൂട്ടത്തിലുണ്ട്. ബാക്കിയുള്ളവർ അകത്തു ശ്വാസമടക്കിപ്പിടിച്ചുനിന്നു. രാജുവും അലക്സും പറമ്പിന്റെ രണ്ടുമൂലകളിലായി പതുങ്ങിയിരുന്നു. ലൈറ്റെല്ലാം അണച്ചു. മുട്ടുകേട്ടാൽ ഉടനെ ലൈറ്റിടുക, കുറുപ്പും കൂട്ടരും വാതിൽക്കലേക്കു ചാടിവീഴുക ഇതായിരുന്നു പ്ലാൻ.



നേരം പതിനൊന്നു കഴിഞ്ഞു. അലക്സിനു ലേശം പേടിതോന്നിത്തുടങ്ങി. പുള്ളി പതുക്കെപ്പതുക്കെ നിരങ്ങി രാജുവിന്റെ അടുത്തെത്തി. രാജുവിന്റെ കത്തി ഒന്നുമിന്നി. കത്തി ഓങ്ങിയതും അലക്സ് "രാജു" എന്നു വിളിച്ചതും ഒപ്പം. അങ്ങനെ ഒരു കൊലപാതകം ഒഴിവായി. പിന്നെ അവർ രണ്ടുപേരുംകൂടിയാവലായി. നേരം പന്ത്രണ്ടുമണിയായി എല്ലാവരും ശ്വാസമടക്കിപ്പിടിച്ചു നില്ക്കുകയാണ്. പക്ഷേ പ്രതീക്ഷയ്ക്കു വിപരീതമായി മുട്ടിനുപകരം രണ്ടു കല്ലുകൾ ചീറിപ്പാഞ്ഞുവന്നു കതകിനുകൊണ്ടു. പെട്ടെന്നു ലൈറ്റിട്ടു കുറുപ്പും കൂട്ടരും പുറത്തുചാടി. ആരുമില്ല എല്ലാവരും ഇളിഭ്യരായി തമ്മിൽത്തമ്മിൽ നോക്കി. "ഏതായാലും ഒന്നുകൂടി പരീക്ഷിച്ചുനോക്കാം." കൂട്ടത്തിൽ പ്രായമുള്ള അച്ചായൻ അഭിപ്രായപ്പെട്ടു. പരീക്ഷണം ആവർത്തിക്കപ്പെട്ടു. പക്ഷേ ഒരു ശബ്ദവുമില്ല. എനിക്കു മുഷിച്ചിൽതോന്നി. ഞാൻ മുകളിലത്തെനിലയിലാണ്. ഒരു കല്ല് ഓടിൽക്കൂടി ഉരുട്ടി താഴെയിട്ടാലോ, എന്റെ മനസ്സു മന്ത്രിച്ചു. പക്ഷെ കല്ലെവിടെകിട്ടാനാണ്. ഞാൻ ശബ്ദമുണ്ടാക്കാതെ ഭിത്തിയുടെ ഒരു കഷണം പൊളിച്ചെടുത്തു പതുക്കെ ജനലിൽക്കൂടി പുറത്തേക്കിട്ടു. പക്ഷേ അതുരുളാതെ നേരെ അച്ചായന്റെ തലയിൽതന്നെ വീണു.

"ഗ്ള" അച്ചായൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്ത ഒരു ശബ്ദത്തോടെ പുറകോട്ട് മറിഞ്ഞു. എല്ലാവരും കൂട്ടത്തിൽ ഞാനും ഓടി താഴെഎത്തി. (എന്നെ അന്നു കണ്ടുപിടിച്ചിരുന്നെങ്കിൽ എല്ലാവരുംകൂടി കഴിച്ചുമൂടിയേനെ!) ഏതാനും മിനുട്ടുകൾക്കകം അച്ചായനു ബോധം തെളിഞ്ഞു. ഏതാനും പേരെക്കൂട്ടി ശാന്തിനികേതനത്തിലേക്കു പറഞ്ഞുവിട്ടു.

എല്ലാവരും പിരിഞ്ഞുപോയശേഷം രണ്ടുദിവസത്തിനകം ലോഡ്ജുമാറാമെന്ന തീരുമാനത്തിൽ ഞങ്ങളെത്തി.

രണ്ടുദിവസത്തെ ഉറക്കച്ചടവ് എന്നെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. പിറ്റേന്നു രാത്രി രാജുവിനോടുകൂടെ കൂടാൻ ഞാൻ തീരുമാനിച്ചു. ഒന്നു സുഖമായി ഉറങ്ങാമല്ലോ. വളരെനേരം ഞങ്ങൾ സംസാരിച്ചിരുന്നു. വിഷയം പ്രേതബാധതന്നെ. ഒടുവിൽ ഞങ്ങൾ രണ്ടുപേരുംകൂടി ആരും കാണാതെ പ്രേതത്തെ പിടിക്കാമെന്നുള്ള നിഗമനത്തിലെത്തി. ഞങ്ങൾ കറുത്തവേഷം ധരിച്ച് രഹസ്യമായി പുറപ്പെട്ടു. ഞാനെന്റെ കൊച്ചുപിച്ചാത്തിയും കൈയിലെടുത്തു. ചെറുപ്പത്തിൽ കേട്ട ഒരു കഥയാണെന്നെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിച്ചത്. പ്രേതത്തെ കണ്ടാലുടൻ ഇരുമ്പിന്റെ ആയുധം കയ്യിലുണ്ടെങ്കിൽ ഒരു കരിങ്കു നിലത്തുവരച്ച് നടുവിൽ കത്തിയാൽ പ്രേതം ഒരു ചെറുപ്രാണിയുടെ രൂപത്തിൽ രക്തത്തിൽകളിച്ച് ചത്തുകിടക്കുന്നത് പിറ്റേദിവസം കാണാൻ സാധിക്കുമത്രെ!

ഞങ്ങൾ അതിവേഗംനടന്ന് കലുങ്കിനടുത്തെത്തി. "നമുക്കിതിനടിയിൽ കയറിയിരിക്കാം" രാജു അഭിപ്രായപ്പെട്ടു. ഞങ്ങൾ അപ്രകാരം ചെയ്തു. രാജു ടോർച്ചടിച്ചു സമയം നോക്കി. പന്ത്രണ്ടിനു പത്തു നിമിഷങ്ങൾമാത്രം. ഞങ്ങൾ ശ്വാസമടക്കിപ്പിടിച്ചിരുന്നു. നേരം പന്ത്രണ്ടുമണിയായി. ഒരു രൂപം ഞങ്ങൾക്കു മുമ്പായി കലുങ്കിനടിയിലേക്കു നിരങ്ങിവന്നു. വെളുത്തവസ്ത്രം പുതച്ചിട്ടുണ്ട്. ഭയംകൊണ്ട് ഞാൻ രാജുവിനെ കെട്ടിപ്പിടിച്ചു. ആ രൂപം എന്താണ് ചെയ്യാൻപോകുന്നതെന്ന് ഞാൻ ശ്രദ്ധിച്ചു. കയ്യിലുള്ള എന്തോ ഞങ്ങളുടെ ലോഡ്ജിന്റെ വാതിലിനെ ലക്ഷ്യമാക്കി വലിച്ചെറിയുന്നു! ഒരേറും രാജു ശക്തിയായി അടിച്ചതും ഒപ്പംകഴിഞ്ഞു.

"അയ്യോ" ആ രൂപം ഉറക്കെ നിലവിളിച്ചു. മനുഷ്യശബ്ദം! രാജു ടോർച്ചടിച്ചുനോക്കി. ഞങ്ങൾ അത്ഭുതംകൊണ്ടു വാപൊളിച്ചുപോയി. 'വേണു' ഏതാനും കല്ലുകളും കയ്യിൽ പിടിച്ചുനിന്നു വിറയ്ക്കുന്നു. ശബ്ദംകേട്ട് ലോഡ്ജിലുള്ള എല്ലാവരും ഓടി

യെത്തി. ഞങ്ങൾ "പ്രേത''ത്തെ കൂട്ടുകാരുടെ മുമ്പിലേക്കു നീക്കിനിർത്തി.

''ഇതാണോ ദുർഗ്ഗയുടെ പ്രേതം!" ജയന്തന്റെ അത്ഭുതം അടക്കുവാൻ സാധിച്ചില്ല. എല്ലാവരും അത്ഭുതപ്പെട്ടു.

അപ്പോഴാണ് ഏതാനും ദിവസങ്ങൾക്കു മുമ്പ് വേണുവിന്റെ ലോഡ്ജിലേക്കുള്ള പ്രവേശനം ഞങ്ങൾ നിരോധിച്ച കാര്യം ഓർമ്മവന്നത്. വേണു ഞങ്ങളുടെ സാധനങ്ങളെല്ലാം നിർബ്ബാധം ഉപയോഗിച്ചിരുന്നതിൽ പൊറുതിമുട്ടി, ഇനിമേലാൽ അവിടെ കയറിപ്പോകരുതെന്ന് ഞങ്ങൾ വിലക്കിയിരുന്നു. ഞങ്ങളെ എങ്ങനെയെങ്കിലും അവിടെനിന്നും ഇറക്കുവാൻ, പ്രതികാരം ചെയ്യുവാൻ ഒരു മാർഗ്ഗം കണ്ടതാണിത്. ഇനിമേലിൽ ഇതാവർത്തിക്കുകയില്ലെന്ന നിബന്ധനയോടുകൂടി വേണുവിനെ വീട്ടിലേക്കു പറഞ്ഞുവിട്ടു.

ഞങ്ങൾ ലോഡ്ജിൽ ചെന്നപ്പോൾ ആരുമില്ലാതെ ബുൾബുൾവായന തകൃതിയായി നടക്കുന്നുണ്ട്. ശബ്ദമുണ്ടാക്കാതെ ഞങ്ങൾ ലൈറ്റടിച്ചുനോക്കി. ഒരു തടിയനെലി ബുൾബുളിന്റെ കമ്പി കടിച്ചുവലിച്ച് അകത്തുകടക്കാൻ കഠിനപരിശ്രമം നടത്തുന്നു! വെളിച്ചംകണ്ടു പേടിച്ചരണ്ട എലി എങ്ങോ പോയൊളിച്ചു. രണ്ടുദിവസത്തെ കാറ്റും കോളും അവസാനിച്ചല്ലോ എന്ന സമാധാനത്തോടുകൂടി ഞാനൊരു സിഗരറ്റും കൊളുത്തി പുക ശക്തിയായി വലിച്ച് ചുരുൾ ചുരുളായി ആകാശത്തേക്കു വിട്ടു. അങ്ങനെ ഞങ്ങളുടെ ദുർഗ്ഗയും പുകയായി ആകാശത്തേക്കു പോയി.





# ശാസ്ത്രയുഗം

M. P. BHAMINI, Class I Mathematics

1

അനാദ്യന്തമാം കാലചക്രത്തിനൊപ്പം
കറങ്ങുന്നൊരീ സുസ്ഥിതപ്രപഞ്ചം
പുരാണേതിഹാസങ്ങൾ ഘോഷിച്ച നാലിൽ–
പ്പെടാതുള്ളൊരഞ്ചാം യുഗത്തിൽക്കടന്നു !

2

സയൻസിന്റെ അത്യുച്ചകേന്ദ്രത്തിലെത്തി
പ്രശോഭിച്ചിടും നവ്യവിജ്ഞാനദീപം,
മനുഷ്യന്റെ തെറ്റായ ബോധത്തെ നീക്കി–
പ്പുരോയാനമാർഗ്ഗങ്ങൾ കാണിച്ചിടുന്നു.

3

പുരാണങ്ങളാം പച്ചപ്പണങ്ങൾ നോക്കി–
പ്പുറംമെന്തളിച്ചുള്ള ലോകേക്ഷണങ്ങൾ,
യഥാർത്ഥം കുറിക്കും സയൻസിന്റെ നവ്യ–
പ്രകാശങ്ങളുൾക്കൊണ്ടു വീണ്ടും തെളിഞ്ഞു.

4

യഥാർത്ഥങ്ങളാണെന്നു നാം പണ്ടുപണ്ടേ–
യുറപ്പിച്ചുവച്ചുള്ള വിശ്വാസമെല്ലാം
വൃഥാബോധമാണെന്നു ഘോഷിച്ചു ശാസ്ത്രം
നടത്തുന്നു തൻ തേരു മുന്നോട്ടു തന്നെ.

5

കവീന്ദ്രർക്കു സൗന്ദര്യ സങ്കേതമായും,
സുധാധാരയേകുന്ന പൊൽപ്പാത്രമായും,
അനന്തത്തിൽ മിന്നിത്തിളങ്ങുന്ന ചന്ദ്രൻ
മനുഷ്യന്റെ കാല്ക്കീഴിലായിക്കഴിഞ്ഞു !

6

"അനേകായിരം കാതമുച്ചത്തിലെന്നോ–
ടടുക്കാൻ മിടുക്കില്ലാത്തതക്ക്''യെന്നായ്;
മദിച്ചുല്ലസിക്കും മതിക്കുള്ള നാട്ടിൽ–
ക്കൊടിക്കൂറപാറിച്ചു"ആംസ്ട്രോങ്ങ്'' ധീരൻ.

7

യുവശ്രീവിലാസ്സ്രീസമുജ്ജ്വല സപ്പ്–
പ്രസിദ്ധോപമാനത്വമാർജ്ജിച്ച മാന്യൻ,
കവിശ്രേഷ്ഠരെല്ലാമമിഷ്ടം വലാമ്പൽ–
ക്കൃശാങ്ഗികൾക്കേകിച്ച യോജിച്ച കാന്തി.

8

ജടാദേവിതന്നാറ കൂട്ടിപ്പി–
ക്ഷമാവാസികൾക്കൊക്കെയുത്താവ,നേവം
സ്ഥിരസ്ലോകനായ് വാനിൽ വാഴുന്ന സാക്ഷാൽ
നിശേശന്റെ ചെമ്പിന്നു നന്നായ്ത്തെളിഞ്ഞു! (യുഗ്മകം)

9

ശരീരം ചിലേടം പിളർന്നും, ചിലേടം
മുഴച്ചും, പൊതംകെട്ടുമാണെന്നാൻ കണക്കെ,
കിടക്കുന്ന ചന്ദ്രന്റെ വൈരൂപ്യഭാവം
നരശ്രേഷ്ഠർചെന്നങ്ങു സാക്ഷാത്കരിച്ചു.

10

ജലം വായുവെന്നൊന്നുമില്ലാതെ, കൂററൻ
കരിമ്പാറയും ചാമ്പലും മുഴക്കെ
വഹിക്കുന്ന ചന്ദ്രന്റെ തത്വം ശരിക്കും
ഗ്രഹിപ്പാനതിൽച്ചെന്നു യന്ത്രങ്ങൾ മർത്ത്യർ.

11

ലഭിച്ചുള്ള ചന്ദ്രാംശവസ്തുക്കൾ നന്നായ്–
പ്പരീക്ഷിച്ചു ശാസ്ത്രജ്ഞർ ശാസ്ത്രീയമായി,
ക്ഷിതിക്കും മതിക്കും പൊരുത്തങ്ങളേറും
വിധത്തിലെന്നാലുമുണ്ടെന്നു കണ്ടു.

12

കട്ടംചാരവും പെട്ടും ചാന്ദ്രമണ്ണിൽ
ചെടിക്കൂട്ടമുണ്ടെന്നു കണ്ടെത്തിയപ്പോൾ,
പല സസ്യജാലം നിറഞ്ഞുള്ള ഭാവി–
ക്കൃഷിപാനമെല്ലാമസ്സുദൃഷ്ടിക്കു കാണായ്.

13

ദിനംതോറുമേറെപ്പെരുക്കം ജനങ്ങൾ-
ക്കിടംപോരപാർപ്പാനിഹത്തിങ്കലെന്നായ്",
ഭയംവേണ്ട, മർത്യൻ സ്ഥിരം ചന്ദ്രനിൽ
പ്പോയ്"
വസിക്കുന്ന കാലം വിദൂരത്തിലല്ല !

14

"വെറും പത്തുസെൻറിന്നുവേണ്ടിക്കലാപം
പിടിക്കേണ്ട, തക്കംപൊഴിക്കേണ്ടനിങ്ങൾ,
ഇടം വേണ്ടതുണ്ടിങ്ങു പോരാം, യഥേഷ്ടം
സുഖിക്കാ" മിതോതുന്നു നമ്മോടു ചന്ദ്രൻ.

15

കുജൻ ശുക്രനിത്യാദിയത്യന്തദൂര-
ത്തെഴും മററു ഗോളങ്ങൾ പൂകുന്നതിന്നും
ഒരുക്കങ്ങൾ ചെയ്യുന്ന "നാസ" ക്ലേശിച്ചും
ഫലിക്കാതിരിക്കില്ലയെന്നാഗ്രഹിക്കാം

16

വിഹായസ്സിലിന്നുക്കമാമദ്ധ്യഭാഗ-
ത്തഹോ ! കൃത്രിമാസ്ഥാനമുണ്ടാക്കിയ
പ്പോൾ.
പരിക്ഷീണമേറെപ്പെടാതിന്നിമേലാൽ
ഗ്രഹംതോറുമുല്ലാസസഞ്ചാരമാകാം !

15 "NASA"—The National Aeronautics and Space Administration. 16 - റഷ്യാക്കാർ നിർമ്മിച്ച Space station.

17

കൊടുംകാററിനേയും നിയന്ത്രിക്കുവാനായ്-
ക്കരുത്തുള്ള യന്ത്രങ്ങൾ നിർമ്മിക്കമൂലം,
ജഗത്തെത്രമുന്നോട്ടു കാൽവച്ചുശാസ്ത്ര-
പ്രകാശത്തിലുൾക്കൊണ്ട ചൈതന്യമോതി!

18

സമുദ്രത്തിനടിത്തട്ടിലത്യത്ഭുതം ! നിർ-
ബ്ഭയം ചെന്നു ചേരുന്നു ശാസ്ത്രജ്ഞരി-
പ്പോൾ
ക്ഷണംതോറുമേറുന്ന വിജ്ഞാനദാഹം
ശമിപ്പിക്കുവോരെങ്ങു കീഴ്മേലുനോട്ടം ?

19

അനുസ്യൂതമിമ്മട്ടു ശാഖോപശാഖം
വളർന്നുല്ലസിക്കുന്ന ശാസ്ത്ര ദ്രുമത്തിൻ,
പ്രപഞ്ചത്തിലെ ശക്തിസർവ്വസ്വവും ഹാ !
ജയിച്ചെങ്ങു ചെന്നെത്തുമെന്നാരറിഞ്ഞു !

20

സയൻസത്രമാത്രം വളർന്നെങ്കിലും മുൻ-
പടിക്കിപ്പൊഴും മർത്യനത്രേമനുഷ്യൻ ;
ശവത്തിന്നു ജീവൻ കൊടുക്കുന്ന സൂത്രം
ധരിച്ചില്ല ശാസ്ത്രജ്ഞരിന്നേവരെയ്ക്കും !

21

മരിക്കാതിരിക്കുന്ന കാലം, മരിച്ചാ-
ലുയിർപ്പിക്കുവാൻ ശക്തികൊള്ളുന്ന കാലം,
ഭവിച്ചീടുകിൽ, ശാസ്ത്രലോകത്തിലന്നേ
ജയിക്കും പരാശക്തിയേയും മനുഷ്യൻ.





Office bearers of the College Union with the Star guest

(Dr. P. M. C. TROPHIES)



Airy Suspense



CAPTAINS OF TEAMS



CAPTAINS



# ഹാസ്യം .....ഹാസ്യം

എം. ജി. എസ്സ്. മേനോൻ, വരാപ്പുഴ, Class II Psychology

ഹാസ്യമെന്നു കേൾക്കുമ്പോൾ തന്നെ എ വ്യത്യാസം കൂടാതെയുള്ള ഈ പേരിടൽ ക
ന്നോ ഒരു ആനന്ദം നമ്മിലേവരിലും കളി ത്തം എത്രപേരെ തെററിദ്ധരിപ്പിക്കുമെന്ന്

CAPTAINS OF TEAMS

Sitting L. to R.—Molly Ann Abraham (Ball Badminton), Susamma K. C. (Hockey), Sbyla Mathai (Basket ball), Rachal Mathew (Volley ball), Ambujam (Athletics), Meera K. John, (Shuttle), Krishna Ranganath (Tennis)

CAPTAINS 1969-'70

L. to R.—Alex P. Kuruvilla (Foot ball), Iype Mathew (Hockey), Antony Tharakan (Cricket), Koshy Mathew (Athletics), Thomas P. P. (Ball Badminton), Radhakrishnan P. (Shuttle Badminton)

ണ്ട്! ഇവയെല്ലാം വെറും ഹാസ്യസമ്പ്ര
ദായങ്ങൾ മാത്രമാണോ? അതോ പരി
ഹാസപ്രച്ഛരങ്ങളാണോ? നേരെനിന്ന്
രണ്ടു വാക്ക് സംസാരിക്കുവാൻ കഴിവില്ലാ
ത്ത 'സിംഹഭദ്ര'ന്മാരും മൂകരാണെങ്കിലും
പേരിൽ അമൃകരായിത്തീരുന്ന 'സുഭാഷി
ണി'മാരും നമുക്കപരിചിതരല്ല. 'മണി,
തങ്കം, കനകം, ശാന്തി' മുതലായ വസ്തുക്രി
യാദികളുടെ പേരുകൾ മനുഷ്യരുടെ ഇടയി
ലും പടർന്നുപിടിച്ചിരിക്കുന്ന ഒരു കാലഘട്ട
ത്തിലാണ് നാമിന്ന് ജീവിക്കുന്നതു്. ലിംഗ

... ഒരു
...ത്യു കവർ പോക്കറിൽനിന്നും എടുത്ത്
മേൽവിലാസം ഒന്നുകൂടി വായിച്ചു—"മി
സ്റ്റർ രമണി" (Mr. Ramani)! ഞാൻ
അമ്പരന്നുപോയി. ഏതു സ്ഥിതി വിശേ
ഷത്തെയാണ് ഞാൻ നേരിടേണ്ടതെന്ന് വ
ളരെയധികം ആലോചിച്ചു. 'എഴുതിയതിൽ
പാററിയ അബദ്ധമായിരിക്കണം.—'മിസ്സി
സ്' (Mrs) എന്നായിരിക്കണം ശരി.' എ
ങ്കിലും അതിൽ 'എസ്' (S) എന്ന കുട്ടി
ച്ചേർക്കുവാൻ ഞാൻ മുതിർന്നില്ല. കാരണം
'മിസ്സ്' ആയിരുന്നാൽ കാര്യമെല്ലാം കഴപ്പ





CAPTAINS



# ഹാസ്യം .....ഹാസ്യം

എം. ജി. എസ്സ്. മേനോൻ, വരാപ്പുഴ, Class II Psychology

ഹാസ്യമെന്നു കേൾക്കുമ്പോൾ തന്നെ എന്തോ ഒരു ആനന്ദം നമ്മിലേവരിലും കളിയാട്ടും. എന്തെന്നാൽ ഏവരിലും ആഹ്ലാദം പകരുന്ന ഒരു സ്ഥിതിവിശേഷമത്രേ ഹാസ്യം. ഹാസ്യരസപ്രദങ്ങളായ സംഭവപരമ്പരകൾ ആരെയാണ് സന്തോഷനിർവൃതിയാൽ പുളകം കൊള്ളിയ്ക്കാത്തതു്? എന്താണ് ഹാസ്യം ?—മററു വിഷയങ്ങളിലെന്നപോലെ മനശ്ശാസ്ത്രത്തിലും അതിപ്രധാനമായ സ്ഥാനം വഹിക്കുന്ന ഒരു സുന്ദരകലയാണ് ഹാസ്യം. മനുഷ്യന്റെ ചിന്താസ്വരൂപത്തെയും രസവാസനകളെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമായ ഒരു കലാരൂപമുണ്ടെങ്കിൽ അതു ഹാസ്യകല ഒന്നു മാത്രമാണ്. അതുകൊണ്ടാണ് ഹസിക്കപ്പെടുന്ന വിഷയങ്ങളും ഹാസ്യരീതിയും കാലദേശവ്യത്യാസമനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നതു്.

കാളകൂടം ഭക്ഷിച്ചിട്ടെന്നപോലെ കറുത്തിരുണ്ടുള്ള എത്രയെത്ര 'സുവർണ്ണകുമാരി'മാർ നമുക്കു ഹാസ്യം പകരുന്നുണ്ടു്! വട്ടക്കണ്ണുകളുരുട്ടി ആരെയും ഭയപ്പെടുത്തുന്ന എത്രയെത്ര 'കമലാരവിന്ദവിലോചന കാമാക്ഷിമാർ' നമുക്കു ചുററും നിലകൊള്ളുന്നുണ്ടു്! ഇവയെല്ലാം വെറും ഹാസ്യരസപ്രചുരങ്ങൾ മാത്രമാണോ ? അതോ പരിഹാസപ്രചുരങ്ങളാണോ ? നേരെനിന്നു് രണ്ടു വാക്കു് സംസാരിക്കുവാൻ കഴിവില്ലാത്ത 'സിംഹഭദ്ര'ന്മാരും മൂകരാണെങ്കിലും പേരിൽ അമൃതകരായിത്തീരുന്ന 'സുഭാഷിണി'മാരും നമുക്കപരിചിതരല്ല. 'മണി, രത്നം, കനകം, ശാന്തി' മുതലായ വസ്തുക്രിയാദികളുടെ പേരുകൾ മനുഷ്യരുടെ ഇടയിലും പടർന്നുപിടിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിലാണു് നാമിന്നു് ജീവിക്കുന്നതു്. ലിംഗവ്യത്യാസം കൂടാതെയുള്ള ഈ പേരിടൽ കത്തും എത്രപേരെ മതറാടിപ്പിക്കുമെന്നു് പറയുക അസാദ്ധ്യം. 'കുഞ്ഞുകുട്ടൻ, രാവണൻ, കുപ്പണ്ണ' എന്നൊക്കെ പേരിടുവാൻ ആരും ഉദ്യമിക്കുമെന്നു് തോന്നുന്നില്ല. കാരണം അവ അത്രമാത്രം കുപ്രസിദ്ധിയാർജ്ജിച്ച പേരുകളത്രെ.

ഈ ലേഖനം എഴുതുവാൻ എനിക്കു പ്രചോദനം നൽകിയതു ഒന്നുരണ്ടു സംഭവങ്ങളാണ്—ഏതാനും മാസങ്ങൾക്കു മുമ്പു് എന്റെ സഹോദരീഭർത്താവിന്റെ ആവശ്യപ്രകാരം അദ്ദേഹത്തിന്റേതായ ഒരു കത്തു് 'രമണി' എന്ന ഒരു എഞ്ചിനിയറെ ഏല്പിച്ചു് മറുപടി വാങ്ങുവാൻ പോകേണ്ടിവന്നു. കത്തു മടക്കി സുരക്ഷിതമായി പോക്കററിൽ സ്ഥാപിച്ചു യാത്രയായി. പഴയ കവികൾ പറഞ്ഞിട്ടുള്ളതുപോലെ കരിമ്പിൻ നീരിന്റെ മാധുര്യവും റോസപ്പൂക്കളുടെ സൌരഭ്യവും ചന്ദ്രികയുടെ വെൺകുളിർകാന്തിയും അടങ്ങിയ ഒരു തരുണീമണിയെ അഭിമുഖീകരിക്കേണ്ടി വരുന്ന വൈഷമ്യത്തെ ഓർത്തും എന്നാൽ പോകാതിരിക്കുവാൻ നിവൃത്തിയില്ലെന്ന സ്ഥിതിയെച്ചൊല്ലിയും ഞാൻ വളരെ വിവശനായി. യാത്രാമദ്ധ്യേ കവർ പോക്കററിൽനിന്നും എടുത്തു് മേൽവിലാസം ഒന്നുകൂടി വായിച്ചു—"മിസ്റ്റർ രമണി" (Mr. Ramani)! ഞാൻ അമ്പരന്നുപോയി. ഏതു സ്ഥിതി വിശേഷത്തെയാണു് ഞാൻ നേരിടേണ്ടതെന്നു് വളരെയധികം ആലോചിച്ചു. 'എഴുതിയതിൽ പററിയ അബദ്ധമായിരിക്കണം.—'മിസ്സിസ്' (Mrs) എന്നായിരിക്കണം ശരി.' എങ്കിലും അതിൽ 'എസ്' (S) എന്നു കൂട്ടിച്ചേർക്കുവാൻ ഞാൻ മുതിർന്നില്ല. കാരണം 'മിസ്സ്'' ആയിരുന്നാൽ കാര്യമെല്ലാം കുഴപ്പ

ന്നാകുമല്ലൊ! 'വരുന്നതു വരട്ടെ' എന്ന നിഗമനത്തിൽ ഞാൻ സ്ഥലത്തെത്തി. രമണിയുടെ ഓഫീസിൽ കയറിച്ചെന്നപ്പോൾ ഞാനാകെ സ്തബ്ധനായിപ്പോയി. "മഹാതിക്തകം'' സേവിച്ചാലെന്നപോലെ എന്റെ മുഖം എന്തൊക്കെയോ വിളിച്ചു പറഞ്ഞു. നായിക 'മിസ്റ്റർ രമണി' തന്നെ. പിന്നീട്ട് ആരെ കാണണമെന്ന് ആരു പറഞ്ഞാലും ആദ്യമായി ഞാൻ ചോദിക്കുന്നത് ആൾ സ്ത്രീയോ പുരുഷനോ എന്നായിരിക്കും. എന്തിനധികം പറയുന്നു പദ്മ, ജയ മുതലായ സംജ്ഞകൾ നെൽവിത്തുകളിലേക്കും അതുപോലെയുള്ള മററു വസ്തുക്കളിലേക്കും പകർന്നിട്ട അവയുടെ പേരുകൾ തൽസ്ഥാനത്തു് നൽകപ്പെട്ടിരിക്കുകയാണ്.

രാത്രിയുടെ നിശ്ശബ്ദതയിൽ ഏകാഗ്രമായി വേദപുസ്തകത്തെ അതേപടി ഹൃദിസ്ഥമാക്കുവാൻ വെമ്പൽപൂണ്ട ഒരു മാന്യനെ നാലഞ്ചുപേർ സഹായിക്കുകയാണ്. ഏററവും പ്രധാനപ്പെട്ട ഭാഗങ്ങൾ അവരോരോരുത്തരും അയാൾക്കു പറഞ്ഞു കൊടുക്കുന്നുണ്ട്. (മതാനുഷ്ഠാനങ്ങൾ പൂർണ്ണമായിട്ടല്ലെങ്കിലും ഭാഗികമായിട്ടെങ്കിലും അനുവർത്തിക്കണമെന്നുള്ള ഒരാഗ്രഹം ഈ ലേഖകനുമുണ്ട്.) ഭാവിഭാസുരതരം വാഗ്ദാനം ചെയ്യുന്ന ഏതോ ഒരു പരീക്ഷയെ ആ മാന്യൻ അഭിമുഖീകരിക്കുവാൻ പോകുന്നതായി എനിക്കു തോന്നി. രണ്ടാം ക്ലാസ്സുവരെ മാത്രം പഠിച്ചിട്ടുള്ള അയാൾ വളരെ ബദ്ധപ്പെട്ട് വായിച്ചിട്ടും അവ ഹൃദിസ്ഥമാക്കുവാനുണ്ടായ വൈഷമ്യം അയാളുടെ മുഖം വ്യക്തമാക്കുന്നുണ്ട്. വളരെ ആകാംക്ഷയോടെ ഞാൻ വിവരമന്വേഷിച്ചു—അടുത്ത ഞായറാഴ്ച തന്റെ മനസ്സമ്മതമാണെന്നും വേദപുസ്തകം പഠിക്കാതെ വിവാഹം കഴിക്കുന്നതിനുള്ള "ലൈസൻസ്'' ലഭിക്കുകയില്ലെന്നും അയാൾ ഒററ ശ്വാസത്തിൽ എന്നെ അറിയിച്ചു. അയാളുടെ ഈ നിസ്സഹായാവസ്ഥയിൽ ലയിച്ചു ഞാനും അല്പമൊന്നു ചിന്തിച്ചുപോയി — ഈ ലേഖകനുൾക്കൊള്ളുന്ന ഒരു വലിയ വിഭാഗം ജനങ്ങൾക്ക് (ഹൈന്ദവസമുദായം) വിവാഹം കഴിക്കണമെങ്കിൽ വല്ല 'ഭഗവത്ഗീത'യോ, 'രാമായണ'മോ മറെറാ മനഃപാഠമാക്കണമെന്നുണ്ടായിരുന്നുവെങ്കിൽ...... !!

## ഹാസ്യം സാഹിത്യത്തിലൂടെ

പാശ്ചാത്യകാവ്യമീമാംസകന്മാർ ഹാസ്യത്തെ പ്രധാനമായി മൂന്നു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു—1. വിററ് അഥവാ ഉക്തിഹാസ്യം. (അനുവാചകരിൽ പെട്ടെന്നു ആശ്ചര്യാനന്ദങ്ങൾ ഉളവാക്കുന്ന വിധത്തിലുള്ള പ്രതിപാദനരീതി.) 2. സററയർ അഥവാ പരിഹാസ–ആക്ഷേപ–സാഹിത്യം. 3. ഹ്യൂമർ അഥവാ സാത്വിക ഹാസ്യം. (ജീവിതത്തിന്റെ പൊരുത്തക്കേടുകളെയും വൈരുദ്ധ്യങ്ങളെയും പുരസ്കരിക്കുന്നത്.) എന്നാൽ സംസ്കൃതാലങ്കാരികന്മാർ ഹാസ്യത്തെ സ്മിതം, ഹസിതം, വിഹസിതം, അവഹസിതം, അപഹസിതം, അതിഹസിതം എന്നിങ്ങനെ ആറായി തിരിച്ചിട്ടുണ്ട്. ഹാസ്യം ഉൽപാദിതമാകുന്നത് അന്യരുടെ വികൃതമായ വേഷാലങ്കാരങ്ങൾ, ധൃഷ്ടത, ലോലമനോഭാവം, ശണ്ഠ, അസഭ്യപ്രലപനം, അംഗവൈകൃതപ്രദർശനം, അന്യോന്യം കുററപ്പെടുത്തൽ മുതലായവയിൽ നിന്നാണെന്നാണ് 'അഭിനവഭാരതി' ഉൽഘോഷിക്കുന്നത്—("ഹാസ്യോനാമ–വികൃതപരവേഷാലങ്കാര ധാർഷ്ട്യലൗല്യ കുഹ കാസൽ പ്രലാപ വ്യങ്ഗദർശന ദോഷോദാഹരണാദി ഭാവൈരുൽപദ്യതേ.")

വിനോദത്തിനും സമുദായപരിഷ്കാരത്തിനുമായി ഹാസ്യത്തെ ബോധപൂർവ്വം വിനിയോഗിച്ച ആദ്യത്തെ മഹാകവി തോലനാണ്. ജീവിതത്തെ മധുരിപ്പിക്കുന്നതിനെന്നപോലെ സംസ്കരിക്കുന്നതിനും ഹാസ്യത്തിനുള്ള കഴിവു അസാമാന്യമാണെന്ന് അദ്ദേഹത്തിനു വേണ്ടുവോളമറിയാമായിരുന്നു. ഹാസ്യസാഹിത്യത്തെപ്പററിയും ഹാസ്യസാഹിത്യകാരന്മാരെപ്പററിയും ചിന്തിക്കുമ്പോൾ കേരളജനതയുടെ മനസ്സിൽ ആദ്യമായിതെളിഞ്ഞു വരുന്നതു കുഞ്ചൻനമ്പ്യാരായിരിക്കും. അന്തസ്സററ പൗരാണിക കഥാപാത്രങ്ങളെ വിദൂഷകവേഷം കെട്ടിച്ച് അരങ്ങത്തു പ്രദർശിപ്പിക്കുവാൻ ആ ഹാസ്യസമ്രാട്ടിനു യാതൊരു മടിയുമില്ലായിരുന്നു. വൈരുദ്ധ്യമാണ് ഫലിതത്തിന്റെ ബീജമെന്നും പരിഹാസത്തിലൂടെ മാത്രമേ നാടിനെ സമുദ്ധരിക്കുവാൻ കഴിയുകയുള്ളുവെന്നും നമ്പ്യാർ വേണ്ടുംവണ്ണം മനസ്സിലാക്കി



യിരുന്നു. കാട്ടാറുപോലെ കുത്തിയൊലിക്കുന്ന ആ വാഗ്ധോരണിയിൽ ഹാസ്യം സ്വാഭാവികമായും അക്ലിഷ്ടമധുരമായും ഒഴുകി വരുകയാണ്. അദ്ദേഹം തീററിപ്പണ്ടങ്ങളായ പട്ടന്മാരെ പരിഹസിക്കുന്നതു നോക്കൂ—

'അല്ലമല്ല ഉളിക്കുന്ന കഴുത്തോളം പുള്ളി
മായി-
ട്ടപ്പുറത്തു കവിഞ്ഞാലും തൃപ്തിയില്ല
ചിലർക്കെല്ലാം
മുപ്പതു കോരികച്ചക്കപ്രഥമൻതാൻ കു
ടിച്ചിട്ടും
മുപ്പറപ്പപ്പടം തിന്നാൽ ചിലർക്കേതും
കുറവില്ല.''

അതിപ്രാചീനകാലം മുതൽക്കു തന്നെ സാമുദായിക ദൗഷ്ട്യങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി ഇവിടത്തെ പ്രമുഖ പരിഹാസകന്മാരായിരുന്ന ചാക്യാന്മാരും നമ്പ്യാന്മാരും ഉററു ശ്രമിച്ചിരുന്നു. ഹാസ്യരസപ്രകടനത്തിൽ കേരളീയർക്ക് പൊതുവെയും അവരിൽ നമ്പൂരിമാർക്കു പ്രത്യേകമായും നൈസർഗ്ഗികമായിട്ടുള്ള ഒരു വാസനാവിശേഷമുണ്ട്. മദ്ധ്യകാലമലയാള സാഹിത്യത്തിലെ അതിപ്രധാനനായ ചെറുശ്ശേരിയും ഹാസ്യരചനാപാടവത്തിൽ തന്റെ സമകാലികനായിരുന്ന കുഞ്ചൻ നമ്പ്യാരിൽനിന്നും അത്ര വിഭിന്നനല്ല. കൃഷ്ണഗാഥയിലെ ഓരോ ഭാഗങ്ങൾ പരിശോധിക്കുമ്പോഴും ചെറുശ്ശേരിയുടെ ശൃംഗാരത്തിൽ അധിഷ്ഠിതമായിരിക്കുന്ന ഹാസ്യരസം നമുക്കനുഭവപ്പെടുന്നതാണ്.

സ്ത്രീകളുടെ ആഡംബരഭ്രമത്തെ വിഷയമാക്കാത്ത ഹാസ്യസാഹിത്യകാരന്മാർ വളരെ വിരളമാണ്. ഇക്കാര്യത്തിൽ നമ്മുടെ സവിശേഷശ്രദ്ധയെ ആകർഷിക്കുന്നതു പുനം നമ്പൂതിരിയാണ്. "പുടവ ഞെറിഞ്ഞതു മുപ്പിളിഭംഗി വരുത്തി-പ്പുനരപി പുനരപി വട്ടമഴിച്ചുടുത്തു''കൊണ്ടു രാമാഭിഷേകം കാണ്മാൻ പോകുന്ന സ്ത്രീകൾ

''നിഴലിൽ തെരുതെരെ നോക്കിക്കണ്ടും
കുറിയുടെ ചുററും വെള്ളംക്കൂട്ടി നനച്ചു
ഉച്ചും
വെള്ളം ചെററുടനെത്തീടായ്കിൽ
ഉപ്പൽ പിരട്ടീട്ടിടയിൽ നനച്ചും......''

കൊണ്ടു യാത്ര ഉടരുന്ന ഭാഗം ഗംഭീരമായിട്ടുണ്ട്. പാശ്ചാത്യരീതിയെ അനുകരിക്കുന്നതിനാൽ പുടവ മുപ്പതുവട്ടം അഴിച്ചുടുക്കേണ്ട ഗതികേട് ഇന്നത്തെ സ്ത്രീകൾക്കില്ല. എന്നാൽ ഈ അനുകരണഭ്രമം 'ടൈററ്' പാൻറ്സി'നേയും കടന്നു പിടിച്ചിരിക്കുന്നതിനാൽ സ്ത്രീപുരുഷന്മാരെ വിവേചിച്ചറിയുവാൻ കഴിയാത്ത ഒരു കാലം അതിവിദൂരമാണെന്നു തോന്നുന്നില്ല. ഭാര്യാഭർത്തൃവിഷയകമായ പൊരുത്തക്കേടിനെ കളിയാക്കുവാൻ പുനം സദാ ബദ്ധശ്രദ്ധനായിരുന്നതായി കാണാം. വെണ്മണി, ശീവൊള്ളി, മറവങ്കര ഇങ്ങിനെയവരും ഇക്കാര്യത്തിൽ പുനത്തിനെക്കാൾ ഒട്ടും മോശമല്ല.

സ്ത്രീകളെപ്പോലെ തന്നെ പുരുഷന്മാരെയും തങ്ങളുടെ ഇലികൾക്ക് പാത്രമാക്കുവാൻ ഹാസ്യസാഹിത്യകാരന്മാർ ശ്രമിക്കാതിരുന്നിട്ടില്ല. ഇതേപ്പററി ചിന്തിക്കുമ്പോൾ എൻ. വി. കൃഷ്ണവാര്യരുടെ 'കൊച്ചുതൊമ്മൻ' എന്ന കവിതയാണെനിക്കോർമ്മ വരുന്നത്. ആ കൊച്ചുതൊമ്മന്റെ രൂപമൊന്നു നോക്കൂ—

'മുയൽ പോൽപ്പല്ലിൽത്തുള്ളും ഷൂസി
മേൽസ്സെർജ്ജാൽ തീർത്തു
ചുളിവീഴാതെ ചന്തമാമെഴും ശരായി
യും,
ഇവെള്ളസ്സില്ലിൻ ഷർട്ടും തൊണ്ടയിൽ
ബ്ലൊറവും മൂക്കിൻ
താഴെ മീശയും, മീതെ പൊന്നണിക്ക
ണ്ണാടയും
കൊച്ചോളമാന്നും നടപിരിഞ്ഞും പി
ന്നോട്ടുന്ന
കൈശ്യവും, ചുണ്ടിന്നുള്ളി 'ലോലാലാ'
സംഗീതവും
ഗോൾഡ് ഫ്ളേക്കിൻ ഗന്ധപ്പുകച്ചുരു
ളും—കലാശാലാ-
മോടിതൻ സർവ്വാംഗീണ മാതൃകയാരു
തൊമ്മൻ'

ഇപ്പോൾ ഈ മാതൃകയ്ക്ക് അല്പസ്വല്പം വ്യത്യാസം വന്നിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. സിൽക്കിന്റെ ഷർട്ടിനു പകരം ടെർലിൻഷർട്ടുകളാണെന്നു മാത്രം, തലമുടി

ഫാഷൻ വളരെ മാറിപ്പോയി-സത്യസായി ബാബയെപ്പോലെയോ മറേറാ തലമുടി വളർത്തി എണ്ണ തൊടാതെ തലയിൽ പാറിപ്പറന്നു നടക്കുക എന്നുള്ള രീതിയാണിപ്പോഴത്തേത്. അവരെപ്പററി കൂടുതൽ പ്രതിപാദിച്ചു ഈ ലേഖനം ദീർഘിപ്പിക്കുവാൻ ഞാനുദ്ദേശിക്കുന്നില്ല.

ഇനി ഗദ്യലേഖനങ്ങളിലേക്കു കടക്കാം. സാമുദായിക സററയറുകൾ രചിച്ച പ്രമുഖ സററയറിസ്ററുകളായ കേസരി നായനാർ, മൂർക്കോത്തു കുമാരൻ, ചന്തുമേനോൻ, ഇ. വി., സഞ്ജയൻ എന്നീ പ്രതിഭാശാലികളും ഉതിഹാസ്യകർത്താവായ വേളൂർ കൃഷ്ണൻകുട്ടിയും സ്വച്ഛന്ദം വിഹരിക്കുകയാണിവിടെ. മലയാളം പ്രായോഗികമാകുന്നതു തങ്ങളുടെ 'സ്ററാററസി'നു കുറവാണെന്നു കരുതി അർത്ഥമറിയാതെ ഇംഗ്ലീഷ് വാക്കുകൾ തട്ടിമൂളിക്കുന്ന വിദ്വാന്മാരെ കേസരി കണക്കിനു കളിയാക്കിയിട്ടുണ്ട്. "..........മജിസ്ട്രേട്ടായി നിശ്ചയിച്ച ഒരു വിദ്വാൻ ഇംഗ്ലീഷിൽ വിധിയെഴുതാൻ നിശ്ചയമില്ലാത്തതുകൊണ്ടു മുമ്പാരോ എഴുതിയ നാലഞ്ചുതരം വിധികൾ മാതൃകയായി കാണാപ്പാഠം പഠിച്ചു തരംപോലെ നാളും പേരും മാററി വിധി കല്പിക്കുന്നതായി നമുക്കു തന്നെ പരിചയമുണ്ട്......." എന്നാണ് ശ്രീ നായനാർ രേഖപ്പെടുത്തിയിട്ടുള്ളത്. **സഞ്ജയൻ:-** ഇദ്ദേഹത്തോളം സാംസ്കാരികമായ കലാസമ്പത്തോടുകൂടി വിനോദസാഹിത്യത്തിൽ വിഹരിച്ചവർ കുഞ്ചൻനമ്പ്യാർക്കിപ്പുറം വേറെയില്ലെന്നുള്ള കാര്യം അവിതർക്കിതമാണ്. ഇദ്ദേഹത്തെപ്പോലെ 'സമസ്തകേരള കൊതു മഹാസമ്മേളന'വും 'അഖിലഭാരത ലഹരി പദാർത്ഥസമ്മേളന'വും വിളിച്ചുകൂട്ടുവാൻ കഴിവുററ സാഹിത്യനായകന്മാർ മലയാളത്തിൽ വളരെ കുറവാണെന്നു സമ്മതിച്ചേ പററൂ. ഗദ്യലേഖനങ്ങളെപ്പോലെ തന്നെ പദ്യലേഖനങ്ങളും സഞ്ജയന്റെ വകയായുണ്ട്. അക്രമത്തിനും അനീതിക്കും എതിരായി ഏററവും ശക്തിമത്തായ ഭാഷയിൽ തന്റെ ഹാസ്യതൂലിക ചലിപ്പിച്ച ആ കർമ്മധീരനെ നമുക്കു വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

സഞ്ജയൻ നാട്ടിൽ നിലവിലിരുന്ന അനാചാരങ്ങളും അക്രമങ്ങളും ഇല്ലായ്മ ചെയ്യുവാൻ വേണ്ടിയാണ് തന്റെ കൃതികൾ ഉപയോഗപ്പെടുത്തിയതെങ്കിൽ വേളൂർ തന്റെ ആസ്വാദകർക്ക് അല്പം പൊട്ടിച്ചിരിക്കുവാനുള്ള വകയാണ് തന്റെ കൃതികളിൽ സംഭരിച്ചിട്ടുള്ളത്. ആയതിൽ പ്രത്യേകമായ ആശയങ്ങളോ അഭിപ്രായങ്ങളോ വേളൂരിനു നൽകാനില്ല. 'അഖിലകേരള വയസ്സൻസ് ക്ലബ്ബ്'. 'നിത്യകല്യാണി പ്രൊഡക്ഷൻസ്'. 'ദൈവത്തെ തൊട്ടാൽ തൊട്ടോനെ തട്ടും', 'ആൾക്കൂട്ടത്തിലേലിയാമ്മ' മുതലായ വേളൂരിന്റെ കൃതികളുടെ പേരുകൾ കേൾക്കുമ്പോൾത്തന്നെ അതിലടങ്ങിയിരിക്കുന്ന ഹാസ്യവും പരിഹാസവും നമുക്കൂഹിക്കാവുന്നതേയുള്ളു. "പിള്ളേരല്ലേ. പിള്ളാരല്ലേ കണ്ടാലിച്ചിരെ തിന്നാകേലേ" എന്നു പറഞ്ഞതുപോലെ അവിവാഹിതയായ പെണ്ണല്ലേ. പത്രമല്ലേ. കണ്ടാലൊരു വിവാഹവാർത്തയെങ്കിലും വായിക്കാതെ വിടുമോ" എന്നു തന്റെ നായികയെ പരിഹസിക്കുന്ന ഭാവേന അന്തരംഗക്കാരായ തരുണീമണികളെ തന്റെ സ്വാഭാവികമായ ഹാസ്യരസത്താൽ ഒരു 'അച്ചന' നടത്തുകയാണ് ശ്രീ വേളൂർ. ലേലം വിളികൾക്കിടയിൽ ഉറക്കം തൂങ്ങിക്കൊണ്ടിരുന്ന ഒരു ബീഡി തെറുപ്പുകാരനെക്കൊണ്ട് 'ഒരു കെട്ട് ബീഡി' എന്നു വിളിച്ചു പറയിപ്പിക്കുവാനും നമ്മുടെ കഥാകൃത്തു മടിക്കുന്നില്ല.

വെററിലക്കറ പുരണ്ട അധരങ്ങളിളക്കി, നീണ്ട ദംഷ്ട്രങ്ങൾ പുറത്തേക്കു നീട്ടി വൃത്തിയായി ചിരിക്കുന്ന ഒരു മനുഷ്യനെ ഒരു ചിത്രകാരൻ എടുത്തുകാട്ടുമ്പോൾ, അതിവിരൂപമായ ഒരു രൂപത്തെ മനോഹരമായ അമ്പിളിയോട് ഒരു കവി ഉപമിക്കുമ്പോൾ, വിരസതകലർന്ന അന്തരീക്ഷത്തിൽ വികടതയാർന്ന സംഭവത്തെപ്പററി ഒരു കഥാകൃത്ത് വർണ്ണിക്കുമ്പോൾ, വായനക്കാരായ നാമേവരും പരിസരത്തെ അപ്പാടെ വിസ്മരിച്ച് ഹൃദയം കുളിർക്കെ ഒന്നു ചിരിച്ചുപോകും. ഇതിനെല്ലാം കാരണമെന്ത്? അവസരോചിതമല്ലാത്ത സംഭവപരമ്പരകൾ, അനുയോജ്യമല്ലാത്ത വേഷവിധാനങ്ങൾ അഥവാ രൂപസാദൃശ്യങ്ങൾ, പ്രതീക്ഷക്കു നിരക്കാത്ത അരങ്ങേററങ്ങൾ—ഇവയെല്ലാം ഹാസ്യജനകമാണ്.





# ഇരുട്ടും വെളിച്ചവും

കെ. രാധാകൃഷ്ണൻ, ക്ലാസ് I മലയാളം

അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി. നീണ്ടുകിടക്കുന്ന തൊടി. അതിനപ്പുറം യൂക്കാലിപ്റ്റസ് മരങ്ങൾ വളർന്നുനില്ക്കുന്നു. കുന്നിനെ ചുംബിക്കുന്ന വെള്ളിമേഘങ്ങൾ.

ഇവിടെ വന്നിട്ട് ഒരു മാസമായി. എങ്കിലും ഒന്നിനും പുതുമ നശിച്ചിട്ടില്ല. ഈ ഭാഗ്യമെല്ലാം തനിക്ക് നഷ്ടപ്പെട്ടമായിരുന്നു. എത്ര വേഗമാണ് എല്ലാം സംഭവിച്ചത്. കഴിഞ്ഞതെല്ലാം മറക്കണമെന്നുണ്ട്. നഷ്ടപ്പെട്ട നാളുകളെക്കുറിച്ച് ഒരിക്കലും ഓർക്കരുത്, പക്ഷേ ആ നാളുകൾ മറക്കുവാൻ കഴിയുന്നില്ല. അവയെല്ലാം മനസ്സിൽ വീണ്ടുംവീണ്ടും തികട്ടിവരുന്നു.

ഓർമ്മകളുടെ ചുരുളുകൾ അഴിയുകയാണ്...... മൂന്നുനാലുവർഷങ്ങൾകൊണ്ട് എന്തൊക്കെ സംഭവിച്ചു! സ്വപ്നങ്ങൾകൊണ്ട് പടുത്തുയർത്തിയ കണ്ണാടിമാളിക എത്ര പെട്ടെന്നാണ് തകർന്ന് മണ്ണടിഞ്ഞത്. അവസാനം നിനച്ചിരിക്കാത്ത മണിമാളികയിലെ രാജകുമാരിയാകേണ്ടതായും വന്നു.

കോളേജിൽ പഠിക്കുമ്പോഴാണ് ദുഃഖത്തിന്റെ കയ്പുനീർ ആദ്യമായി കുടിക്കേണ്ടി വന്നത്. അന്ന് സീനിയർ പ്രീഡിഗ്രിക്ക് പഠിക്കുകയായിരുന്നു. അപ്പോഴാണ് തന്റെ വീടിനടുത്ത് ഒരു ലോഡ്ജ് എടുത്ത് രവിയും കൂട്ടരും താമസം തുടങ്ങിയത്. കോളേജിലെ ഏററവും പ്രശസ്തനായ വില്ലനായിരുന്നു രവി. അദ്ധ്യാപകന്മാർക്ക് അയാൾ ഒരു പേടിസ്വപ്നമാണ്.

കോളേജിലേക്ക് പോകുമ്പോൾ എന്നും അയാൾ പുറകേകാണും. ആദ്യമെല്ലാം കണ്ടഭാവം നടിക്കാതെ നടന്നു. പിന്നീട് അയാൾ ഒരു തീരാശല്യമായിത്തീർന്നു. തന്റെ പേരോട് ചേർത്ത് രവിയുടെ പേരും പറഞ്ഞ് കമന്റടിക്കുന്ന വിദ്യാർത്ഥികളെ കാണുമ്പോൾ മനസ്സിൽ വിദ്വേഷം പതഞ്ഞുപൊങ്ങിവരും.

ഒരിക്കൽ കോളേജ് ലൈബ്രറിയിൽനിന്ന് ഇറങ്ങുകയായിരുന്നു. എതിരേ രവി വരുന്നത് കണ്ടില്ല. മനഃപൂർവ്വം അയാൾ തന്റെ ദേഹത്ത് അറിയാത്തഭാവത്തിൽ മുട്ടിയിടിച്ചു. അതു കണ്ട് അകലെ രവിയുടെ കൂട്ടുകാർ കൈകൊട്ടിച്ചിരിക്കുന്നു. സങ്കടവും വെറുപ്പും ഒപ്പമുണ്ടായി. അന്നുതുടങ്ങിയതാണ് അയാളോടുള്ള വിരോധം.

ഒരുദിവസം തന്റെ ക്ലാസ്സിൽ പഠിക്കുന്ന ലത ഒരു എഴുത്ത് കൊണ്ടുവന്നു തന്നു. ഏതെങ്കിലും കൂട്ടുകാരിയുടേതായിരിക്കുമെന്നാണ് വിചാരിച്ചത്. പൊട്ടിച്ച് വായിച്ചപ്പോഴാണ് മനസ്സിലായത് അത് രവിയുടേതാണെന്ന്. നിറയെ പരിദേവനങ്ങളും സ്നേഹവചനങ്ങളും! കൂട്ടുകാരികൾ ആ എഴുത്ത് വായിച്ച് തന്നെ കളിയാക്കി. രണ്ടു ദിവസംകൊണ്ട് ആ സംഭവം കോളേജിൽ പാട്ടായിത്തീർന്നു. കമന്റടികളുടെ കൂരമ്പുകൾ ഏററ് പലപ്പോഴും തനിയേ ഇരുന്ന് കണ്ണുനീരൊഴുക്കേണ്ടിവന്നിട്ടുണ്ട്. ഇതിൽനിന്ന് രക്ഷപ്പെടുവാൻ കൂട്ടുകാരികളുടെ നിർബ്ബന്ധംമൂലം പ്രിൻസിപ്പാളിനോട് റിപ്പോർട്ട് ചെയ്യേണ്ടിവന്നു.

ക്ലാസ്സിൽ നോട്ടീസ് വായിച്ചത് കേട്ടപ്പോഴാണ് അന്ധാളിച്ചുപോയത്. "പെരുമാററദൂഷ്യംകൊണ്ട് രവിയെ ഒരാഴ്ച സസ്പെൻഡ് ചെയ്തിരിക്കുന്നു—...."

ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് പ്രതീക്ഷിച്ചില്ല. ആകെ ഭയംതോന്നി. എന്തും

ചെയ്യാൻ മടിക്കാത്തവനാണ് രവി. അയാളുടെ കഥ കൂട്ടുകാരികൾ പറഞ്ഞ് കേട്ടിട്ടുണ്ട്. മനസ്സിൽ ഭീകരസംഘട്ടനങ്ങൾ നടക്കുന്നതുപോലെതോന്നി. 'പ്രിൻസിപ്പാളിനോട് റിപ്പോർട്ട്ചെയ്യേണ്ടിയിരുന്നില്ല' എന്ന് മനസ്സാക്ഷി അനുനിമിഷം മന്ത്രിച്ചുതുടങ്ങി.

വൈകിട്ട് പ്രാക്ടിക്കൽ കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ നേരം നന്നേ വൈകിയിരുന്നു. കോളേജിൽനിന്ന് മൂന്നു ഫർലോംഗ് നടക്കണം വീട്ടിലേക്ക്. വേഗത്തിൽ നടന്നു. പുറകെ കാലടിശബ്ദംകേട്ട് തിരിഞ്ഞുനോക്കി. ഞെട്ടിപ്പോയി! രവി! ഈശ്വരാ... ..

വിജനമായ വഴി....... പലതും സംഭവിക്കാം. ഉള്ളിൽ ശേഖരിച്ചിരുന്ന ധൈര്യമെല്ലാം പെട്ടെന്ന് ചോർന്നുപോയി. ഉള്ളിൽ ഭയം കത്തിക്കാളുകയാണ്. ഒരോ നിമിഷത്തിനും എന്തു ദൈർഘ്യം...നടന്നിട്ടുമുന്നോട്ട് നീങ്ങുന്നില്ല; കാലുകൾ ഇടറുകയാണ്. എങ്കിലും ധൈര്യംസംഭരിച്ച് ആവുംവിധം വേഗത്തിൽ നടന്നു. ഹാവൂ— ആശ്വാസമായി. ഇനി വളരെ കുറച്ച് ദൂരമേയുള്ളൂ വീട്ടിലേക്ക്.

"രാജീ"

ശബ്ദം കേട്ട് തിരിഞ്ഞുനോക്കി. പിറകിൽ രവി. എന്തോ പറയാൻ വെമ്പുന്നതുപോലെ നില്ക്കുകയാണ്.

''എന്നോട് ക്ഷമിക്കൂ രാജീ'' ആ ശബ്ദത്തിൽ തേങ്ങലിന്റെ ധ്വനിയുണ്ടായിരുന്നു. "യാത്ര ചോദിക്കുവാനാണ് ഇത്രയും സമയം കോളേജിൽ കാത്തുനിന്നത്... നാളെ ഞാൻ ഇവിടെനിന്ന് പോകുകയാണ്. ഇനി നാം ഒരിക്കലും കണ്ടുമുട്ടുകയില്ല. എന്നോട് ക്ഷമിക്കൂ....... വേദനിപ്പിച്ചതിന് മാപ്പ്...'' പിന്നെയും എന്തോ പറയുവാൻ ആ ചുണ്ടുകൾ വെമ്പി.

അതുവരെ പിടിച്ചുനിർത്തിയിരുന്ന ദുഃഖം അണപൊട്ടിയൊഴുകി. ഹൃദയത്തിന്റെ ഉള്ളറയിൽനിന്ന് തേങ്ങലുകൾ ഉയർന്നുപൊങ്ങി. മനസ്സിൽ അതുവരെ കെട്ടിപ്പിടിച്ചിരുന്ന വെറുപ്പ് പെട്ടെന്ന് ഉരുകിപ്പോയി. വർദ്ധിച്ചദുഃഖം പൊട്ടിത്തെറിക്കാതിരിക്കാൻ കീഴ്ച്ചുണ്ടുകൊണ്ട് കടിച്ചമർത്തി.

എന്തെങ്കിലും പറയണമെന്നുണ്ടായിരുന്നു. ശബ്ദം പുറത്തേക്ക് വരുന്നില്ല. കൂടുതൽ സമയം നിന്നാൽ ദുഃഖം നിയന്ത്രണം വിട്ടുപോകും. അതുകൊണ്ട് തിരിഞ്ഞുനടന്നു. വീട്ടിലേക്ക ഉള്ള ഗേററ് കടക്കുമ്പോൾ തിരിഞ്ഞുനോക്കി. അപ്പോഴും ദുഃഖത്തിന്റെ ഒരു പ്രതീകംപോലെ രവി അവിടെ നില്പുണ്ടായിരുന്നു.

പിറേറദിവസം കോളേജിൽ ചെന്നപ്പോൾ രവി ടി. സി. വാങ്ങിപ്പോയ വിവരമാണ് കേട്ടത്.

രവി സെക്കൻറ് ഇയർ ബി. എസ്സ്സി–ക്ക പഠിക്കുകയായിരുന്നു. താൻമൂലം ഒരു ജീവിതം നശിച്ചു! ഈശ്വരാ... ആരെയും വേദനിപ്പിക്കാതെ ജീവിക്കണമെന്നാഗ്രഹിച്ചു. പക്ഷേ താൻമൂലം എത്രപേർ വേദനിക്കുന്നു. മനസ്സ് ആകെപ്പതറി. പഠിത്തത്തിൽ ശ്രദ്ധകുറഞ്ഞു.

പക്ഷേ, തനിക്ക് അന്നും ആനന്ദംനല്കുവാൻ ഒരു രൂപം മനസ്സിൽ ഉണ്ടായിരുന്നു– രാജേട്ടൻ. ഹൃദയത്തിൽ സ്നേഹത്തിന്റെ കൈത്തിരികത്തിച്ച ആദ്യത്തെ പുരുഷൻ!

"രാജിയും. രാജനും, പേരിനുപോലും എന്തൊരു ചേർച്ച'' രാജേട്ടന്റെ അമ്മ ഒരിക്കൽ പറഞ്ഞത് കേട്ടപ്പോൾ കോരിത്തരിച്ചുപോയി. കൂട്ടുകാരികൾ രാജേട്ടന്റെ പേരുപറഞ്ഞ് തന്നെ കളിയാക്കുമ്പോൾ മനസ്സിൽ സന്തോഷത്തിന്റെ പൂത്തിരി കത്തിച്ച അനുഭവമായിരുന്നു. ആ പ്രതീക്ഷകൾ എത്ര പെട്ടെന്നാണ് തകർന്നടിഞ്ഞത്. ഒരിക്കലും തകരാത്ത ബന്ധമാണ് അതെന്ന് അഭിമാനംകൊണ്ടിരുന്നു.

ജഡ്ജി സുധാകരമേനോന്റെ മകൾ ലതയെ രാജേട്ടൻ വിവാഹംകഴിക്കാൻ പോകുന്നു എന്നു കേട്ടപ്പോൾ വിശ്വസിക്കേണ്ടിവന്നു. ഒരിക്കൽ രാജേട്ടൻ വീട്ടിൽ വന്നപ്പോൾ! അമ്മ പൊട്ടിത്തെറിച്ചു. ''എന്നാലും രാജാ...... നീ ഇത് എന്നോട് ചെയ്യുമെന്ന് വിചാരിച്ചില്ല. ആ പാവം പെണ്ണിന്റെ ചങ്കിൽ കത്തികുത്തിയിറക്കുക



യാണ് നീ ചെയ്തത്.'' അത് കേട്ടപ്പോൾ തേങ്ങിപ്പോയി.

ഹൃദയത്തിൽ പടുത്തുയർത്തിയിരുന്ന ആ താജ്മഹൽ തകർന്നുവീണപ്പോൾ അടിതെററിപ്പോയി. ജീവിതത്തിൽ ഇനി ഒരിക്കലും ഒരു പുരുഷനാൽ വഞ്ചിക്കപ്പെടരുതെന്ന് ആത്മാർത്ഥമായി ആശിച്ചു.

ദിവസങ്ങൾ കൊഴിഞ്ഞുവീണു. വിധവയായ ഒരു യുവതിയെപ്പോലെ ജീവിക്കുക. അതിൽ ക്രൂരമായ ഒരാനന്ദം കണ്ടെത്തി. പൂജാമുറിയും ശ്രീകൃഷ്ണവിഗ്രഹവും പിടയുന്ന ആത്മാവിന് ശാന്തിനല്കി. മരിക്കുന്നുവരെ അങ്ങിനെ കഴിയണമെന്ന് ആശിച്ചു. അങ്ങിനെ രാജേട്ടനോട് പകവീട്ടണം.

പക്ഷേ സംഭവിച്ചത് മറിച്ചായിരുന്നു. അന്ന് ദുഃഖതപ്തമനസ്സോടെ പിരിഞ്ഞുപോയ രവി ജീവിതത്തിലേക്ക് കടന്നുവന്നു. രവിയോടൊപ്പം രാജേട്ടന്റെ വീട്ടിൽ വിരുന്നിനു ചെന്നപ്പോഴാണ് യഥാർത്ഥത്തിൽ പക വീട്ടിയ സംതൃപ്തി ലഭിച്ചത്.

ഇന്ന് രവിയുടെ വീട്ടിൽ താൻ ഏററവും വലിയ ഭാഗ്യവതിയായി കഴിയുന്നു. എങ്ങും നിറഞ്ഞ സന്തോഷം അലയടിച്ചുയരുന്നു.

തണുത്ത രണ്ടുകൈകൾ തോളിൽ സ്പർശിച്ചപ്പോൾ ചിന്തകളിൽനിന്നു ഞെട്ടിയുണർന്നു. തിരിഞ്ഞുനോക്കിയപ്പോൾ... .. രവി പുഞ്ചിരിച്ചുകൊണ്ടുനില്ക്കുന്നു. ബലമുള്ള ആ കരവലയത്തിലകപ്പെട്ടപ്പോൾ ഹൃദയത്തിൽ നിർവൃതിയുടെ മൊട്ടുകൾ വിരിയുകയായിരുന്നു.

# മഹാത്മജിയും ആധുനികയുഗവും

പ്രസന്ന

മഹാത്മജിക്ക് ഈ ആധുനിക യുഗത്തിന്റെ ശില്പവേലയിൽ വല്ല പങ്കുമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? അദ്ദേഹത്തിന്റെ അടിയുറച്ച ആത്മവിശ്വാസത്തിൽ വേരൂന്നിയിരുന്ന ആ തത്വസംഹിതകൾ ഈ നൂറ്റാണ്ടിൽ നമുക്ക് സ്വീകരണയോഗ്യങ്ങളാണോ? അത് അതേപടി പകർത്തുക സാധ്യമോ? എന്ന ഇടങ്ങിയ ചോദ്യങ്ങൾക്ക് സമാധാനം കണ്ടുപിടിക്കാനല്പം വിഷമമുണ്ടെങ്കിലും ഒന്നു ശ്രമിച്ചുകളയാം.

മനുഷ്യർ നശീകരണ പ്രവണതകളിൽ കുടുങ്ങിക്കിടക്കുന്ന ഈ യുഗത്തിൽ സ്നേഹത്തിന്റെ സന്ദേശവുമായി ഭാരതത്തിൽ മാത്രമല്ല, ലോകമൊട്ടുക്കുതന്നെ ഒരു ദൈവദൂതനെന്നോണം സഞ്ചരിച്ച ഒരു സത്യമൂർത്തിയാണ് ഗാന്ധിജി. ഭാരതത്തിൽ ജനിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതി മരിച്ച ഒരു മഹാനാണ് അദ്ദേഹം. ഗാന്ധിജിയുടെ ജീവിതവും പ്രവർത്തനങ്ങളും കേവലം ഭാരതസ്വാതന്ത്ര്യം എന്ന മന്ത്രത്തിൽ ഒതുങ്ങി നിന്നിരുന്നില്ല. അദ്ദേഹം ജനങ്ങളെ സമാധാന സമന്വിതരായി കാണാനാഗ്രഹിച്ചു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. അക്രമത്തെ അക്രമം കൊണ്ടുതന്നെ ചെറുക്കുന്നതിനെ അദ്ദേഹം വെറുത്തു. ഹിംസയെ അഹിംസ കൊണ്ട് അതായത് അധർമ്മത്തെ ധർമ്മംകൊണ്ട് കീഴടക്കുകയാണ് ഗാന്ധിജി ചെയ്തത്.

രാഷ്ട്രീയ പ്രവർത്തനത്തിൽ സത്യവും അഹിംസയും പരിപാലിക്കുക സാദ്ധ്യമല്ലെന്നും സാദ്ധ്യമാണെങ്കിൽത്തന്നെ അതിന്റെ ആവശ്യമില്ലെന്നുമാണ് ഈ നവീന യുഗത്തിന്റെ അഭിപ്രായഗതി. എന്നാൽ ഗാന്ധിജി ഇതിനൊരുതി വരുത്തി. ലക്ഷ്യത്തോടൊപ്പംതന്നെ മാർഗ്ഗവും പരിശുദ്ധമായിരിക്കണമെന്നും രണ്ടും സത്യത്തിലും അഹിംസയിലും അടിയുറച്ചതായിരിക്കണമെന്നും അദ്ദേഹം നിർബ്ബന്ധിച്ചു. ഗാന്ധിജി തത്വോപദേശം നടത്തുകമാത്രമല്ല ചെയ്തത്. ആ തത്വങ്ങളെ തന്റെ ജീവിത നാടകത്തിൽ പകർത്തി അതനുകരിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. ഏതൊരു ജോലിയും സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി നിർവ്വഹിക്കുന്നപക്ഷം അതിൽ നിന്നുളവാകുന്ന ആത്മസംതൃപ്തിയിലൂടെ നമുക്ക് ഈശ്വരചൈതന്യം നേരിട്ടുകാണാമെന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം.

സത്യാഗ്രഹങ്ങളിലൂടെയും ഉപവാസങ്ങളിലൂടെയും ബ്രഹ്മചര്യത്തിലൂടെയും ഗാന്ധിജി തന്റെ സത്യാന്വേഷണ പരീക്ഷണം നടത്തി. ഈശ്വരൻ സത്യത്തിന്റെ മൂർത്തിമത്ഭാവമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈശ്വര സാക്ഷാത്കാരത്തിനുള്ള ഏകമാർഗ്ഗം മതചിന്തകളായിരുന്നു. എതിരെ, സമാധാനപൂർണ്ണമായ ഒരു ലോകം കെട്ടിപ്പടുക്കുവാൻ അത്യദ്ധ്വാനം ചെയ്തു അദ്ദേഹം ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു.

ഗാന്ധിജി തന്റെ തത്വസംഹിത ഈ ലോകത്തിന് കാഴ്ചവെച്ചതിനുശേഷമാണ് അന്തരിച്ചത്. ഇഷ്ടമുള്ളവ സ്വീകരിക്കാം. ഇഷ്ടമുള്ളത് തിരസ്കരിക്കാം. സോഷ്യലിസം എന്ന ആദർശം നടപ്പിലാക്കുന്നതിന് രക്തരൂക്ഷിതമായ ഒരു വിപ്ലവം ഒഴിച്ചുകൂടാൻവയ്യാത്ത ഒന്നാണെന്നാണ് പലരുടെയും അഭിപ്രായം. എന്നിരിക്കിലും സത്യത്തിലൂടേയും അഹിംസയിലൂടേയും മുന്നോട്ട് നീങ്ങുന്നപക്ഷം സോഷ്യലിസമല്ല അതിലും വലിയ ആദർശങ്ങൾപോലും നടപ്പിലാക്കാൻ നമുക്ക് കഴിയുമെന്ന് ഗാന്ധിജി





BASKET BALL

# മഹാത്മജിയും ആധുനികയുഗവും

പ്രസന്ന

മഹാത്മജിക്ക് ഈ ആധുനിക യുഗത്തിൻെറ ശില്പവേലയിൽ വല്ല പങ്കുമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? അദ്ദേഹത്തിൻെറ അടിയുറച്ച ആത്മവിശ്വാസത്തിൽ

ത്തോടൊപ്പംതന്നെ മാർഗ്ഗവും പരിശുദ്ധമായിരിക്കണമെന്നും രണ്ടും സത്യത്തിലും അഹിംസയിലും അടിയുറച്ചതായിരിക്കണമെന്നും അദ്ദേഹം നിർബന്ധിച്ചു. ഗാന്ധിജി ...ത

VOLLEY BALL

Sitting L. to R.—Mrs. A. K. Baby, Rachal Mathew (Captain), Mr. C. T. Benjamin (Principal), Susamma K. C., Mr. C. G. Varughese

Standing:—Mohammed (Games boy), Annamma Zacharia, Rema Korath, Mercy Philip, Usha Punnoose, Anne George

BASKET-BALL 1969–'70

*District Runners-up*

Sitting L. to R.—Mrs. A. K. Baby B. Sc., B. P. Ed., Shyla Mathai (Captain), Shri. C. T. Benjamin (Principal), Susi V. John, Sri. C. G. Varughese (Lecturer in Physical Education)

Standing:—Mohammed (Games boy), Annamma Zakaria, Regy Varughese, Padmakumari, Mercy Philip, Baby Jacob

അക്രമം കൊണ്ടുതന്നെ ചെറുക്കുന്നതിനെ അദ്ദേഹം വെറുത്തു. ഹിംസയെ അഹിംസ കൊണ്ട് അതായത് അധർമ്മത്തെ ധർമ്മംകൊണ്ട് കീഴടക്കുകയാണ് ഗാന്ധിജി ചെയ്തത്.

രാഷ്ട്രീയ പ്രവർത്തനത്തിൽ സത്യവും അഹിംസയും പരിപാലിക്കുക സാദ്ധ്യമല്ലെന്നും സാദ്ധ്യമാണെങ്കിൽത്തന്നെ അതിൻെറ ആവശ്യമില്ലെന്നുമാണ് ഈ നവീന യുഗത്തിൻെറ അഭിപ്രായഗതി. എന്നാൽ ഗാന്ധിജി ഇതിനൊരുതി വരുത്തി. ലക്ഷ്യ

ലോകത്തിന് കാഴ്ചവെച്ചത് [illegible] അന്തരിച്ചത്. ഇഷ്ടമുള്ളവ സ്വീകരിക്കാം. ഇഷ്ടമില്ലാത്തത് തിരസ്കരിക്കാം. സോഷ്യലിസം എന്ന ആദർശം നടപ്പിലാക്കുന്നതിന് രക്തരൂഷിതമായ ഒരു വിപ്ലവം ഒഴിച്ചുകൂടാൻവയ്യാത്ത ഒന്നാണെന്നാണ് പലരുടേയും അഭിപ്രായം. എന്നിരിക്കിലും സത്യത്തിലൂടേയും അഹിംസയിലൂടേയും മുന്നോട്ടു നീങ്ങുന്നപക്ഷം സോഷ്യലിസമല്ല അതിലും വലിയ ആദർശങ്ങൾപോലും നടപ്പിലാക്കാൻ നമുക്കു കഴിയുമെന്ന് ഗാന്ധിജി





VOLLEY BALL



BASKET BALL



HOCKEY

*University Runners-up*

Sitting L. to R :—Mrs. A. K. Baby, Susamma K. C. (Captain) C. T. Benjamin (Principal). M. C. Mariamma, Mr. C. G. Varughese (Lecturer in Physical Education)

Standing L. to R :— Supran (games boy), Mercy Philip, Annamma Philip, Leelamma Chacko, Ambujam K., Rebecca Thomas, Molly Ann Abraham, Cissy Babu. Shyla Mathai, Mary Thomas, Mary Joseph

തെളിയിച്ചു. മതത്തിന് അടിയുറച്ച വിശ്വാസമുള്ളവനേ ഉയർച്ചയുണ്ടാകൂ. അതിനാൽ ഒരു മതസഹിഷ്ണുതാബോധത്തോടെ എല്ലാ കിഷ്ടമായ മതം നിങ്ങൾ തിരഞ്ഞെടുക്കുക— എന്നദ്ദേഹം ആഹ്വാനം ചെയ്തു.

അദ്ദേഹത്തിന്റെ തത്വസംഹിതകൾ അതേപടി കൈക്കൊള്ളണമെന്നൊന്നും ഇപ്പറയുന്നതിന്നർത്ഥമില്ല. എന്നിരിക്കിലും വേണ്ടുന്ന മാറ്റങ്ങൾ വരുത്തി അതു് പ്രായോഗിക ജീവിതത്തിൽ പകർത്തുക മാത്രമാണ് നമുക്കിന്ന് ചെയ്യുവാനുള്ളതു്. അദ്ദേഹത്തെ ഒരു ദേവനേപ്പോലെ കരുതി ആരാധിക്കുവാൻ പാടില്ല. അദ്ദേഹവും ഒരു മനുഷ്യനായിരുന്നു— മജ്ജയും മാംസവുമുള്ളൊരു മനുഷ്യൻ. ഒരിക്കലും അദ്ദേഹത്തെ ആരാധിക്കരുതു്; ബഹുമാനിക്കയേ പാടുള്ളൂ.

ഈ ഇരുപതാം നൂറ്റാണ്ടിലും ഗാന്ധിജിയെ ജനങ്ങൾ അനുകരിക്കുന്നുണ്ട്, ബഹുമാനിക്കുന്നുണ്ടു്. അമേരിക്കൻ ഗാന്ധിയായിരുന്ന മാർട്ടിൻ ലൂതർകിംഗും ജപ്പാൻ ഗാന്ധിയായിരുന്ന കഗാവായും ഇതിനുദാഹരണങ്ങളാണ്. ഗാന്ധിജി അദ്ദേഹത്തിന്റെ സഹനസമരം രംഗത്തു് കൊണ്ടുവന്നപ്പോൾ അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി അദ്ദേഹം ഓർത്തിരിക്കയില്ല. ഒരു ആദർശജീവിയായിരുന്ന അദ്ദേഹത്തിന്റെ കീർത്തി ലോകമെമ്പാടും പരന്നു.

ഗാന്ധിജിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഇക്കാലത്തു് ആ തത്വസംഹിതകൾ അനുയോജ്യമായവിധം നടപ്പിൽവരുത്തേണ്ടതു് നമ്മുടെ കടമയാണ്. അതിനുവേണ്ടി നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം......—

ജയ്ഹിന്ദ്.

ചെറുകഥ

# കഥാകൃത്ത്

എബ്രഹാം പീറ്റർ, വാഴൂർ

സർക്കാരുദ്യോഗസ്ഥന്മാരുടെ മേശപ്പുറത്തു ഫയലുകൾ കുന്നുകൂടിക്കിടക്കുന്നതുപോലെയാണ് കലാസ്സുകെട്ടുകൾ ഇരിക്കുന്നത്. കഷ്ടം! ഇതിനോടകം എത്ര മനുഷ്യരെ ജീവിതത്തിന്റെ പല ഘട്ടങ്ങളിൽവച്ച് കൊന്നൊടുക്കിയിരിക്കുന്നു. എന്തൊരു കടുംകൈയാണിനി പ്രവർത്തിക്കുന്നത്? നൂറു നൂറു മനുഷ്യരെ കഷ്ടതയനുഭവിപ്പിക്കുന്നു, കൊല്ലുന്നു, ആത്മഹത്യചെയ്യിക്കുന്നു. അവരുടെ കണ്ണുനീരിലും കഷ്ടപ്പാടിലുമാണ് തന്റെ വിജയം. എന്തുകൊണ്ടോ ഒരൊറ്റ കഥപോലും സന്തോഷത്തോടെ അവസാനിപ്പിക്കുവാൻ കഴിയുന്നില്ല. സന്തോഷത്തിൽ സംതൃപ്തി കണ്ടെത്തുവാൻ കഴിയുന്നില്ല. നീറിദ്ദഹിക്കുന്ന മനുഷ്യഹൃദയങ്ങളുടെ വികാരങ്ങൾ! അവയാണ് തന്റെ കലാസൃഷ്ടികൾ. പൂർത്തിയായവയും പൂർത്തിയാകാത്തവയുമായ ചെറുകഥകൾ, നോവലുകൾ! ഹായ്. ഇവയെല്ലാം തന്റെ തൂലിക ചലിച്ചതാണ്.

സഫലീകരിക്കാത്ത ആഗ്രഹങ്ങളുമായി ഇഷ്ടതോഴനെയും പ്രതീക്ഷിച്ച് കഴിഞ്ഞുകൂടുന്ന യുവതികൾ. പണക്കാരി പെൺകുട്ടികളുടെ വലയിൽ കുടുങ്ങിയതുമൂലം നിരാശരായി കഴിഞ്ഞുകൂടുന്ന യുവകോമളന്മാർ, നാടും വീടും ഉപേക്ഷിച്ച് ഒളിച്ചോടിപ്പോകുന്ന യുവതീയുവാക്കൾ, ആത്മഹത്യയെ സ്വാഗതം ചെയ്യുന്ന ഒരുകൂട്ടർ. ഇവരെല്ലാം തന്റെ മിത്രങ്ങളാണ്. ഇവരാണ് തന്റെ വിജയങ്ങളുടെ രഹസ്യം.

പാവം സണ്ണി! അയാൾക്ക് ഭ്രാന്താണ്. അയാളെ തെരുവിലൂടെ അലഞ്ഞു നടത്തുവാൻതുടങ്ങിയിട്ട് എത്ര നാളുകളായി? തെരുവുബാലന്മാരെക്കൊണ്ട് എത്ര പ്രാവശ്യം കല്ലെറിയിച്ചിരിക്കുന്നു? ഇതിനോടകം എന്തുമാത്രം വേദനകൾ അയാൾ അനുഭവിച്ചു?

ഇനിയും കഷ്ടതപ്പെടുത്തിക്കൂടാ. കടുത്ത നിരാശയാണ് അയാളെ ഭ്രാന്തനാക്കി മാറ്റിയത്. പരീക്ഷയിൽ തോറ്റതും, പിതാവിന്റെ മരണവും, 'കാമുകി'യുടെ വിവാഹവും അയാളെ നിരാശയിലേക്കു തള്ളിവിട്ടു. ഇനിയും അയാളെ ഈ യാതനകളിൽനിന്നും മോചിപ്പിക്കണം. അതിനെന്തുചെയ്യണം? രോഗം ഭേദമാക്കിയാൽ നോവൽ 'കോമഡി'യാകും, അതു പാടില്ല. 'ട്രാജഡി'തന്നെ ആയിരിക്കണം. അപ്പോൾ സണ്ണിയെ കൊല്ലണം. എങ്ങനെ കൊല്ലുവാൻ സാധിക്കും? റയിൽപ്പാളത്തിലേക്കു പറഞ്ഞയച്ചാലോ? അതിൽ പുതുമയില്ല. നിരാശരാകുന്ന സകലരുടെയും ആശാകേന്ദ്രം റയിൽപ്പാളമാണ്. അല്ലെങ്കിൽ ആകാശത്തിനും ഭൂമിക്കും ഇടയിൽ യൂദായെപ്പോലെ ഒരു മുഴം കയറിൽ.... ടിക് റവൻടി കൊടുത്താലോ? പാടില്ല: കുട്ടിയെ കൊല്ലുന്ന വിഷം ഉപയോഗിച്ച് മനുഷ്യനെ കൊന്നുകൂടാ.

എന്തെങ്കിലും നവീനമായ ഒരാശയം കിട്ടണം. കുറെ നടക്കുവാൻതന്നെ തീരുമാനിച്ചു. സ്റ്റാച്യൂജംക്ഷൻകടന്ന് മുൻപോട്ടു നടന്നു. സെക്രട്ടറിയേറ്റ് ഗേറ്റിനുമുൻപിലൂടെ നടന്നപ്പോൾ സമരക്കാരുടെ മുറവിളികൾ കേൾക്കാമായിരുന്നു. സ്പെൻസർ ജംക്ഷനിലെത്തിയപ്പോൾ കുറെസമയം അവിടെ നിന്നു. മരയ്ക്കാത്തിപ്പെണ്ണുങ്ങൾ മീൻ നിറച്ച കുട്ടകളുമായി ഓടിപ്പോകുന്നു. എന്തൊരു ചന്തം ആ ഓട്ടത്തിന്! ഹും... എന്തൊരു ഗന്ധം? തലച്ചോറിലേക്ക് ഇരച്ചു കയറുകയാണ്. സണ്ണിയെപ്പറ്റിയുള്ള ചിന്തയ്ക്കിപ്പോൾ സ്ഥാനമില്ല. മരയ്ക്കാത്തിപ്പെണ്ണിന്റെ മീൻകുട്ട! അതേപ്പറ്റി ഒരു കഥ എഴുതിയാലോ? റോഡിന്റെ ഒത്തനടുവിൽനിന്ന് ഒരു വെള്ളയുടുപ്പുകാരൻ കഥകളി നടത്തുന്നു. നന്നായിരിക്കുന്നു. ഒന്നാന്തരം അഭിനയം. ഇയാളെയും ഒരു കഥാനായകനാക്കണം. തലസ്ഥാന നഗരിയിൽ 'ഓട്ടോമാറ്റിക് സിഗ്നൽ' വരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്ന് സകല കവലകളിലും പോയിനിന്ന് വിളിച്ചുപറയണം എന്നുതോന്നി. അതേപ്പറ്റി സകല പത്രങ്ങളിലും എഴുതണമെന്നുതോന്നി. പക്ഷേ എന്തു പ്രയോജനം? പറഞ്ഞാൽ ആരു കേൾക്കുവാനാണ്. എഴുതിയാൽ ആരു വായിക്കുവാനാണ്?

പാളയം ബസ്സ്സ്റ്റോപ്പിലെത്തി റോഡിന്റെ അരികുചേർന്നുനിന്നു. പാളയം പള്ളിയിൽനിന്നും സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് ഭക്തജനങ്ങൾ പുറത്തേക്കു പോകുന്നു. "ചന്ദ്രശേഖരൻ നായർ സ്റ്റേഡിയ"ത്തിൽ ആരൊക്കെയോ പ്രാക്ടീസുചെയ്യുന്നു. "ഭാഗ്യക്കുറി ടിക്കറ്റുകൾ, കേരളം, മദ്രാസ്, പഞ്ചാബ്, ഹരിയാന, മധ്യപ്രദേശ് ഭാഗ്യക്കുറിടിക്കറ്റുകൾ. ഉടൻ വാങ്ങുക. നറുക്കെടുപ്പിന് ഏതാനും ദിവസങ്ങൾ കൂടിമാത്രം. ഏതാനും മണിക്കൂറുകൾക്കു ശേഷം നിങ്ങളിൽ ആരാണ് ഒരു ലക്ഷാധിപതി എന്നു നിശ്ചയിക്കുവാൻ പോകുകയാണ്. മാസങ്ങളില്ല; ആഴ്ചകളില്ല; ദിവസങ്ങളില്ല; ഏതാനും മണിക്കൂറുകൾ കൂടിമാത്രം. മടിച്ചുനില്ക്കാതെ മുൻപോട്ടുവരൂ. ഭാഗ്യവാന്മാരേ ഭാഗ്യവതികളേ. വരൂ ... .. വേഗം വേഗം കടന്നുവരൂ.... —"

ഭാഗ്യക്കുറി ഏജന്റുമാരുടെ പരസ്യപ്രക്ഷേപണമാണ്. ഭാഗ്യക്കുറി! കൊലച്ചക്രം! എത്രയെണ്ണം എടുത്തിരിക്കുന്നു? മുടക്കിയ കാശെങ്കിലും കിട്ടിയിരുന്നെങ്കിൽ സങ്കടമില്ലായിരുന്നു. അവിടെ വളരെനേരംനിന്നു. നിരാശതോന്നി. യാതൊരാശയവും കിട്ടിയില്ല. ബസ്സ്സ്റ്റോപ്പിനടുത്തുള്ള ഷാപ്പിൽ ഒന്നു കയറി. ഒരു കുപ്പിയും ഗ്ലാസ്സും മുൻപിൽ വന്നുനിന്നു. അതിലേക്കു നോക്കിയപ്പോൾ ഡോക്ടറുടെ ആജ്ഞ ഓർത്തു. "ലഹരിസാധനങ്ങൾ എന്തെങ്കിലും ഉപയോഗിച്ചാൽ ജീവൻ അപകടത്തിലാകും." സിഗററ്റു വലിക്കുന്നതുപോലും വിലക്കിയിരിക്കുകയാണ്. ഈ വിലക്ക് ആരു വകവയ്ക്കുന്നു? ജീവൻ പോകുകയാണെങ്കിൽ പോകട്ടെ. ഇന്നല്ലെങ്കിൽ നാളെ മരിക്കണം. എന്നാൽ പിന്നെ ഇന്നുതന്നെ ആയാലെന്താ? ജീവിക്കുമ്പോൾ സുഖമായി ജീവിക്കണം. അതിന് ഈ കുപ്പി കൂടാതെ വയ്യ. സാഹചര്യങ്ങൾ ആ സ്ഥിതിയിലെത്തിച്ചു കഴിഞ്ഞിരിക്കുന്നു. ആവശ്യത്തിന് കുടിച്ചുകഴിഞ്ഞശേഷം ഒരു സിഗററ്റും വലിച്ചുകൊണ്ട് വീണ്ടും നടന്നു. മ്യൂസിയം പാർക്കിലെ ഒരൊഴിഞ്ഞ ബഞ്ചിൽ കയറിയിരുന്നു.

തിരികെ വീട്ടിലെത്തിയപ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നു. ഒരാശയം തലച്ചോറിലൂടെ കടന്നുപോകുന്നതുപോലെ ഒരു തോന്നൽ. ശരി എഴുതിക്കളയാം. ജനലഴികൾക്കിടയിലൂടെ റോഡിലേക്കു നോക്കി. തികച്ചും ശൂന്യം. പേപ്പറും പേനയും എടുത്തുവച്ചു. എഴുതിയെഴുതി പേജുകൾ മറിക്കണം. സണ്ണിയെ കൊല്ലണം. ഒരു സിഗററ്റെടുത്തു കത്തിച്ചു വലിച്ചുതുടങ്ങി. എന്തോ ഓർത്തിട്ടെന്നവണ്ണം പെട്ടെന്ന് നിശ്ചലനായി. ഭിത്തിയിലിരിക്കുന്ന ഫോട്ടോകൾ സൂക്ഷിച്ചുനോക്കി. അപ്പൻ! അതിനടുത്ത ഫോട്ടോയിൽ അമ്മ! പിന്നെ ഗീത! ഇവയെല്ലാം ഇന്നും സൂക്ഷിച്ചുവയ്ക്കുന്നു. ഇവരുടെ ഓർമ്മകളാണ് ഇന്നും തന്നെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. അപ്പൻ ഒരു സാഹിത്യകാരനല്ലായിരുന്നു. അമ്മയും യാതൊരു കൃതിയും എഴുതിയിട്ടില്ല. ചേച്ചിമാരും യാതൊന്നും എഴുതിയിട്ടില്ല. ഇളയ സന്താനമായി പിറന്ന താൻ മാത്രം കലാകാരനായി. നാലുപെൺകുട്ടികളെ പ്രസവിച്ചതിനുശേഷം ജന്മം നൽകിയ ഒരേയൊരാൺ! ഏകാന്തതയിൽ വളരുവാൻ സാഹചര്യങ്ങൾ പ്രചോദനം നൽകി. ബാഹ്യലോകവുമായി യാതൊരു ബന്ധത്തിനും ഇടം നൽകിയില്ല. ഏകാന്തതയിൽ സംതൃപ്തികണ്ടെത്തുന്ന ഒരു യുവാവായി മാറിയപ്പോൾ കൂട്ടുകാർ പരിഹസിക്കുമായിരുന്നു. "നാണം കുണുങ്ങി" അതിനുത്തരവാദി ഞാനാണോ? ഞാൻ വളർന്നുവന്ന സാഹചര്യമല്ലേ?

ഉദ്യോഗം ലഭിച്ചതോടെ വീടിനോടു യാത്ര പറഞ്ഞിറങ്ങി. വീട്ടിലേക്ക് ഒന്നു ചെല്ലുവാൻ അമ്മ മുടങ്ങാതെ എഴുതുമായിരുന്നു. പക്ഷേ! പോകില്ല. അങ്ങൊട്ടു കത്തുകൾ കിട്ടുമ്പോൾ ഒന്നുപോകും; അടുത്ത ദി

വസം തിരികെപ്പോരും. വിവാഹം നടത്തണമെന്ന് പലരും നിർബന്ധിച്ചു. പക്ഷേ! ഒരു സാഹിത്യകാരൻ വിവാഹിതനായിക്കൂടാ എന്നായിരുന്നു എന്റെ പ്രമാണം. കാരണം, അവന് ഭാര്യയോടൊത്ത് സന്തോഷമായി ജീവിക്കുവാൻ സാധിക്കില്ലെന്നു ഞാൻ വിശ്വസിച്ചിരുന്നു. ഞാൻ വിവാഹിതനാകുന്നതു കാണുവാൻ കൊതിച്ചിരുന്ന അച്ഛനും അമ്മയും സഫലീകരിക്കാത്ത ആഗ്രഹങ്ങളുമായി മൺമറഞ്ഞു. വർഷങ്ങൾക്കുമുൻപ് ഹൃദയത്തിനേററ ഒരു മുറിവാണ് വിവാഹത്തിൽനിന്നും തന്നെ ആദ്യമായി അകററിനിർത്തിയതു്. ഒരിക്കലും കരിയാത്ത ഒരു മുറിവ്. അതു് കരിയാത്തിടത്തോളം കാലം......

കോളേജിൽ വച്ചാണ് ഗീതയെ കണ്ടതും പരിചയപ്പെട്ടതും. അന്തഃകരണം അതിനെ വിലക്കി. എങ്കിലും അതു വകവച്ചില്ല. ജീവിതത്തിലാദ്യമായി ഒരു സ്ത്രീയോട് അടുത്തു. അതുവരെ അയോഗ്യമായി കരുതിയിരുന്ന പലതും യോഗ്യമായിത്തോന്നി. അവളെ ജീവനിൽപ്പരം സ്നേഹിച്ചു. ഗീതയെക്കൂടാതെ ജീവിതം സാദ്ധ്യമല്ലെന്നായി. അവൾ എന്റെ എല്ലാമായിത്തീർന്നു എന്നു ഞാൻ വിശ്വസിച്ചു. പക്ഷേ......

ഗീതേ! നീ ഇന്നെവിടെയാണ്? വേദനയുടെ തീച്ചൂളയിൽ കിടന്നു ഞരങ്ങുന്ന, ദിനംപ്രതി നീറി ദഹിച്ചുകൊണ്ടിരിക്കുന്ന, നിന്റേതുമാത്രമായിരുന്ന ഈ ബാബുവേട്ടനെ ഇന്നു നീ ഓർക്കുന്നുണ്ടോ? ഇല്ല; ഇന്ന് അതൊന്നും ഓർക്കുവാൻ നിനക്കു സാധിക്കില്ല. നീ എന്നെ ഓർക്കണം എന്നു പറയുവാൻ എന്തധികാരം എന്നു നീ ചോദിച്ചേക്കാം. ചോദിച്ചില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ. തളിരിലകളെ തലോടിവന്ന കുളിർകാററ് തഴുകി കടന്നുപോയപ്പോൾ, ചുററും നിന്നിരുന്ന കാട്ടുചെടികൾ തളിരിലകൾ ഇളക്കി ആശീർവദിച്ചപ്പോൾ, കൂററൻ പാറപ്പുറത്തിരുന്നുകൊണ്ട് എന്റെ കൈകളിൽ പിടിച്ച് നീ സത്യം ചെയ്ത ആ നിമിഷം! അതു് ഇന്നും എന്റെ സ്മരണയിൽ നിറഞ്ഞു നിൽക്കുന്നു. അതു് അന്ന് കുളിർമ്മനൽകുന്ന ഒരു സംഭവമായിരുന്നു. ഇന്ന് ആ സ്മരണപോലും എന്നിൽ വിദ്വേഷം ജനിപ്പിക്കുന്നു. എന്നിട്ടും ഞാനതു് ഓർത്തുപോകുന്നു. ഓർക്കാതിരിക്കുവാൻ എനിക്കു സാധിക്കില്ല. നിനക്ക് അതു സാധിക്കുമെങ്കിലും. എന്റെ കണ്ണുകളിൽത്തന്നെ നോക്കിക്കൊണ്ടു നീ ചോദിച്ചു.

''ബാബുവേട്ടാ, ഇനിയെന്നാണ് നാം കാണുന്നതു്?'' ഞാൻ യാതൊന്നും പറയാതിരുന്നപ്പോൾ നീ വീണ്ടും ചോദിച്ചു. ''എന്താണൊന്നും മിണ്ടാത്തതു്?''

"ഗീതേ ! ഞാനെന്തു പറയുവാനാണ്? "

''എന്നോടു പറയുവാൻ ഒന്നുമില്ലേ? ''

''നിന്നോടു മാത്രമേ ഞാനെന്തെങ്കിലും പറഞ്ഞിട്ടുള്ളൂ, ഇനിയും നിന്നോടു മാത്രമേ പറയുവാനുമുള്ളൂ. പക്ഷേ ! ....''

'' എന്താണ് ? "

''ഒന്നുമില്ല. ''

''ബാബുവേട്ടൻ എന്നിൽനിന്നും എന്തൊക്കെയോ ഒളിച്ചുവച്ചു സംസാരിക്കുന്നു. ഈ വേർപാടിന്റെ നിമിഷമെങ്കിലും തുറന്നു പറഞ്ഞുകൂടെ? ''

"പറയാം. നിന്നോടെല്ലാം പറയാം. നാം തമ്മിൽ എങ്ങനെയോ അടുത്തുപോയി. ഇപ്പോൾ വേർപെടുന്നു. ഇതു് ഒരു പക്ഷേ ശാശ്വതമായ... അഥവാ ഇനിയുമൊരിക്കൽ നാം കണ്ടുമുട്ടിയേക്കാം. അതു് പല വർഷങ്ങൾ കഴിഞ്ഞായിരിക്കാം. അതിനിടയിൽ...''

"അതിനിടയിൽ...? പറയൂ..."

''ഗീതയെ എനിക്കു നഷ്ടപ്പെടുമോ? "

"ബാബുവേട്ടാ... ! എന്നെ ഇനിയും വിശ്വാസമായിട്ടില്ലേ? ''

"നിന്നെ എനിക്കു വിശ്വാസമാണ്. പക്ഷേ ! ഈ ലോകം! അതിൽ വിശ്വാസം അർപ്പിക്കുവാൻ എനിക്കു സാധിക്കില്ല.''

"അതെന്താണ് ? ''

"ഗീത ഒരു ധനിക കുടുംബത്തിൽ ജനിച്ചു വളർന്നവൾ. ഞാനോ? ഒരു ദരിദ്രൻ ! അർഹിക്കാത്തതല്ലേ ഞാൻ ആഗ്രഹിക്കുന്നതു്?''

''അർഹിക്കാത്തതും ആഗ്രഹിച്ചുകൂടെ ? "

''ആഗ്രഹിക്കാം. പക്ഷേ ലഭിക്കില്ല ഗീതേ...''



''ബാബുവേട്ടാ ! എന്നെ വിശ്വസിക്കൂ. ഞാൻ സത്യം ചെയ്യുന്നു. ഞാനെന്നും ബാബുവേട്ടന്റേതു മാത്രമായിരിക്കും. സത്യം."

"ഗീതേ......''

''ബാബുവേട്ടാ....''

നിന്റെ വാക്കുകളെ ഞാൻ അക്ഷരംപ്രതി വിശ്വസിച്ചു. അതിനു എനിക്കു കിട്ടിയ പ്രതിഫലമോ?

അതെപ്പററി അന്വേഷിക്കുവാൻ നീ മിനക്കെടാറില്ലല്ലോ? വേണ്ട, നിനക്കിന്ന് അന്വേഷിക്കുവാൻ ഭർത്താവുണ്ട്. ആ ഭാഗ്യഹീനൻ അഥവാ ഭാഗ്യവാൻ ആരാണ്? അതു പറയുവാൻ നിനക്കു മനസ്സില്ലായിരിക്കാം. എങ്കിൽ പറയേണ്ട. പൂർവ്വകാലസ്മരണകളൊക്കെ ഇന്നലെയെന്നോണം എന്നെ പിന്തുടരുന്നു, അവ ഓരോന്നും ഹൃദയഭിത്തികളിൽ കുത്തി നോവിക്കുന്നു. വിയർപ്പുതുള്ളികൾ കൊണ്ടുണ്ടാക്കിയ നാണയങ്ങൾ നിനക്കുവേണ്ടി വാരിയെറിയുന്നതിൽ ഞാൻ സംതൃപ്തി കണ്ടെത്തിയിരുന്നു. അച്ഛന്റെ വിയർപ്പിന്റെ വില നിന്റെ മുമ്പിൽ ഞാൻ വാരിയെറിഞ്ഞു. അതിനു എനിക്കു കിട്ടിയ പ്രതിഫലമോ ? വഞ്ചന !

പ്രകൃതിയുടെ വികൃതികളെ നോക്കി പല്ലിളിച്ചു കാണിക്കുന്ന ഒരായിരം പിശാചുക്കൾ എന്റെ ചുററും കൂടുന്നു. റേഡിയോ ഗാനത്തിന്റെ മാധുര്യമോ പ്രകൃതിയുടെ സൗന്ദര്യമോ യാതൊന്നും ആസ്വദിക്കുവാൻ കഴിയുന്നില്ല. വഞ്ചനയുടെയും ക്രൂരതയുടെയും കറുത്ത മുഖങ്ങൾ ഓടിയണയുന്നു എന്റെ മുമ്പിൽ. കനത്ത കറുത്ത ഒരു കരിമ്പടം എന്റെ മുൻപിൽ ഒരു ഉരുക്കു കോട്ട പോലെ നില്ക്കുന്നു. അതിന് അപ്പുറം കടക്കുവാൻ വഴിയില്ല. അടച്ചുപ്പെട്ട ഈ വഴികളൊന്നും ഇനിയും തുറന്നു കിട്ടില്ലേ? തുറന്നു കിടക്കുന്ന വാതിലുകളിലൂടെയും വഴികളിലൂടെയും കയറിയിറങ്ങി രസിച്ചു നടന്നതിനു കിട്ടിയ പ്രതിഫലമാണോ ഈ അടച്ചപ്പെട്ട വഴികൾ? ചുററുപാടും അന്ധകാരം വ്യാപിച്ചിരിക്കുന്നോ? ഈ ഇരുട്ടിൽ തപ്പിത്തടഞ്ഞു് എത്രകാലം ജീവിക്കണം? എന്നെ ഈ അന്ധകാരത്തിലേക്കു തള്ളിയിട്ട നീ ഒരു കൈത്തിരിയെങ്കിലുമായി വരുമോ ?

കളകളാരവത്തോടെ ഒഴുകുന്ന ആലുവാപ്പുഴയിലെ ജലത്തെ നോക്കി മധുരമായി നീ പാടിയ ഗാനങ്ങൾ, അവയോടു ചേർന്നുള്ള പൊട്ടിച്ചിരികൾ, എല്ലാം ഈ അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ഈ അന്ധകാരത്തിൽ നിന്റെ പൊട്ടിച്ചിരിയുടെ ശബ്ദം ഭയാനകമായി ഞാൻ കേൾക്കുന്നു. അപ്പോൾപോലും ഞാൻ നിന്നെ ഓർക്കുന്നു. ഭയാനകമായ ഓർമ്മകൾ! നീ ഇന്നെനിക്കു ഒരു പേടി സ്വപ്നമായിത്തീർന്നിരിക്കുന്നു. എന്നെ ഇഞ്ചിഞ്ചായി കൊല്ലുന്നതിൽ നീ ഇന്ന് സന്തോഷം കണ്ടെത്തിയേക്കാം, ഇങ്ങനെയാണോ നീ മനസ്സുഖം നേടുവാൻ ആശിക്കുന്നതു് ? ഒരുവന്റെ നെഞ്ചിൽ കഠാര കുത്തിയിറക്കിയിട്ടു അതിൽനിന്നും ഒഴുകുന്ന ചോര കുടിച്ചുവേണോ ദാഹം തീർക്കുവാൻ ? ആ കട്ടച്ചോരയിൽ കൈവിരൽ മുക്കി വേണോ നിനക്കു തിലകം ചാർത്തുവാൻ? എന്നിട്ടു വേണോ നിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുവാൻ ? ഹോ ! മാടപ്രാവു കഴുകനായി മാറുകയാണോ ?

നിശയുടെ നിശ്ശബ്ദതയിൽ ഞാൻ നിന്റെ ഗാനങ്ങൾ കേൾക്കുന്നു. മേഘങ്ങൾക്കിടയിൽനിന്നും ഒരു സ്വർഗ്ഗീയ ദേവതപോലെ നീ പ്രത്യക്ഷപ്പെടുന്നു. ശോഭയാർന്ന മുഖകമലത്തിൽ വിടർന്ന പുഞ്ചിരിയോടെ, നീ ആകാശത്തിലൂടെ ഒഴുകിയൊഴുകി വരുന്നു. വെണ്മയാർന്ന വസ്ത്രങ്ങൾ ധരിച്ച നിന്റെ സുന്ദരാകാരം നോക്കി അത്യാർത്തിയോടെ ഞാൻ കൈകൾ നീട്ടി നിന്നെ പുണരുവാൻ ശ്രമിക്കുന്നു. നിന്റെ ഗാനമാധുരിയിൽ ലയിച്ചു നിർവികാരനായി നോക്കിനില്ക്കുന്നു. എന്ത് ? നീ അപ്രത്യക്ഷയാകുന്നോ ? രൂപം മാറുന്നോ ? ആകൃതി വ്യത്യാസപ്പെടുന്നോ? ഒരു ക്രൂരരാക്ഷസിയോ? പ്രേതമോ ? വിരൂപമായ പല്ലുകൾ ! ജ്വലിക്കുന്ന കണ്ണുകൾ ! ബീഭത്സമായ മുഖം! ഗീതേ നീ തന്നെയാണോ ഇതു് ? വയ്യ ! ഇതു കാണുവാൻ കെല്ലില്ല. കണ്ണുകൾ മുറുകെ അടച്ചു.

കൈയിലിരുന്ന പുകയുന്ന സിഗരററു വലിച്ചെറിഞ്ഞു. ആ രൂപം മറക്കുവാൻ സാ

ധിക്കുന്നില്ല. അന്ധകാരത്തിൽ ആ രൂപം! വയ്യ. സഹിക്കുവാൻ സാധിക്കുന്നില്ല. ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ഗീതയുടെ ഫോട്ടോ എടുത്തു വലിച്ചെറിഞ്ഞു. പൊട്ടിച്ചിതറിയ കണ്ണാടിച്ചില്ലുകൾ മുറിയിലെല്ലാം നിരന്നു കിടക്കുന്നതു കണ്ടു പൊട്ടിച്ചിരിച്ചു. തൃപ്തിയായി. ഗീതയെ തകർത്തുകളഞ്ഞു. വിജയാട്ടഹാസത്തോടെ ടെറസ്സിലേക്കു കയറിപ്പോയി.

ശാന്തം! സകലവും ശാന്തം! പാതിരാനേരത്ത് അല്ലെങ്കിലെന്തിരിക്കുന്നു ബഹളം വയ്ക്കുവാൻ? ഹായ്! ഇതാണ് ലോകം. ശബ്ദമില്ല. ചലനമില്ല, വെളിച്ചമില്ല. ഇങ്ങനെയുള്ള ലോകമാണ് തനിക്കാവശ്യം. അവിടിരുന്ന് എഴുതണം. ഈ ലോകത്തിൽ മാറാതും ഇല്ല. സ്ത്രീജനങ്ങളോട് വെറുപ്പാണ്. അവരെ കാണുവാൻ മനസ്സ് അനുവദിക്കില്ല. ആരും തന്നെയും ശ്രദ്ധിക്കേണ്ട. ആരുടെയും സഹതാപവും വേണ്ട. അതിനുവേണ്ടിയാണു ഉദ്യോഗംകൂടി രാജിവെച്ചത്. തനിക്കു ഭ്രാന്താണെന്നു പലരും പറയുന്നു. പറഞ്ഞുകൊള്ളട്ടെ, ഇഷ്ടംപോലെ എന്തും പറയുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടല്ലോ.

മനുഷ്യരുടെ നീറുന്ന പ്രശ്നങ്ങളെ ഞാൻ കാണുന്നു. അവയെപ്പറ്റി എഴുതുന്നു. അങ്ങനെ തന്റെ കൃതികളൊക്കെ വിജയിക്കുന്നു. നീറുന്ന മനുഷ്യഹൃദയങ്ങളുടെ പ്രതിഫലനമാണ് തന്റെ നോവലുകൾ. ഒരു സിഗരറ്റുകൂടി കത്തിച്ചു വലിച്ചാലോ? ഡോക്ടർ പറഞ്ഞിരിക്കുന്നതെന്താണ്? അതൊന്നും കാര്യമാക്കാനില്ല വലിക്കുക തന്നെ. ഒന്നല്ല, രണ്ടല്ല, മൂന്നു സിഗരറ്റുകൾ ഒന്നിച്ചു വലിച്ചു. ഹായ്! എന്തൊരു സുഖം! ഇപ്പോഴാണു ഭാവനകൾ ഉണർന്നു തുടങ്ങുന്നത്. മനുഷ്യമനസ്സിന്റെ അടിത്തട്ടിൽനിന്നും ബഹിർഗ്ഗമിക്കുന്ന ചുട്ടുപിടിച്ച വികാരവിചാരങ്ങളെ തന്റെ തൂലികയിലൂടെ ലോകത്തിന്റെ മുമ്പിൽ കാഴ്ചവയ്ക്കും. അതു വായിച്ചെങ്കിലും ലോകർ മനസ്സിലാക്കട്ടെ. അങ്ങനെയെങ്കിലും സമൂഹം നന്നാകുമോ എന്നു നോക്കട്ടെ. വീണ്ടും സിഗരറ്റു പുകഞ്ഞപ്പോൾ ചുമ തുടങ്ങി. ഖൊൽ.... ഖൊൽ.... ഖൊൽ.... അന്തമില്ലാത്ത ചുമ. എന്നിട്ടും സിഗരറ്റു കളയുവാൻ മനസ്സനുവദിച്ചില്ല. ചുമയുടെ ശക്തി കൂടി വരികയാണ്. ചങ്കു പൊട്ടിത്തെറിച്ചു പോകുമെന്നു തോന്നി. ടെറസ്സിൽ കിടന്നു. ഡോക്ടറുടെ വാചകം മുഴങ്ങി കേൾക്കുന്നു. "ലഹരി സാധനങ്ങൾ ഇനിയും ഉപയോഗിക്കരുത്" ചുമച്ചു ചുമച്ചു തുപ്പി. രക്തവും കഫവുംകൂടി കട്ടപിടിച്ചത്! ദേഹം തളരുകയാണ്. തീരെ അവശത അനുഭവപ്പെട്ടു. അപ്പോഴും ഓർത്തു പോയി, "സണ്ണിയെ എന്തു ചെയ്യണം?" ആ ഓർമ്മകളെയും മറച്ചുകൊണ്ടു ബോധം മറഞ്ഞുപോയി



# മണൽച്ചിറകൾ

മോഹൻ കര്യൻ

കഴിഞ്ഞുപോയ കാലത്തിന്റെ സ്മരണകൾ ഏറ്റുപാടുന്ന, പേരകേട്ട സുഖവാസകേന്ദ്രത്തിന്റെ കുന്നിൻ ചരിവിലുള്ള മനോഹരമായ ഉദ്യാനത്തിലെ, തണുത്തുറഞ്ഞ കോൺക്രീറ്റ് ബഞ്ചിലിരുന്ന, സതീശ് ആലോചിച്ചു—

ഓർമ്മകൾ തന്നെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത ഭാരമാണ്; കാലത്തിന്റെ അനുസ്യൂതമായ ഒഴുക്കിൽപ്പെട്ട് ലക്ഷ്യമില്ലാതെ നടക്കുന്ന ഒരു പൊങ്ങുതടിയായിത്തീർന്നിരിക്കുന്ന . കലാകാരനായ സതീശ്—

ഉറക്കത്തിനും ഉണർവ്വിനുമിടയിൽ കണ്ട ലോലവർണ്ണങ്ങളുടെ അവ്യക്തസുന്ദരമായ ഒരു ലോകം തനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയിരിക്കുന്നു—

ജീവിതം പകലുറക്കത്തിൽ കണ്ട സ്വപ്നം പോലെ അവസാനിച്ചിരിക്കുന്നു—

വലിഞ്ഞുനീങ്ങുന്ന ഭാരവണ്ടി പോലെ യായിരുന്ന ജീവിതം. തികച്ചും യാന്ത്രികം-

—അവശേഷിക്കുന്നത് കഴിഞ്ഞുപോയ ഇന്നലെകളെക്കുറിച്ചുള്ള മങ്ങൽപറ്റാത്ത ഓർമ്മകളാണ്.— അതിനുമാത്രമേ ആശ്വാസം നല്കാൻ കഴിയുകയുള്ളു— സുന്ദരമായ അനേകം സ്വപ്നങ്ങൾ താലോലിച്ചു വളർത്തിയിരുന്ന ഒരു കാലം— പേരുകേട്ട കോളജിൽ, വർണ്ണങ്ങൾ സൃഷ്ടിക്കുന്ന സ്വപ്നലോകത്തിൽ, ഒരു നായകനെപ്പോലെ കഴിഞ്ഞിരുന്ന കാലം—

—എനിക്കു നഷ്ടപ്പെട്ടിരിക്കുന്നത് വസന്തത്തിന്റെ ആരംഭത്തിൽ വിരിയുന്ന പുഷ്പങ്ങളാണ്— തിരിച്ചുകിട്ടാത്ത സൗന്ദര്യത്തിന്റെ പൂക്കൾ.

കാലത്തിന്റെ സ്മരണകൾ സൂക്ഷിച്ചിരിക്കുന്ന ഇരുളടഞ്ഞ മനസ്സിന്റെ ഉള്ളറകൾ തുറന്നുനോക്കുമ്പോൾ എന്തെന്നില്ലാത്ത വേദനയനുഭവപ്പെടുന്നു—

—ഇപ്പോൾ; അലിഞ്ഞുചേരാൻ പറ്റാത്ത ജീവിതം ഒരു ഭാരമായിത്തീർന്നിരിക്കുന്നു.— അതിറക്കിവയ്ക്കാൻപോലും താൻ അശക്തനായിത്തീർന്നിരിക്കുന്നു.

—മനസ്സ് ചപലനായ ഒരു കുരങ്ങനാണെന്ന് പറഞ്ഞതാരാണ്?

ഏതായാലും തന്റെ കാര്യത്തിൽ അതു തികച്ചും സത്യമാണെന്നയാൾ ഓർത്തു—

—പൂമ്പാറ്റയെ അന്വേഷിക്കലായിരുന്നു തന്റെ ജീവിതം, ഓരോ പൂവിനെയും സ്നേഹിക്കുക, കൈയിലെത്തുമ്പോൾ പുതുമനഷ്ടപ്പെട്ടു വീണ്ടും അന്വേഷിക്കുക—

സൗന്ദര്യം തേടിയുള്ള പോക്കിൽ ജീവിതത്തിലെ സുന്ദരമായ കാലം കടന്നുപോയതറിഞ്ഞിരുന്നില്ല എന്നതല്ലേ സത്യം?

അവസാനം ജീവിതം കുടുംബമെന്ന തടവുമുറിയിൽ ബന്ധിക്കപ്പെട്ടപ്പോൾ ഇന്നലെയുടെ ഞാത്ത കണ്ണുകൾ കൂട്ടിച്ചേർക്കുവാൻ ശ്രമിക്കുകയായിരുന്നില്ലേ?

ആരെയാണ് കുറ്റപ്പെടുത്തേണ്ടത്?

സൗന്ദര്യം തേടിയുള്ള പോക്ക് കുറ്റപ്പെടുത്തലിൽ അവസാനിക്കുന്നു.

"ഓ, ആ മരത്തിന്റെ ചുവട്ടിൽ നിന്നാൽമതി."

ബാഹ്യലോകവുമായി വീണ്ടും ബന്ധപ്പെടുത്തിയത് ഒരു കൂട്ടം കോളേജ് പിള്ളേരുടെ ശബ്ദമായിരുന്നു—

ഒരുകാലത്തു് തന്റേതു മാത്രമാണെന്നു വിശ്വസിച്ചിരുന്ന ഒരു ജീവിതം ഇന്നു് മറ്റുള്ളവർ പങ്കിടുന്നതു കണ്ടപ്പോൾ അസ്വസ്ഥതതോന്നി.

—അവർ ജീവിതം ആസ്വദിക്കുകയാണെന്നു തോന്നുന്നു— നാളെയെപ്പററി ഓർക്കാതെ—

—കലാകാരനായ സതീശും അക്കൂട്ടത്തിൽ കണ്ടേക്കും. വിപ്ലവിയായ സതീശ്—

പൊട്ടിച്ചിരിച്ചുകൊണ്ടു കടന്നുപോകുന്ന അവരോടു വിളിച്ചുകൂവണമെന്നു തോന്നി—

" ഈ ജീവിതത്തിന്റെ മൂകസാക്ഷിയാണു് ഞാൻ "—

വർഷങ്ങൾക്കു മുമ്പ്—

ഇതേ കുന്നിൻചരിവിലൂടെ പൊട്ടിച്ചിരിച്ചുകൊണ്ടു് വർഷങ്ങൾക്കുമുമ്പ് നടന്നിരുന്നപ്പോൾ ഇപ്പോൾ ഇവരനുഭവിക്കുന്ന അതേ വികാരമായിരുന്നില്ലേ തനിക്കും?

ബന്ധങ്ങൾ സൃഷ്ടിക്കപ്പെട്ടതും, ഹൃദയത്തിൽ പോറലേൽപ്പിച്ചുകൊണ്ടു തകർന്നുപോയതും ഇവിടെവെച്ചാണു്—

അതായിരിക്കും ഈ സ്ഥലത്തിനോട് പ്രത്യേകതാല്പര്യം തോന്നുവാൻ കാരണം. വേദനയിൽ പൊതിഞ്ഞ ഒരു സംതൃപ്തി ഇവിടെയിരിക്കുമ്പോൾ തനിക്കനുഭവപ്പെടുന്നു.

പരിചയമുള്ള മുഖങ്ങൾ ഓരോന്നായി അവ്യക്തതയിൽ നിന്നുയർന്നുവരികയാണു്— ഈ പരിസരത്തിനുമാത്രമേ കഴിച്ചുമൂടിയ ഓർമ്മകൾ പുറത്തുകൊണ്ടുവരാൻ സാധിക്കുകയുള്ളു—

—കൃശഗാത്രയായി അലഞ്ഞുനടക്കുന്ന ചുരുണ്ടമുടിയുള്ള നീണ്ടുമെലിഞ്ഞ കോളേജ് കുമാരൻ ആരെയാണു് ഓർമ്മിപ്പിക്കുന്നതു്?

—രാജേശ്കുമാർ മിശ്ര— ഒരു ലക്ചറർ പോസ്റ്റിനും, ഒരു പെൺകുട്ടിയ്ക്കുംവേണ്ടി, സ്വന്തം കൂട്ടുകാരെ തള്ളിപ്പറയാൻ കഴിഞ്ഞിരുന്ന രാജേശ്കുമാർ മിശ്രയെപ്പററി പുച്ഛമായിരുന്നു—

ഇന്നു് മനസ്സിലാകുന്നു— നിങ്ങൾ ജീവിതത്തിൽ ഒരു വിജയമായിരുന്നു— സ്നേഹമെന്നതു് വികാരമല്ല സെന്റിമെന്റലിസമാണെന്നു് ഞാൻ മനസ്സിലാക്കുന്നു.

ഒരിക്കലും പിരിയുകയില്ലെന്നും, മരണംവരെ സ്നേഹം നിലനിർത്തണമെന്നും ആഗ്രഹിച്ചിരുന്ന നാലു കൂട്ടുകാരെക്കുറിച്ചോർത്തു.

—ഇന്നു് അവരുടെ മുഖങ്ങൾപോലും അവ്യക്തമായിട്ടേ ഓർമ്മിക്കാനാവൂ—

കാലം ബന്ധങ്ങളുടെ കെട്ടഴിക്കുന്നുവെന്നു പറയുന്നതു് എത്രമാത്രം ശരിയാണു്?

ഉററസുഹൃത്തായിരുന്നു, എല്ലാം അന്യോന്യം കൈമാറിയിരുന്നു, കലയും രാഷ്ട്രീയവുമായി നടന്നിരുന്ന, വലിയ ശരീരവും അതിനേക്കാൾ വലിയ ഹൃദയവുമുണ്ടായിരുന്ന, വികാരജീവിയായ—

—രാമചന്ദ്രൻ അവനെപ്പററി കേട്ടിട്ട വർഷങ്ങൾതന്നെയായെന്നു തോന്നുന്നു.

അവസാനമായി കണ്ടതു് കായൽത്തീരത്തുള്ള പേരുകേട്ട നഗരത്തിൽ വെച്ചായിരുന്നു. പ്രസിദ്ധിപെററ ഒരു പുസ്തകശാലയുടെ അരികിലുള്ള തിരക്കുപിടിച്ച കൊച്ചു റസ്റ്റാറന്റിലെ ക്യാബിനിൽ. കായലിന്നഭിമുഖമായിരുന്നു്, കഥപറഞ്ഞിരുന്ന രാമചന്ദ്രന്റെ സ്വഭാവം ഇന്നു് ഒരു ചോദ്യചിഹ്നമാണു്—

—രാഷ്ട്രീയവും കലയുമായി നടന്ന അവനും ജീവിക്കാൻ മറന്നുപോയിരിക്കുന്നു.

പ്രഭാതത്തിന്റെ സൗന്ദര്യമുള്ള കറുത്ത അംബാസഡർ കാറിൽ, ഒരു സിനിമാതാരത്തെപ്പോലെ കോളജിൽ വന്നിരുന്ന മിസ്സ് സുമനായരെ മൂകമായാരാധിച്ചിരുന്ന ദാമോദരൻ ഇന്നു് വടക്കേ ഇൻഡ്യയിലെവിടെയോ വിരസമായ ജീവിതം തള്ളിനീക്കുകയാണെന്നു് രാമചന്ദ്രൻ എത്ര നിസ്സംഗതയോടെയാണു് പറഞ്ഞിരുന്നതെന്നോർത്തു.

—നമ്പൂതിരിയുടെ ജീവിതം മാത്രമാണു് സ്വച്ഛമായി ഒഴുകുന്നതെന്നു തോന്നുന്നു.

മനശ്ശാസ്ത്രം പഠിച്ചിരുന്ന കൂട്ടുകാരൻ പറഞ്ഞതെത്ര സത്യമാണു്— സ്നേഹം വേദനയാണു്.



ജീവിതം ഒരു ചന്തസ്ഥലമാണെന്നു പറഞ്ഞതു് ആരാണു്? അവിടെവച്ചു കണ്ടുമുട്ടുകയും ബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

—വഴിത്തിരിവുകളുണ്ടാകുന്നതും ഇവിടെവച്ചാണു്. സ്വപ്നവും യഥാർത്ഥ്യവുംതമ്മിൽ ഒരുപാടു് അകൽച്ചയുണ്ടെന്നു് മനസ്സിലാക്കാൻ കഴിഞ്ഞതു് ചോക്കുകഷണങ്ങളും ബഹളംനിറഞ്ഞ ക്ലാസ്സ്മുറികളുമായി പൊരുത്തപ്പെടുവാൻ കഴിയാതെവന്നപ്പോഴായിരുന്നു.

കലാകാരനായ സതീശ് ഇവിടെ പരാജയപ്പെട്ടു.

സ്വപ്നം കണ്ടിരുന്നതു് തന്നെ മനസ്സിലാക്കാൻ കഴിയുന്ന കലാകാരിയായ ഒരു ഭാര്യയേയും, സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഈ കുന്നിൻചെരുവിലെ ഒരു കൊച്ചുവീടുമായിരുന്നു—

പകൽ മുഴുവനും ഈ സൗന്ദര്യം ക്യാൻവാസിൽ പകർത്തുക:— മനസ്സ് അസ്വസ്ഥമാകുമ്പോൾ ആശ്വസിപ്പിക്കാൻ, മനസ്സിലാക്കാൻ കഴിവുള്ള ഒരു സ്ത്രീ അടുത്തുണ്ടായിരിക്കുക—

വിളറിയ ഗോതമ്പിന്റെ നിറവും, നീണ്ടുകറുത്ത കണ്ണുകളുമുള്ള പെൺകുട്ടിയിൽ താൻ കണ്ടതും അതായിരുന്നു—

കൂട്ടുകാർ പ്രോത്സാഹിപ്പിക്കുകയുംകൂടിചെയ്തപ്പോൾ ഒരു ധൈര്യംകൂടിതോന്നി: പെരുമാററത്തിൽ അതു വ്യക്തമായി കാണിക്കുകയും ചെയ്തു.

മഹാഗണി മരച്ചുവട്ടിൽവച്ചും, വെളിച്ചം കുറഞ്ഞ ഇടനാഴികളിൽവെച്ചും അവളുമായി സംസാരിക്കുമ്പോൾ വിളിച്ചുപറയാൻ തോന്നിയിരുന്നു:

—എന്റെ ജീവിതം വിജയിച്ചിരിക്കുന്നു.

സ്വപ്നങ്ങളെല്ലാം സാക്ഷാത്കരിക്കാൻ പോകുന്നു:

പൂത്തുലഞ്ഞുനില്ക്കുന്ന ഒരു പൂമരംപോലെയായിരുന്നു മനസ്സ്—

പക്ഷേ— ദിവസങ്ങൾക്കുശേഷം പൂത്തമരച്ചില്ലകൾ കാററിൽ അടിഞ്ഞുപോകുന്ന വാകപ്പൂപോലെ ആഗ്രഹങ്ങൾ കൊഴിഞ്ഞുപോയപ്പോൾ മനസ്സിൽ ശൂന്യതയായിരുന്നു.

സ്വന്തം സഹോദരനെപ്പോലെയാണു് താൻ സ്നേഹിച്ചിരുന്ന കുട്ടി തന്നെ കരുതിയിരുന്നതെന്നു് മനസ്സിലാക്കിയപ്പോൾ കടൽത്തീരത്തു് കെട്ടിയ മൺകൊട്ടാരംപോലെ ആഗ്രഹങ്ങളെല്ലാം തകർന്നുപോയി—

ഇന്നു് ജീവിതം യാന്ത്രികമാണു്— എത്തിച്ചുകെട്ടിയ കുടുംബബന്ധമെന്നതു് തകർന്നപ്പോൾ വേദന തോന്നിയിരുന്നില്ല. മരവിച്ചുപോയിരുന്നു. പൊരുത്തപ്പെടാത്ത ദാമ്പത്യബന്ധത്തിന്റെ ചങ്ങലപൊട്ടിച്ചു സ്വതന്ത്രനായപ്പോൾ നൈമിഷികമായ ഒരാനന്ദം തോന്നിയിരുന്നു.

മിസ്സ് നിലീനാ ജോർജിന്റെ ഓർമ്മ, മരുഭൂമിയിലെ ഒരു മരുപ്പച്ചപോലെ മനസ്സിലുണ്ട്. ഒരിക്കൽ കിട്ടിയ മഞ്ഞുതുള്ളി കണക്കിലാവിൽ കിട്ടിയ മഞ്ഞുതുള്ളി കണ്ണിലെ ഹൃദയത്തിൽ സൂക്ഷിച്ചു ജീവിക്കാം—

പക്ഷേ— കണ്ണീരോടെ, കാത്തുനിന്ന ഒരു പൊട്ടിക്കരഞ്ഞ ഭാര്യയുടെ മുഖം മനസ്സിൽ പൊങ്ങിവരുന്നു—

അവളെ വേദനിപ്പിക്കുകമാത്രമേ ചെയ്തിട്ടുള്ളു. ഒരിക്കലെങ്കിലും സന്തോഷത്തോടെ ഒന്നും പറഞ്ഞിട്ടില്ല—

വേദനയുടെ പ്രതീകംപോലെ ആ ഗദ്ഗദങ്ങൾ കടിച്ചമർത്തി അവൾ കഴിയുമ്പോൾ ഒരു പരാജയബോധംകൂടി മനസ്സിൽ വളർന്നുവരികയുണ്ടായില്ലേ?

ഭാര്യയുമായി തെററിപ്പിരിഞ്ഞ ദുർബ്ബലനിമിഷത്തെക്കുറിച്ചു് അയാൾ ദുഃഖത്തോടെ ഓർത്തു—

കണ്ണീർ ഓരോന്നായി അടർന്നുപോകുന്നു— പൊന്തുതടിപോലെ ലക്ഷ്യമില്ലാതെ ഒഴുക്കിൽ അലഞ്ഞുനടക്കാം—

കാലത്തിന്റെ ഓർമ്മകൾ സൂക്ഷിച്ചിരിക്കുന്ന ഈ കുന്നിൻചെരുവിലെ വൃദ്ധകെട്ടിടത്തിലെ പഴയ കോൺക്രീററു് ബെഞ്ചിലുമായി ജീവിതം അവസാനിക്കുന്നു—

തകർച്ചയിൽനിന്നും തകർച്ചയിലേക്കു്— തെരുവുമുറിയിൽനിന്നും ഇരുട്ടുമുറിയിലേക്കു്.

U

# മാടപ്പിറാവു്

BABY K. J., III B. A. Ecs.

മനോഹരമായ രാത്രി. പൗർണ്ണമിച്ചന്ദ്രൻ നീലവാനിൽ വർദ്ധിച്ച ശോഭയോടെ പ്രകാശിക്കുന്നു. അതിനെ വട്ടമിട്ട നക്ഷത്രങ്ങൾ നൃത്തംചവിട്ടുന്നു. പക്ഷേ... സുന്ദരമായ ഈ രാത്രിയിലും ബേബിക്കു് ഉറങ്ങാൻ കഴിഞ്ഞില്ല. അവനുമാത്രം ആ രാത്രി വിഷാദമൂകമായിരുന്നു. ഉറക്കത്തിന്റെ കണികപോലും കൺപീലികളിൽ സ്പർശിക്കുന്നില്ല. സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു.

ആകാശഗംഗയിൽ നീന്തിത്തുടിക്കുന്ന അമ്പിളിയുടെ ഇളംനിലവെളിച്ചം തുറന്നിട്ടിരിക്കുന്ന ജാലകത്തിന്റെ ഇരുമ്പഴികൾക്കിടയിലൂടെ മുറിയിലേക്കു പ്രവേശിക്കുന്നു. പൂന്തയിലിന്റെ മധുരഗാനത്തിന്റെ നേർത്ത അലകൾ കർണ്ണങ്ങളിൽ മാറ്റൊലിക്കൊള്ളുന്നു.

...ആത്മാവിന്റെ കരിന്തിരിയിൽ സ്നേഹത്തിന്റെ എണ്ണ പകർന്നുതന്ന പ്രിയപ്പെട്ട ലാലീ...നിന്നെക്കുറിച്ചു്... ഓർമ്മിക്കാൻപോലും എനിക്കു കരുത്തില്ല. കണ്ണുനീർ ചിറപൊട്ടി ഒഴുകുകയാണു്. ദുഃഖപാരവശ്യത്താൽ തല വേദനിക്കുന്നു. മനസ്സു് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ സ്മരണകളുടെ പിന്നാലെ പായുന്നു.

ലാലീ...എന്റെ പ്രിയപ്പെട്ട ലാലീ. ഒന്നു പറയൂ! സ്നേഹിക്കുന്നതു തെറ്റാണോ?... പറയൂ ലാലീ....പറയൂ അങ്ങനെയെങ്കിലും ഈ ചേട്ടന്റെ ഹൃദയത്തിനു തെല്ലൊരാശ്വാസം ലഭിക്കട്ടെ. മനസ്സിന്റെ ചൂടു് അല്പമൊന്നു ശമിക്കട്ടെ...നിന്നെക്കുറിച്ചോർക്കുമ്പോൾ എരിയുന്ന തീയിൽ എണ്ണയൊഴിച്ചാലെന്നതുപോലെയുള്ള അനുഭവമാണു് എനിക്കുണ്ടാകുന്നതു്. ലോകം ഇത്ര ക്രൂരമാണോ? ഞാനും നീയും ഒരമ്മയുടെ വയററിലല്ല പിറന്നതു് എന്ന കാരണത്താലാണോ സ്നേഹം നമുക്കു നിഷേധിക്കപ്പെട്ടതു്?...നീ എന്റെ അമ്മയുടെ പ്രിയപ്പെട്ട ആങ്ങളയുടെ മകളല്ലേ? അപ്പോൾ എന്റെ കൊച്ചനുജത്തിയായ നിന്നെ സ്നേഹിക്കാൻ എനിക്കു് അവകാശമില്ലേ?...ഇല്ലേ?

...നീണ്ട പന്ത്രണ്ടുവർഷങ്ങൾക്കുമുമ്പു്...ഇന്നത്തെപ്പോലെ ഞാനോർക്കുകയാണു്. സന്തോഷത്തെയും സമാധാനത്തെയും വേദനയുടെ ചുഴിയിൽത്തള്ളുവാൻവേണ്ടി മാത്രം ആ ഓർമ്മകൾ എന്നെ ആലിംഗനം ചെയ്യുകയാണു്. അന്നു് എനിക്കു പന്ത്രണ്ടുവയസ്സുപ്രായം കാണും. ആറാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു. അപ്പനു് സ്ഥലംമാററം കിട്ടിവന്നതു് പ്രശാന്തസുന്ദരവും പ്രകൃതിരമണീയവും ആയ ഈ പട്ടണത്തിലേക്കാണു്. അന്നു് എന്റെ ജീവിതത്തിലെ സുവർണ്ണദിനമാണെന്നു് എനിക്കു തോന്നി. കാരണം സഹോദരി സഹോദരന്മാരില്ലാത്ത എനിക്കു് ഒരു കൊച്ചനുജത്തിയെ കിട്ടി. വെറും അഞ്ചു വയസ്സേ അന്നു നിനക്കുണ്ടായിരുന്നുള്ളൂ. ഞാൻ ഉണ്ണുന്നതും ഉറങ്ങുന്നതും കളിക്കുന്നതും എല്ലാം എല്ലാം നിന്റെ കൂടെയായിരുന്നല്ലോ? നിന്റെ കൈയും കോർത്തുപിടിച്ചു് ആ കിളിക്കൊഞ്ചലുംകേട്ടു നടക്കുക....ഹാ....അതു് എത്ര രസാവഹമായിരുന്നു. ദിവസങ്ങൾ കഴിയുന്നതോടെ നമ്മുടെ സ്നേഹം വളർന്നുകൊണ്ടിരുന്നു. ഒപ്പം നമ്മളും. നിന്റെ ആ ചേട്ടാ എന്ന വിളിയിൽ ഞാൻ എന്റെ സർവ്വ വേദനകളും മറക്കുമായിരുന്നു. ഞാൻ പുളകിതനാകുമായിരുന്നു. എന്നാൽ ഇന്നു് അവ എന്നെ വേദനിപ്പിക്കുകയാണു്. നിന്നെ സ്നേഹിച്ചു എന്ന ഒരേ ഒരു കാരണത്താൽ പ്രിയ ലാലീ...ഞാനിന്നു കണ്ണീർ പൊഴിക്കുകയാണു്. അധികമായാൽ അമൃതും വിഷമാണു്." ആരും ആരെയും അധികമായി സ്നേഹിക്കരുതു്... സ്നേഹിച്ചാൽ...ദുഃഖിക്കും. അതേ...ഞാനിന്നു ദുഃഖിക്കുന്നതു് ആ ഒരു കാരണംകൊണ്ടു മാത്രമാണു്. ആരും എന്നെ ആശ്വസിപ്പിക്കുവാൻ... എട്ടാ എന്നൊന്നു വിളിക്കാൻ...ഇല്ല. ഈ ഉമിത്തീയിൽക്കിടന്നു മരിക്കുന്നതിന്നായിരിക്കാം ഞാൻ ജീവിക്കുന്നതു്.

കാലങ്ങൾ മാറിക്കൊണ്ടിരുന്നു. വസന്തവും വേനലും മഞ്ഞും മാറിമാറിവന്നു. വർഷങ്ങൾ കഴിയുന്തോറും കാലം അതിന്റേതായ കൈവേലകൾ നമ്മിലും പ്രയോഗിച്ചുകൊണ്ടിരുന്നു. നാം അറിയാതെ നമ്മുടെ സ്നേഹവും പരിപുഷ്ടിപ്രാപിച്ചുകൊണ്ടിരുന്നു. പക്ഷേ അതു് നമ്മുടെ പ്രായത്തിനു് ഒരു പ്രത്യാഘാതമായിരുന്നില്ല. കാരണം...നീ എന്റെ കൊച്ചനുജത്തി...ലാലിമോൾ മാത്രമായിരുന്നു അന്നും. സ്നേഹത്തിനു് ഒരു പ്രതിഫലവും ഞാൻ നിന്നിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ ലോകം അതിനെ മറെറാരുതരത്തിൽ വ്യാഖ്യാനിക്കുമെന്നു ചിന്തിക്കാൻപോലും ഞാൻ അശക്തനായിരുന്നു. പ്രിയപ്പെട്ട ലാലീ...നീ ചേട്ടനോടു ക്ഷമിക്കുമോ? നിന്റെ ആത്മാവെങ്കിലും ചേട്ടനു മാപ്പുതരില്ലേ?

